വേദാധികാരനിരൂപണം

ചട്ടമ്പിസ്വാമികൾ

വേദാധികാരനിരൂപണം

ചട്ടമ്പിസ്വാമികൾ

താളിളക്കം

2020

പേര്: **വേദാധികാരനിരൂപണം**

ഭാഷ മലയാളം

രചന: ചട്ടമ്പിസ്വാമികൾ

പ്രസാധകർ: **താളിളക്കം**

ഡിസംബർ 2020

Layout Design: പ്രവീൺ വർമ്മ

Copyleft:

ലാടെക്കിൽ നിർമ്മിച്ചതാണിത്.
ഓൺലൈൻ വായനയ്ക്ക് വേണ്ടി.
ഉബണ്ടു ഓപ്പറേറ്റിങ് സിസ്റ്റത്തിലൂടെ.
കടപ്പാട് : വിക്കിപ്പീഡിയ.

textbfവേദാധികാരനിരൂപണം

വേദസ്വരൂപം

1. ലോകത്തിൽ മിക്കപെരും ഗൗരവമായി വച്ചിരിക്കുന്ന ഗ്രന്ഥം ഏതാകുന്നു എന്നു വിചാരിച്ചാൽ വേദമത്രേ: സന്ദേഹമില്ല. സൃഷ്ടിയിൽ അടങ്ങിയ സകല ജനങ്ങളും നാസ്തികന്മാർ, ആസ്തികന്മാർ എന്നിങ്ങനെ രണ്ടു വകുപ്പിലുൾപ്പെടും. ഈശ്വരനേ ഇല്ല എന്നുള്ളവർ നാസ്തികന്മാർ ആകുന്നു. നാസ്തികവാദം ചെയ്യുന്നവർ ചിലരുണ്ടായിരുന്നാലും വാസ്തവത്തിൽ ആ മതത്തെ ആന്തരമായി വിശ്വസിച്ച് അനുഷ്ടിക്കുന്നവർ ഒരുത്തരും കാണുകയില്ല. ആ പാരാത്പര വാസ്തു ഉണ്ടെന്നു വിശ്വസിച്ചു നടക്കുന്നവർ ആസ്തികന്മാരാകുന്നു. ഇവരുടെ സംഖ്യ വളരെയുണ്ട്. എങ്കിലും ഈശ്വര സ്വരൂപത്തെയും ഈശ്വരനും പ്രപഞ്ചത്തിനുമുള്ള സംബന്ധങ്ങളെയും ഈശ്വരന്റെ ശക്തിഗുണാതിശയങ്ങളെയും കുറിച്ചുള്ള ബോധാചരണങ്ങളിൽ ഇവർ പല വകക്കാരായിരിക്കും.

ഈ വർഗ്ഗങ്ങളിൽ ശ്രൗതന്മാർ, പ്രവഞ്ചവേദികൾ എന്ന രണ്ടു വകുപ്പുകാരപറ്റി പ്രകൃതത്തിൽ വിചാരിച്ചാൽ മതികായും. ധർമ്മാധർമ്മജ്ഞാനമുണ്ടാകുന്നതിലേയ്ക്ക് ഈശ്വരൻ തന്നെ ദയവുചെയ്തു വേദമെന്ന ഒരു പുസ്തകത്തെ നമുക്കു തന്നുവെന്നു വിശ്വസിച്ചിരിക്കുന്നുന്നവരെല്ലാവരും ശ്രൗതന്മാരാണ്. ഇപ്രകാരമല്ലാതെ ഈശ്വരൻ ഒരുത്തൻതന്നെ രക്ഷിതാവെന്നും, അദ്ദേഹം സൃഷ്ടിച്ച പ്രപഞ്ചംതന്നെ വേദമെന്നും വിശ്വചിച്ചിരിക്കുന്നവർ പ്രപഞ്ചവേദികളാണ്. വേദവിഷയത്തെക്കുറിച്ചു വിചാരിക്കുമ്പോൾ ഈ വകുപ്പുകാരുടെ അഭിപ്രായങ്ങളെയും ഒന്നോടൊന്നിപ്പിച്ചു നിരുപണം ചെയ്യുന്നതെ അനാവശ്യകാമയില്ലെന്നു കരുതുന്നു.

2. വേദമെന്നത് എന്ത്? അതിന്റെ കർത്താവ് ആർ? അതിന്റെ സംഖ്യ എത്ര ? അതെങ്ങനെയുള്ളതാണ്. എന്നു വിചാരിക്കുമ്പോൾ അതിനു കർത്താവില്ലെന്നു ചിലരും, അത് ഋഷിപ്രോക്തമെന്നു മറ്റു ചിലരും. അതിനെ ഈശ്വരൻ സൃഷ്ടിച്ചുവെന്നു വേറേ ചിലരും. വേദത്തിനു സംഖ്യയില്ല എന്ന് ഏതാനും ചിലരും. സകല പ്രമാണങ്ങളിലുംവച്ച് വേദം തന്നെ മുഖ്യമെന്ന് ഒരു കൂട്ടരും. അത് മനുഷ്യകർത്ത്യകമാണെന്നു പിന്നെ ചിലരും. ശംബ്ദപ്രമാണങ്ങളിൽ വെച്ച് ഇതു മുഖ്യം തന്നെ എന്നു വരികിലും, പ്രത്യക്ഷാനുമാനാപേക്ഷയാ ഇതു താഴ്ന്തെന്നു ചിലരും വിശ്വസിച്ചിരിക്കുന്നതായി അറിയുന്നതിനാൽ ഈ വിഷയങ്ങളെയെല്ലാം ഒരോന്നായിട്ടു നിരുപണം ചെയ്യേണ്ടത് ആവശ്യമായിരിക്കുന്നു.

3. ഇവിടെ ആദ്യമായി ശബ്ദത്തിന് അർത്ഥമെന്തെന്നാണു വിചരിക്കേണ്ടത്. ഒരു വസ്തുവിന്റെ പൂർണ്ണമായ ബോധം ഉണ്ടാകണമെങ്കിൽ അതിനുള്ള പല നാമങ്ങളുടെ അർത്ഥത്തേയും ഉദ്ദേശത്തേയും ഒന്നായിചേർത്തു യോജിപ്പിക്ക

യെന്നത് ആവശ്യമാകും. ആകയാൽ വേദമെന്ന ശബ്ദത്തിന്റെ അന്തരംഗത്തെ അറിവാനിച്ഛിക്കുന്നവർ അതിന്റെ പര്യായങ്ങളോട് അതിനെചേർത്ത് ആലോചിക്കേണ്ടതാണ്.

വേദം, ശ്രുതി, ആമ്നയം ഈ മൂന്നു പദങ്ങളും ഒരേ അർത്ഥത്തെക്കുറിക്കുന്നതായി അമരകോശകാരൻ പറഞ്ഞിരിക്കുന്നു. ഇവയിൽ വേദമെന്നതിന്റെ നിഷ്പത്തി പറയുമ്പോൾ "വിദന്ത്യനേന ധർമ്മധർമ്മവിതി വേദഃ" യാതൊന്നിന്റെ സഹായത്താൽ ധർമ്മാധർമ്മങ്ങളെ അറിയാനിടയാകുന്നോ അതിനെ വേദമെന്നു പറയുന്നു - എന്നു ചിലരും പറയും. "വേദയതീതി വേദഃ"- വേദിപ്പിക്കുന്നതിനാൽ വേദമെന്നു മറ്റു ചിലരും പറയും. ഈ രണ്ടു നിഷ്പത്തികളിലും ശബ്ദങ്ങൾ വെവ്വേറെ എന്നുവരികിലും അർത്ഥത്തിൽ ഭേദമില്ല. ഇനി 'ബ്രഹ്മം - നിഗമം' ശബ്ദരത്നാവലിയും. 'പ്രവചനം' അന്നു ജടാധരനും ഇതിനു പര്യായങ്ങൾ പറഞ്ഞിട്ടുണ്ട്. 'ബ്രഹ്മവേദേതി ബ്രാഹ്മണഃ" എന്ന പ്രമാണ പ്രകാരം ബ്രഹ്മത്തെ - പരമാത്മാവിനെ താനായി അറിയുന്നവൻ എന്ന വ്യുത്പത്തിയനുസരിച്ചുള്ള ബ്രഹ്മജ്ഞാനിയെ ഒഴിച്ച് ബ്രഹ്മ-ശബ്ദ ബ്രഹ്മ - ത്തെ പഠിച്ചിട്ടുള്ളവൻ ബ്രാഹ്മണ പദവാച്യനായത് ഇതിലെ ബ്രഹ്മശബ്ദത്തിന്റെ സാർത്ഥക്യംകൊണ്ടാണെന്നു മനസ്സിലാക്കാം. വേദമെന്ന ഗ്രന്ഥം ജീവാത്മ പരമാത്മാകളുടെ ഇരിപ്പിനേയും. അവയുടെ സ്വരൂപ സംബന്ധാദികളേയും എങ്ങനെ പ്രകാശിപ്പിക്കുന്നോ അതുപോലെതന്നെ പ്രപഞ്ചവും അവയെ ശോഭിപ്പിക്കുന്നതിനാൽ വേദമെന്നതു പ്രപഞ്ചംതന്നെ: അല്ലാതെ അപ്രകാരം പറയപ്പെടുന്ന പുസ്തകം മാത്രമല്ല എന്നു പ്രപഞ്ചവേദികൾ അഭിപ്രായപ്പെടുന്നു.

മേലും "ശ്രൂയതേ ധർമ്മധർമ്മദികം അനയാ ഇതി ശ്രുതിഃ" - ധർമ്മാധർമ്മാദികൾ ഇതിന്റെ സഹായത്താൽ കേൾക്കപ്പെടുകകൊണ്ട് ഇതിനു ശ്രുതിയെന്നു പേരുവന്നു - എന്നു ചിലരും "ശ്രൂയത ഇതി ശ്രുതിഃ" - ശ്രവിക്കപ്പെടുകയാൽ ശ്രുതിയെന്നായി - അന്നു മറ്റു ചിലരും ഇതിനു നിഷ്പത്തി പറയുന്നു. ഈശ്വരങ്കൽ നിന്നു നേരേ കേൾക്കപ്പെട്ടതുകൊണ്ട് ഇതിനു ശ്രുതി എന്ന നാമം സിദ്ധിച്ചതായി ശ്രൗതന്മാർ പറയുന്നു. പ്രപഞ്ചവേദികളുടെ അഭിപ്രായം വേറെ വിധത്തിലാണ്. എങ്ങനെയെന്നാൽ, വേദങ്ങളിൽ ഭൂരിപക്ഷവും എഴുത്തുകൾ ഏർപ്പെടുന്നതിനു മുമ്പുതന്നെ ഉണ്ടായതുകൊണ്ട് മറ്റു ഗ്രന്ഥങ്ങളെപ്പോലെ ഇതു പുസ്തകങ്ങളിൽ പഠിക്കപ്പെടാതെ ഒരുത്തൻ മറ്റൊരുത്തനും, അവൻ വേറെ ഒരുത്തനും, അദ്ധ്യയനം ചെയ്യിച്ചുതന്നെ 'പ്രവചന'മായി എന്നത്രേ ഇതിനർത്ഥം എന്നു പ്രപഞ്ചവേദികൾ പറയും. വേദമെന്നതിനുള്ള മറ്റൊരു പര്യായം ഈ പ്രപഞ്ചവേദികളുടെ മതത്തെ ആദരിക്കുന്നു. "ആമ്നായതേ പാരംപര്യേണ ഇത്യാമ്നായഃ" - പരംപരയായി അഭ്യസിക്കപ്പെടുകയാൽ ഇതിനെ ആമ്നായമെന്നു പറയുന്നു - എന്ന് ഇതിനു

നിഷ്പത്തി സാധിക്കുന്നു. അച്ഛൻ മകനും; മകൻ പൗത്രനും ഈ മാതിരിയിൽ പാഠം ചൊല്ലി നിലനിന്നു പോരുന്നതിനാൽ ഇതിന് "ആമ്നായം' എന്നു നാമം ഈ രണ്ടുപേരുടേയും മതം ഭിന്നിച്ചിരിക്കയാൽ വേദം പൗരുഷേയമോ അപൗരുഷേയമോ എന്ന് ഒരു വിചാരം ഉണ്ടാകുന്നു.

വേദം പരമാത്മകൃതമെന്നല്ലാതെ മനുഷ്യകൃതമല്ല എന്നു ശ്രൗതന്മാർ അഭിപ്രായപ്പെടും. ഇതിന് ആധാരമായി അവർ പറയുന്ന ഹേതുക്കൾ എന്തെല്ലാമെന്നാൽ :-

1. വേദങ്ങളിൽ പറയപ്പെട്ട സകലവും സത്യമാകയാലും, "സത്യസംഹിതാ വൈ ദേവാഃ, അനൃതസംഹിതാവൈ മനുഷ്യാഃ" - ദേവന്മാർ മാത്രം സത്യവാന്മാർ, മനുഷ്യർ അസത്യവാന്മാർ - എന്നു വേദത്തിൽതന്നെ പറഞ്ഞിരിക്കയാലും, അത് അപൗരുഷേയമയിട്ടേ ഇരിക്കൂ.

2. വേദങ്ങൾക്കു കർത്താവില്ല എന്ന് സ്മൃത്യാദികളിൽ സ്പഷ്ടമായി പറയപ്പെട്ടിരിക്കുന്നതിനാൽ അത് മനുഷ്യ കർത്തൃകമല്ല.

3. നാഗരികത്വം വർദ്ധിച്ച ഇക്കാലത്തുള്ളവരും ആദരിച്ച് ഗൗരവത്തോടെ സ്വീകരിക്കത്തക്ക ഇപ്രകാരമുള്ള ഗ്രന്ഥങ്ങളെ, ജ്ഞാനവും നാഗതികത്വവും ഉണ്ടായിട്ടില്ലാത്ത ആദികാലത്ത് കേവലം മനുഷ്യർ ഉണ്ടാക്കുകയെന്നത് അസാദ്ധ്യമോടിയിലാകയാൽ അതിനെ ദൈവികമെന്നുതന്നെ നിശ്ചയിക്കണം.

4. ദൈവികമായ ധർമ്മഗ്രന്ഥം ഒന്നിരുന്നാലല്ലാതെ മനുഷ്യർക്കു ധർമ്മബോധം ഉണ്ടാകയില്ല. അതിനാൽ ഈ ആവശ്യത്തിന്റെ പേരിൽ അതിനെ ദിവ്യത്വമുള്ളതായി കരുതണം.

5. ഋഷികൾ മുതലായവരാൽ നിർമ്മിക്കപ്പെട്ട ഇതിഹാസപുരാണാദി ഗ്രന്ഥങ്ങളേക്കാൾ ശ്രേഷ്ഠതരമായ പ്രമാണമായിട്ട് ആദിമുതൽക്ക് ആദരിച്ച് നടന്നുവരുന്നവിനാൽ അത് മനുഷ്യകൃതമല്ലെന്നു നിശ്ചയിക്കേണ്ടതാണ്.

ഇനി അനേകം ചില്ലറ ഹേതുക്കളെ അവർ പറയുന്നുണ്ട്.

ഇതിന് നേരേ വിരോധമായി പ്രപഞ്ചവേദികൾ പറയുന്ന ഹേതുക്കളേ കാണിക്കാം.

1. വേദത്തിൽ പറഞ്ഞിരിക്കുന്ന എല്ലവിഷയങ്ങളും സത്യമെന്നുവയ്ക്കാൻ പാടില്ല. അർത്ഥവാദപരമായും. ഉപാഖ്യാനാദി വിഷയമായും ഇരിക്കുന്നവ നോക്കുക. അതിൽ അധികഭാഗവും കർമ്മകാണ്ഡമായിട്ടു കുറച്ചുഭാഗം ബ്രഹ്മകാണ്ഡമായിട്ടും ഇരിക്കുന്നുവെന്ന് എല്ലാവർക്കും അറിയാമല്ലോ. ഈ കർമ്മകാണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ള വിഷയങ്ങളിൽ പലതും ഹേയമായിത്തന്നെ ഇരിക്കുന്നുവെന്ന് പ്രസിദ്ധം. യാഗാദികളിൽ നടക്കുന്ന ഹിംസ എന്തുകാരണത്താലെങ്കിലുമാകട്ടെ. സാധുവാകുമോ? ഒരിക്കലുമില്ല.

"പരോക്ഷവാദോ വേദോ യം

ബാലനാമനുശാസനം."-
ആശയാന്തരത്തെ ഗർഭീകരിച്ച് 'ഗുഡജീഹ്വികാ' ന്യായേനകർമ്മത്തിൽ നിന്ന് നിവർത്തിപ്പിക്കുന്നതിനായി മാത്രം വേദം ക്രിയമാർഗ്ഗം നിർദ്ദേശിക്കുന്നതേ ഉള്ളു - എന്നും,
"തേ മേ മതമവിജ്ഞായ
പരോക്ഷം വിഷയാത്മകാഃ
വൃഥാ പശൂൻ വിഹിംസന്തി
പ്രേത്യ ഖാദന്തി ത ച താൻ"
ഇപ്രകാരം നിഗൂഢമായിരിക്കുന്ന ഭഗവദഭിപ്രായം ഗ്രഹിക്കാതെ വിഷയഭ്രാന്തന്മാരായവർ ഹിംസാമയമായ യജ്ഞമനുഷ്ഠിക്കുകയും ആ യജ്ഞീയ പശുക്കൾ ഭവാന്തരത്തിൽ ആ യാഗകർത്താക്കളെ കൊന്നുതിന്നുകയും ചെയ്യുന്നു എന്നും ശ്രീമദ്ഭാഗവതം പറയുന്നു.
"ന ഹിംസ്യാദിത്യേതദ് ധ്രുവമതിതഥം വാക്യമബുധൈരഥാഗ്നീഷോമീയം പശുമിതി തു വിപ്രൈർന്നിഗദിതം" -
സാധിഷ്ഠവും യഥാർത്ഥവുമായ 'മാ ഹിംസ്യാത് സർവ്വാഭൂതാനി' എന്ന വേദവിധിയെ ഉത്സർഗ്ഗമാക്കി 'അഗ്നീഷോമീയം പശുമാലഭേത' എന്ന വാക്യം വിശേഷവിധിയാകയാൽ, അതിനെ ബാധിക്കുന്ന വിധം (അപവാദകമാക്കി) മൂർഖന്മാരായ വിപ്രർവാദിക്കുന്നു എന്നു പറഞ്ഞ് ബ്രഹ്മനന്ദസരസ്വതി യജ്ഞീയ പശുഹിംസയേയും അപലപിക്കുന്നു. 'സർവ്വാണി' എന്നതിന്റെ സ്ഥാനത്ത് 'സർവ്വാ ഭൂതാനി' എന്നത് ഛാന്ദസമാണ് ഇത് ഭിന്നവിഷയമാകയാൽ ബാധകം ഇല്ലെന്ന് ആചാര്യ വാചസ്പതിമിശ്രൻ പറയുന്നു. മേൽ പറഞ്ഞപ്രകാരം കല്പിക്കയാൽ "പശുസമഃ" എന്ന് ഇവർക്ക് ഭട്ടതിരിപ്പാടിൽനിന്ന് അഭിധാനം നൽകിയിരിക്കുന്നതായി കാണുന്നുണ്ടെന്നുള്ളത് വലിയ ആശ്വാസംതന്നെ. യജ്ഞീയ പശുഹിംസയും ഹിംസതന്നെയെന്നാണ് യോഗസൂത്രവൃത്തികാരന്റെ അഭിപ്രായം.
ഇതിനെല്ലാം പുറമേ, -
"മമ നാമ്നാ അഥവാ യജ്ഞേ
പശുഹത്യാം കരോതി യഃ;
ക്വാപി തന്നിഷ്കൃതിർ നാസ്തി
കുംഭീപാകവാപ്നുയാൽ
ദൈവേ പൈത്രേ തഥാത്മാർത്ഥേ
യഃ കുര്യാത് പ്രാണിഹിംസനം
കല്പകോടിശതം ശേഭോ!

രൗരവേ സ വസേദ് ധ്രുവം.
യൂപേ ബദ്ധ്വാ പശൂൻ ഹത്വാ
യഃ കുര്യാദ്രക്ത കർദ്ദമം
തേന ചേൽ പ്രാപ്യതേ സ്വർഗ്ഗോ
നരകഃ കേന ഗമ്യതേ”

ശക്തിപൂജയെന്ന വ്യാജത്താലാകട്ടെ, യാഗത്തിനെന്നുവെച്ചാകട്ടെ പ്രാണിവധം ചെയ്യുന്നവർക്ക് കുംഭീപാകനരകമൊഴിച്ച് പ്രായശ്ചിത്തമില്ല; യാഗം, പിതൃകർമ്മം, ഉദരപൂരണ ഇതിൽ ഏതിനെ ആസ്പദമാക്കിയാലും പ്രാണിഹിംസ ചെയ്യുന്നവർ രൗരവനരകത്തിൽതന്നെ കിടക്കേണ്ടിവരും; യൂപത്തിന്മേൽ (യജ്ഞശാലയുടെ പൂർവ്വദ്വാരത്തിന് ഇടത്തുമാറി പ്രതിഷ്ഠിക്കപ്പെടുന്നതും 'ശമിതാ' എന്നു പറയുന്ന കൂട്ടരായ ആ കശാപ്പുകാരാൽ നവദ്വാരബന്ധനപൂർവ്വം മർമ്മസന്ധി മർദ്ദിച്ചു കൊല്ലപ്പെടുന്ന യജ്ഞീയ പശുവിന്റെ ബന്ധനത്തിനുള്ളതും ആയ സ്തംഭത്തിന്മേൽ) യജ്ഞപശുവിനെ കെട്ടി, അനന്തരം കൊലപ്പെടുത്തി, രക്തപങ്കം ഉണ്ടാക്കുന്നവർക്ക് ഇത് സ്വർഗ്ഗവാതിൽ തുറന്നുകൊടുക്കുമെങ്കിൽ പിന്നെ നരകദ്വാരം തുറക്കുന്നതിനുള്ള കർമ്മം ഏതായിരിക്കുമെന്നറിയുന്നില്ല - എന്ന് പാദ്മോത്തരത്തിലെ ശ്രീപാർവ്വതി പരമേശ്വര സംവാദം പറയുന്നു. യാഗത്തെക്കുറിച്ച് ഇതിലധികമായി ആക്ഷേപിക്കുന്നതിന് പാരമർഷവചനത്തിനു കഴിവില്ലല്ലൊ.

പൗണ്ഡരീകയാഗത്തിൽ വിധവയും ബ്രഹ്മചാരിയും ചേർന്നു നടത്തുന്ന സംഭോഗത്തേയും, ”അശ്വസ്യശിശ്നം പത്ന്യാ ഉപസ്ഥേ നിധത്തേ” എന്ന് അശ്വമേധ പ്രകരണം പറയുന്നതിനേയും ”മഹാവ്രതാഖ്യ യജ്ഞേ ബ്രഹ്മചാരീത്വര്യോരതമഭിമതം എന്നതിലെ ബ്രഹ്മചാരിയും കുലടയും തമ്മിലുള്ള സംയോഗത്തിന്റെ സമ്മതിയേയും, ആയിരം വേദങ്ങൾ ആദരിച്ചു, എന്നുവരികിലും പരിശുദ്ധന്മാർ ആദരിക്കയില്ല. അതുകൊണ്ടല്ലയോ വേദത്തിൽ കാലദേശാദികളെ കണക്കാക്കാതെ പൊതുവായി വിധിച്ചിരിക്കുന്ന പല കാര്യങ്ങളേയും പല ധർമ്മശാസ്ത്രജ്ഞന്മാർ നിഷേധിപ്പാൻ തുനിഞ്ഞത്.

”അശ്വാലംഭം ഗവാലംഭം
സംന്യാസം പലപൈതൃകം;
ദേവരേണ സുതോത്പത്തീം
കലൗ പഞ്ചവിവർജ്ജയേത്”

കലിയുഗത്തിൽ അശ്വമേധം, ഗോമേധം, സംന്യാസം, ശ്രാദ്ധത്തിൽ മാസംഭോജനം, ദേവരങ്കൽനിന്നു പുത്രോത്പത്തി ഈ അഞ്ചുകാര്യങ്ങളേയും മാറ്റേണ്ടത്താണ് - എന്നുണ്ടായ നിഷേധംകൊണ്ട് വേദത്തിൽ പറയപ്പെട്ട

വിഷയങ്ങൾക്കും ന്യൂനതയുണ്ടെന്നു കാണുന്നു. ഇതിരിക്കട്ടേ, ക്രിസ്ത്യന്മാർ ബൈബിളിനേയും, മഹമ്മദീയർ ഖുറാനെയും, ഹിന്ദുക്കൾ വേദത്തേയും ഭഗവദ്പ്രോക്തമെന്നു കൊണ്ടാടുന്നുണ്ടെന്നു പ്രസിദ്ധം. ഈ മൂന്നിൽ പറഞ്ഞിരിക്കുന്ന വിഷയങ്ങളിൽ പലതും, ഒന്നിനൊന്നു നേരേ വിരുദ്ധമായിരിക്കുന്നു എന്നുള്ളത് ലോകപ്രസിദ്ധമാകയാൽ അതിലേയ്ക്ക് ഉദാഹരണം കൊടുത്തിട്ടാവശ്യമില്ല. ഇങ്ങനെ അന്യോന്യം വിരുദ്ധമായിരിക്കുന്ന രണ്ടു വിഷയങ്ങളും യഥാർത്ഥമായിരിക്കൽ സാദ്ധ്യമല്ലല്ലോ. അപ്രകാരമെല്ലെങ്കിൽ അസത്യം കൂടി ഒരു വേദത്തിൽ പറഞ്ഞിട്ടുള്ളതായി വരുന്നതാണല്ലോ. ആ ഭാഗവും ഭഗവദ്പ്രോക്തമെന്നു വെയ്ക്കാമോ? ശ്രുതികളെന്നുവച്ചിരിക്കുന്ന ഈ മൂന്നിൽ ഒന്നും രണ്ടും ഈശ്വരകൃതമല്ല എന്നായാൽ മറ്റൊന്നുമാത്രം ഈശ്വരകൃതമെന്നെങ്ങനെ വരും? ഇരി, അതതിലെ പൂർവ്വികന്മാർ വിശ്വസിച്ചുതന്നെ ശരിയെന്നു നിശ്ചയിക്കേണമെന്നാണെങ്കിൽ അതു കേവലം ദുരഭിമാനമെന്നല്ലാതെ വിവേകത്തിനടുത്തതല്ലല്ലോ. ആകയാൽ അവയിൽ ഇന്നത് ഭഗവൽ പ്രോക്തം ഇന്നത് മനുഷ്യപ്രോക്തം എന്നതിന് നിരാക്ഷേപമായ ആധാരം ഏർപ്പെടുത്താത്ത കാലത്തോളം അവയിൽ ഒന്നും തന്നെ ഈശ്വരപ്രോക്തമായി ഗണിച്ചുകൂടാ. എല്ലാം മനുഷ്യകൃതമെന്നു വയ്ക്കുന്നത് യുക്തിക്കും വിവേകത്തിനും അടുത്ത കാര്യമായിരിക്കും. ഭഗവദ് പ്രണീതമെന്നു ഗണിക്കപ്പെടാത്ത ഗ്രന്ഥത്തിൽതന്നെ അതു ഭഗവൽപ്രോക്തമെന്ന് എഴുതിയിരുന്നാലും അതുകൊണ്ടു ഫലമെന്താണുള്ളത്? പ്രപഞ്ചവേദിയല്ലാത്ത പ്രകൃതത്തിലുള്ള ഗ്രന്ഥകർത്താക്കളിൽ ഓരോരുത്തർ ചെയ്തിരിക്കുന്ന ഗ്രന്ഥം ഈ വേദങ്ങളിൽ എല്ലാവറ്റേക്കാളും വിസ്താരമായിരിക്കുന്നതിനേയും വേദകർത്താക്കളിൽ ഓരോരുത്തരും ചെയ്തഭാഗം സ്വല്പമായിരിക്കുന്നതിനേയും ആലോചിക്കേണ്ടതുണ്ട്. ഇനിയും ഇതു പ്രാചീനമായി ഏർപ്പെട്ടു നടന്നുവരുന്നല്ലോ എന്നുവെച്ച് ഭഗവത് പ്രോക്തമെന്നു നിരൂപിക്കാൻ പാടില്ല. എന്തെന്നാൽ സാധരണ ജനങ്ങളുടെ കൂട്ടത്തിൽ ഒന്നു രണ്ടു പണ്ഡിതന്മാരിരുന്നാൽ അവരെ മറ്റുള്ളവർ ദേവാംസമെന്നു നിശ്ചയിക്കുന്നത് ആശ്ചര്യമല്ല. ഇപ്രകാരമുള്ള പതിവു നമ്മുടെ ദേശത്തു മാത്രമല്ല, ഗ്രീസ്, റോമ, ഇംഗ്ലണ്ടു മുതലായ സ്ഥലങ്ങളിലും പൂർവ്വകാലത്തുണ്ടായിരുന്നതായി ചരിത്രങ്ങൾ തെളിയുന്നു. ഇപ്രകാരം സാധാരണന്മാരാൽ ഈശ്വരനെന്നു മതിക്കപ്പെട്ട മനുഷ്യരാൽ വേദങ്ങൾ നിർമ്മിക്കപ്പെട്ടു എന്നുവച്ച് അതിനെ ആക്ഷേപിക്കേണ്ട ആവശ്യമില്ല. ഭഗവദാവേശത്താൽ മനുഷ്യർ പറയുന്നതിനെയും ഭഗവത് പ്രോക്തമെന്നുതന്നെ സമ്മതിക്കേണമെന്നു ചിലർ പറഞ്ഞേക്കാം. പാമരന്മാർ, ഭ്രാന്തന്മാർ, കുടിയന്മാർ ഇവർക്കല്ലാതെ വേറേ ആർക്കും ആവേശമുണ്ടാകുന്നത് അസാദ്ധ്യമാകയാൽ ആ സ്ഥിതിയിലുള്ളവർ വേദപ്രണേതാക്കളെന്ന് ഒരുത്തരും സമ്മതിക്കയില്ല. അഥവാ സമ്മതിച്ചാലും

അതിനു ഒരു ഗൗരവവുമില്ല. ധാരണാബുദ്ധി സിദ്ധിക്കുന്നതു ഭഗവത് പ്രസാദത്താലകയാൽ മേധാവികൾ ചെയ്യുന്നതിനെ ദേവകൃത്യമായി സമ്മതിക്കേണമെന്നു ചിലർ പറയും. അങ്ങനെയെങ്കിൽ നമുക്കു ധാരണാബുദ്ധി, വിവേകപ്രാപൂര്യം മുതലായ സകലവും ഭഗവത്കടാക്ഷത്താൽ തന്നെ ഉണ്ടാകുന്നതിനാൽ നാം എഴുതുന്നതിനെയെല്ലാംകൂടി ഭഗവത്പ്രോക്തമെന്നും വേദമെന്നും പറയാമോ?
ഇനിയും ധർമ്മാധർമ്മങ്ങളെ നാം അറിഞ്ഞുകൊള്ളുവാൻ ഒരു സാധനം ആവശ്യമാണെന്നുള്ളതു യഥാർത്ഥമത്രേ. ഈശ്വരൻ പ്രപഞ്ചത്തെത്തന്നെ അപ്രകാരമുള്ള സാധനമായിട്ടു സൃഷ്ടിച്ചിരിക്കുമ്പോൾ നാം അന്യസാധനങ്ങളെ അപേക്ഷിക്കുന്നതു കേവലം അലസ സ്വഭാവത്തെ കാണിക്കുന്നതാകുന്നു. അവനവൻ സ്വപ്രയത്നത്താൽ പ്രപഞ്ചത്തേ പരിശോധിച്ച് രക്ഷപ്പെടുന്നതു ദുസ്സാധമാകയാൽ ഒരു പുസ്തകരൂപകായ സാധനം ദൈവികമായുണ്ടായിരുന്നാൽ ഉത്തമമല്ലയോ എന്നു ചോദിച്ചാൽ ഉണ്ടായിരുന്നെങ്കിൽ നല്ലതുതന്നെ. ഇല്ലാത്തപ്പോൾ ഉള്ളതായിട്ട് ആരോപിച്ചുകൊള്ളുന്നതിൽ പ്രയോജനമുണ്ടോ? പുസ്തകരൂപമായ സാധനത്തെ തരുന്നതിനേക്കാൾ ഈശ്വരൻ തന്നെ മൂർത്തിമാനായിവന്നു ദയവുചെയ്ത് ധർമ്മങ്ങളെ ഉപദേശിക്കുമെങ്കിൽ അത് സർവ്വോത്തമമല്ലയോ? എങ്കിലും അതു സാദ്ധ്യമാണോ?
ഋഷിമാർ പുരാണാദിഗ്രന്ഥങ്ങളെ വേദത്തിന്റെ ഉപപ്രമാണമെന്നു പറഞ്ഞതിനാൽ ഗൗണസാക്ഷ്യത്തേക്കാൾ മൂലസാക്ഷ്യം പ്രധാനമെന്ന് ഗൗരവബുദ്ധ്യാ ഗ്രഹിക്കപ്പെടണം; അല്ലാതെ ഭഗവത് പ്രോക്തമെന്ന് പറഞ്ഞതുകൊണ്ടുമാത്രം അത് അപ്രകാര പരിണമിക്കുമോ? ആദിവിവേകികൾ ശ്രമപ്പെട്ടു കണ്ടറിഞ്ഞു പറഞ്ഞ വിഷയങ്ങളിൽ നിരാക്ഷേപകരങ്ങളായ ഭാഗങ്ങളെ അംഗീകരിക്കയും ഗൗരവബുദ്ധ്യാ സ്വീകരിക്കയും ചെയ്യേണ്ടത് നമ്മുടെ സ്ഥിതിക്ക് അടുത്ത കാര്യം തന്നെ. ഭഗവത്പ്രോക്തമല്ലെന്നുള്ളതു കൊണ്ടുമാത്രം ആക്ഷേപകരമായിത്തീരുന്നതുമല്ല. അതിലുള്ള ഗുണങ്ങളെ ആദരിച്ചനുഷ്ഠിക്കുന്നതുതന്നെ നമുക്കു സുലഭമായും പ്രയോജനകരമായും ഇരിക്കുമെന്നതിൽ സന്ദേഹമില്ല. ഇനി, വേദബാഹുല്യത്തേക്കുറിച്ചു നോക്കാം. "അനന്താവൈ വേദാഃ" എന്ന പ്രമാണത്താൽ വേദങ്ങൾക്കു സംഖ്യയില്ലെന്ന് ശ്രൗതന്മാർ പറയുന്നു. ഇതിനെപറ്റി പ്രപഞ്ചവേദികൾക്കുള്ള അഭിപ്രായത്തെ കാണിക്കാം. ശബ്ദാർത്ഥപ്രകാരം ഈശ്വരന്റെ ഇരിപ്പിനേയും ധർമ്മാധർമ്മങ്ങളേയും വെളിപ്പെടുത്തുന്നവയെല്ലാം വേദങ്ങൾ തന്നെ. എന്നാലും അപ്രകാരം പ്രകാശിപ്പിക്കുന്നതിൽ പ്രപഞ്ചത്തേക്കാളും വിശേഷപ്പെട്ടതൊന്നുമില്ല. ആകയാലും പ്രപഞ്ചത്തിന്റെ വിസ്താരത്തേയും അതിലടങ്ങിയ പദാർത്ഥങ്ങളേയും ഒരിക്കലും കണക്കിട്ടു നിർണ്ണയിക്കാൻ കഴിവില്ലയ്കയാലും, പ്രപഞ്ചമായ വേദത്തിന് പരിമിതിയില്ല എന്നത് ഈ

വാക്യത്തിന്റെ ഉദ്ദേശം എന്നല്ലാതെ പുസ്തകരൂപമായ വേദത്തിന് അളവില്ല എന്നതു ഘടിക്കുന്നില്ല.

വേദപ്രാമാണ്യം

ഇനി വേദപ്രാമാണ്യസ്വരൂപത്തെക്കുറിച്ചു - പറയാം. പ്രത്യക്ഷാനുമാന ശബ്ദങ്ങൾ എന്ന മൂന്നു വക പ്രമാണങ്ങളിൽ വെച്ച് "വേദം" എന്നതു ശബ്ദപ്രമാണത്തിൽ ചേർന്നിരിക്കുന്നു എന്നതിൽ സന്ദേഹമില്ലല്ലോ. ഈ മൂന്നുവിധ പ്രമാണങ്ങളുടെ താരതമ്യത്തെ അറിഞ്ഞാൽ വേദത്തിന്റെ സ്വരൂപം തന്നത്താനേ അറിയാറാകും. ദേവദത്തൻ ഭക്ഷിച്ചതിനെ ഞാൻ നേരിട്ടു കണ്ടപക്ഷത്തിൽ അതിനെക്കുറിച്ച് എനിക്കുണ്ടായ ജ്ഞാനം പ്രത്യക്ഷപ്രമാണജനിതമാകും. അവന്റെ വയറു വീർത്തിരിക്കകൊണ്ട് ഭക്ഷിച്ചിരിക്കണം, എന്നാണൂഹിക്കുന്നതെങ്കിൽ അത് അനുമാനജന്യജ്ഞാനമാകും. അവൻ ഭക്ഷിച്ചതായി പലരും പറഞ്ഞു ഞാൻ കേട്ടുവെങ്കിൽ അതു ശബ്ദജന്യജ്ഞാനമാകും. ഒരുത്തന്റെ വയറു വീർത്തിരിക്കുന്നതിനു കാരണം ഭക്ഷണം മാത്രമല്ല. വായു, അജീർണ്ണം ഈ കാരണാന്തരങ്ങളും, അതിനു സംഭവിക്കാവുന്നതാണ്. അതിനാൽ ഭക്ഷിച്ചതായിരിക്കാമെന്നു സിദ്ധാന്തിച്ചാൽ പലപ്പോഴും തെറ്റിപ്പോയി എന്നുവരും. ഭക്ഷിച്ചത്തയി മറ്റൊരുവൻ പറയുമ്പോൾ അങ്ങനെ പറയുന്നവൻതന്നെ ശരിയായി ഗ്രഹിക്കാതിരിന്നു എന്നും വരാം. ശരിയായി ധരിച്ചിരുന്നാലും നമ്മെ കളിപ്പിക്കുന്നതിലേയ്ക്ക് അങ്ങനെ പറഞ്ഞു എന്നും വരാവുന്നതാണ്. അല്ലെങ്കിൽ അവൻ ശരിയായി പറഞ്ഞിട്ടും നാം തെറ്റിദ്ധരിച്ചു എന്നു വന്നാലും ആയി.ആകയാൽ പ്രത്യക്ഷജ്ഞാനം ഉത്തമമായതെന്നും, അനുമാനജ്ഞാനം മദ്ധ്യമമായതെന്നും, ശബ്ദജന്യജ്ഞാനം അധമമായതെന്നും, പ്രത്യക്ഷത്തിനു വിരുദ്ധമാകാത്തപ്പോഴും ശബ്ദത്തെ പരിശോദിക്കണമെന്ന് ആവശ്യപ്പെട്ടപ്പോഴും അനുമാനം ഗ്രാഹ്യമെന്നും, പ്രത്യക്ഷാനുമാനങ്ങൾ സിദ്ധിക്കാത്തപ്പോഴും അവയാൽ ബാധിക്കപ്പെടാത്തപ്പോഴും മാത്രം ശബ്ദം ഗ്രാഹ്യമെന്നും സകല ദേശങ്ങളിലും വഴങ്ങിവരുന്ന ന്യായ ശാസ്ത്രങ്ങളിൽ വിധി ഏർപ്പെട്ടിരിക്കുന്നു. ഇതര ശബ്ദപ്രമാണങ്ങളെ അപേക്ഷിച്ച് വേദത്തിനു പ്രാബല്യം ഇരിക്കാമെങ്കിലും പ്രത്യക്ഷാനുമാനങ്ങളെ അപേക്ഷിച്ച് അതു ദുർബലം തന്നെയാണ്. ഇക്കാരണത്താലത്രേ അനുഭവ വിരുദ്ധമായ വേദഭാഗങ്ങളെ അർത്ഥവാദമെന്നു ഭാഷ്യകാരന്മാർ ഒരുക്കിവച്ചത്. ഇനി ഇപ്പറഞ്ഞ സംഗതികൾക്കു ന്യായമായ സമാധാനത്തോടുകൂടി നിരാക്ഷേപമായ പ്രമാണങ്ങളെക്കാണിക്കാം. ഗീതോപനിഷത്തുകളിലും മാണ്ഡുക്യാതാപനീയാദി ശ്രുതികളിലും "ഓമിത്യേകാക്ഷരം ബ്രഹ്മ" "ഓമിത്യേതദക്ഷരമിദം സർവ്വം" എന്നു പറഞ്ഞിരിക്കുന്നു. വ്യാകരണശാസ്ത്രമുറയ്ക്കു നോക്കുമ്പോൾ 'ഓം' എന്ന അക്ഷരത്തിന്റെ അർത്ഥം പ്രകാശരൂപമായം എല്ലാത്തിനേയും രക്ഷിക്കുന്നതായും ഇരിക്കുന്നു. ബ്രഹ്മം ഇപ്രകാരമുള്ളതെന്ന് താത്പര്യമാകയാലും 'ഓം' എന്ന അക്ഷരം ബ്രഹ്മത്തിന്റെ വാചകവും, ആ മുറയ്ക്കു ബ്രഹ്മം പ്രണവത്തിന്റെ വാച്യവുമാകുന്നു. അന്യോന്യം അത്യന്തഭേദമുണ്ടാ

യിരുന്ന എങ്കിൽ വാചകമായ "ഓം" അക്ഷരത്തിനും വാച്യമായ ബ്രഹ്മത്തിനും ഇങ്ങനെ ഒരു അഭേദം മാണ്ഡൂക്യാദ്യുപനിഷത്തുകളിൽ പറയപ്പെട്ടുകയില്ലായിരുന്നു. എന്നാൽ യുക്തിപ്രകാരം നോക്കുമ്പോൾ കുറച്ചു ഭേദം ഇല്ലാതെയിരിക്കുന്നുമില്ല. എങ്കിലും ഈ പ്രണവത്തിന്റെ ശരിയായ അനുസന്ധാനാനുഷ്ഠാനങ്ങളെക്കൊണ്ട് ഏവർക്കും അഭയബ്രഹ്മപ്രാപ്തി ഉണ്ടാകുന്നതിനാൽ മുഖ്യസംഗതിയെ മാത്രം സാരമായിട്ടു നോക്കി ഇപ്രകാരം പറഞ്ഞിരിക്കുന്നു. ഇതിലേയ്ക്കു ഉപനിഷത്തുക്കൾതന്നെ പ്രമാണം.

ഇനിയും,

"ഏക ഏവ പുരാ വേദഃ
പ്രണവഃ സർവ്വവാങ്മയഃ

പൂർവ്വത്തിൽ സർവ്വവാങ്മയമായിരിക്കുന്ന പ്രണവം ഒന്നു തന്നെ വേദം എന്നു പറയുന്നു. ഈ പ്രണവം ബ്രഹ്മാഭേദമായിട്ടുള്ളതെന്ന് മുമ്പു കാണിച്ചല്ലോ; ആ ന്യായത്താൽ ഈ പ്രണവരൂപവേദത്തിനു ആദ്യന്തം ഇല്ല.

"ബ്രാഹ്മണഃ പ്രണവം കുര്യാ-
ദാദാവന്തെ ച സർവ്വദാ;
സ്രവത്യനോംകൃതം പൂർവ്വം
പുരസ്താച്ച വിശീര്യതേ. - (മനു. 2.74)

ബ്രാഹ്മണൻ വേദോച്ചാരണം ചെയ്‌വാനാംരംഭിക്കുമ്പോഴും പാഠം അവസാനിപ്പിക്കുംമ്പോഴും പ്രണവത്തെ ഉച്ചരിക്കണം. ആദ്യം അങ്ങനെ ചെയ്യാതിരുന്നാൽ ഉച്ചരിച്ച വേദം അൽപാൽപമായി മറന്നുപോകും. അവസാനത്തിൽ ചെയ്യാഞ്ഞാൽ ഓർമ്മയിൽ' നിൽക്കയില്ല - എന്നു പറഞ്ഞിരിക്കുന്നു.

"ക്ഷരന്തി സർവ്വ വൈദിക്യോ
ജുഹോതി യജതി ക്രിയാഃ,
അക്ഷരം ദുഷ്കരം ജ്ഞേയം
ബ്രഹ്മ ചൈവ പ്രജാപതിഃ" (മനു - 2.84)

വേദത്തിൽ വിധിക്കപ്പെട്ടിരിക്കുന്ന യജ്ഞാഹവനാദി ക്രിയാകലാപങ്ങളെല്ലാം നശ്വരങ്ങളായ ഫലങ്ങളെ കൊടുക്കുന്നവയാകയാൽ അവ നശ്വരങ്ങളെന്നും പ്രണവം പരമാത്മസ്വരൂപത്തെ മനസ്സിലാക്കി മോക്ഷത്തെ കൊടുക്കുന്നതാകകൊണ്ട് അത് അനശ്വരമെന്നും ബ്രഹ്മാവിനാൽ പറയപ്പെട്ടിരിക്കുന്നു.

ഇവയിൽ ആദ്യത്തെ ശ്ലോകത്തിൽ വേദം ഓതുന്നതിനു മുമ്പും പിമ്പും ഉച്ചരിക്കണമെന്നുള്ളതും, അടുത്ത ശ്ലോകത്തിൽ പരമത്മസ്വരൂപത്തെ മനസ്സിലാകി മോക്ഷത്തെ കൊടുക്കുന്നതെന്നുള്ളതും ആയ പ്രണവ (വേദ)ത്തിന്റെ ഈശ്വരീതിയിലുള്ള ചിന്തയുടെ ഫലപ്രാധാന്യേന നോക്കുമ്പോഴും മേൽപ്രകാരം ബ്രഹ്മഭേദ

മായുള്ളതെന്ന ന്യായം കിട്ടുന്നു.
”വ്യക്താവ്യക്തനിരൂപിതം ച പരമം
ഷട്ത്രിംശ തത്ത്വാത്മകം.
തസ്മാദുത്തരതത്ത്വമക്ഷരമിതി
ധ്യേയം സദാ യോഗിഭിഃ;
ഓങ്കാരാദിസമസ്തമന്ത്രജനകം
സൂക്ഷ്മാതിസൂക്ഷ്മം പരം
വന്ദേ പഞ്ചമമീശ്വരസ്യ വദനം
ഖവ്യാപി തേജോമയം.”–
'സച്ച ത്യച്ചാഭവത്'' എന്ന ശ്രുതി പറയുംപ്രകാരം വ്യക്താവ്യക്ത - കാര്യ കാരണ - രൂപമായും സർവ്വോത്തമമായും, ഷട്ത്രിംശൽതത്ത്വരൂപമായി പറയുന്നെങ്കിലും തത്ത്വാതീതമായും, കാലത്രയാബാധ്യമായും, ത്രിപുടിയറ്റതെങ്കിലും യോഗിധ്യേയമെന്നു വ്യവഹരിക്കപ്പെടുന്നതായും, പ്രണവം മുതലായ മന്ത്രങ്ങളുടെ എല്ലാം മൂലസ്ഥാനമായും, വിചാരധാരയെ അതിവർത്തിക്കുമാറ് അതിസൂക്ഷ്മമായും സർവ്വവസ്തുക്കൾക്കും ഇടം കൊടുത്ത് ബാഹ്യാഭ്യന്തരഭേദം കൂടാതെ അതിൽ ആകാശംപോലെ വ്യാപിച്ചതായും, ജഡവസ്തുക്കൾക്ക് സത്താ സ്ഫൂർത്തി - വിളക്കം - ഉണ്ടാക്കുന്നതായും ഇരിക്കുന്ന ഈശ്വരന്റെ പഞ്ചമമുഖരൂപ ബ്രഹ്മത്തെ ധ്യാനിക്കുന്നു, ഇത്യാദി ന്യായങ്ങളാൽ ബ്രഹ്മഭേദമായുള്ളതെന്നു സിദ്ധിച്ച പ്രണവാത്മകമയ വേദത്തിന് ആദ്യന്തമില്ലെന്നും അത് മനുഷ്യകർതൃക-പൗരുഷേയ-മല്ലെന്നും, ഈശ്വരങ്കൽനിന്നു ആവിർഭവിച്ചതെന്നും, സർവ്വപ്രമാണാതീതവും സർവ്വോത്കൃഷ്ടവും ആണെന്നും തീർവ്വപ്പെടുത്താവുന്നതാണ്.
'അപരാ ഋഗ്വേദോ യജുർവ്വേദഃ സാമവേദോ അഥർവ്വവേദഃ; ശിക്ഷാ കല്പോ വ്യാകരണം നിരുക്തം ഛന്ദോ ജ്യോതിഷം. അഥ പരാ യയാ തദക്ഷരമധിഗമ്യതേ (മുണ്ഡകോപനിഷത്).
ഋഗ്വേദവും, യജുർവേദവും, സാമവേദവും, അഥർവ്വവേദവും പ്രധാനങ്ങളല്ല; ശിക്ഷ, കൽപം, വ്യാകരണം, ഛന്ദസ്സ്, ജ്യോതിഃശാസ്ത്രം, നിരുക്തം എന്ന വേദാംഗങ്ങളും പ്രധാനങ്ങളല്ല; യാതൊന്നിനാൽ ആ ശാശ്വരവസ്തു പ്രാപിക്കപ്പെടുന്നോ അതാണ് പ്രധാനമായിട്ടുള്ളത്.
'ന വേദം വേദ ഇത്യാഹുർ
വേദേ വേദോ ന വിദ്യതേ
പരാത്മാ വേദ്യതേ യേന
സ വേദോ വേദ ഉച്യതേ'.
(പരമാത്മ പ്രതിപാദകമല്ലാത്ത) വേദത്തെ വേദമെന്നു പറഞ്ഞുകൂടാ. (ആ) വേദ

ത്തിൽ (പരമാത്മാനുഭവജ്ഞാനം) വേദം ഇല്ല. യാതൊന്നുകൊണ്ടു പരമാത്മവിനെ അറിയാൻ കഴിയുമോ അതിനെ വേദമെന്നു പറയുന്നു. - ഇത്യാദി പ്രമാണങ്ങളാൽ, വിചാരജ്ഞാനഫലമായിരിക്കുന്ന ബ്രഹ്മസാക്ഷാത്ക്കരാവസ്ഥയ്ക്ക് (വേദത്തിന്) ആദിമധ്യാന്തം, കർത്താവ്, ജനനകാലം മുതലായ യാതൊന്നും ഇല്ല.

ഇനി ഋഷിപ്രോക്തമെന്നും മനുഷ്യപ്രോക്തമെന്നും ഉള്ളതിന്റെ കാരണം:- വേദഭാഗങ്ങളിൽ ഋഷി - മനുഷ്യ - പ്രോക്തമെന്നതിന് അനേകം നിദർശനങ്ങൾ ഉണ്ട്. ഇവയിലെ ഓരോരോ മന്ത്രത്തിനും ഛന്ദസ്സ് (37) ഉണ്ടെന്നുള്ളത് മിക്കവാറും പ്രസിദ്ധമാണല്ലൊ. ഈ സൂക്തത്തിൽ കർത്താവ് (ഋഷി) ഇന്നാർ; ഛന്ദസ്സ് ഇന്നത്; അധിഷ്ഠാനദേവത ഇന്നാർ എന്നു പ്രസ്താവിച്ചു കാണുന്നു. ഉദാഹരണം: ഋഗ്വേദം, പ്രഥമസൂക്തം (38). ഇതിനു വിശ്വാമിത്രപുത്രനായ മധു ഋഷി; ഗായത്രീ ഛന്ദസ്സ്; അഗ്നി ദേവത, ഇതിനാൽ അതതു സൂക്തത്തിനു മേൽപറഞ്ഞിരിക്കുന്ന ഋഷികളത്രേ അതതു മന്ത്രങ്ങളുടെ, കർത്താക്കളെന്നുള്ളതു സ്പഷ്ടമാകുന്നു. ഇതിനാൽ വേദങ്ങൾക്കു കർത്താവുണ്ടെന്ന് ആർത്ഥികമായി കാണുന്നതല്ലാതെ, സ്പഷ്ടോക്തിയായിട്ടില്ലല്ലോ എന്നാണെങ്കിൽ, മന്ത്രപ്രശ്നത്തിൽനിന്ന് ഒരു വാക്യത്തെ 'നമ ഋഷിഭ്യോ മന്ത്ര കൃദ്ഭ്യഃ - മന്ത്രങ്ങളെ രചിച്ച ഋഷികൾക്കായി നമസ്കാരം - എന്നു പറഞ്ഞിരിക്കുന്നു.

"ഏക ഏവ പുരാ വേദഃ
പ്രണവഃ സർവ്വവാങ്മയഃ"
പുരരവസ ഏവാസീത്
ത്രയീ ത്രേതാമുഖേ നൃപ." (ഭാഗവതം സ്ക: 9-അ.14)

സർവവാങ്മയമായ ഓംകാരരൂപപ്രണവം മാത്രം പൂർവ്വത്തിൽ വേദമായിരുന്നു; അനന്തരം പുരുരവസ്സ് എന്ന രാജാവ് മൂന്നുവിധമായ വേദങ്ങളെ ചെയ്തു - എന്നു പറഞ്ഞിരിക്കുന്നു. ഇതിനാൽ വേദങ്ങളിൽ ചില ഭാഗം പുരുരവസ്സ് രചിച്ചതായി തെളിയുന്നു.

"യജുർവേദതരോഃ ശാഖാഃ
സപ്തവിംശന്മഹാമുനിഃ
വൈശംപായനനാമസൗ
വ്യാസശിഷ്യശ്ചകാര ഹ"
(വിഷ്ണുപു: അം. 3. അഃ 5).

വ്യാസരുടെ ശിഷ്യനായ വൈശംപായനമഹാമുനി യജുർവേദത്തിൽ ഇരുപത്തേഴ ശാഖകളെ ഉണ്ടാക്കിയെന്നു പറഞ്ഞിരിക്കുന്നു.

ഛാന്ദോഗ്യോപനിഷത്, 7-മദ്ധ്യായ പ്രാരംഭത്തിൽ -, "അധീഹി ഭഗവ ഇതിഹോപസസാദ സനത്കുമാരം നാരദഃ; തം ഹോവാച യദ്വേത്ഥ തേന മോപസീദ തത

സ്ത ഊർദ്ധ്വം വക്ഷ്യാ മീതി സ ഹോവാച; ഋഗ്വേദം ഭഗവോഅധ്യേമി യജൂർ വ്വേദം സാമവേദമാഥർവ്വണം ചതുർത്ഥം....”

ശ്രീ നാരദൻ സനൽകുമാരനെ ശരണം പ്രാപിച്ച് തന്നെ അദ്ധ്യയനം ചെയ്യിക്കേണമെന്നപേക്ഷിച്ചപ്പോൾ സനൽകുമാരൻ; നീ ഇതുവരെ അദ്ധ്യയനം ചെയ്തിരിക്കുന്നതിനെപ്പറ്റി പറയുന്നുവെങ്കിൽ അതിനുമേൽ വേണ്ടതു പഠിപ്പിക്കാം” എന്നു സമാധാനം പറഞ്ഞു. ഉടനെ നാരദൻ: ”ഋഗ്വേദം, യജൂർവേദം, സാമവേദം, അഥർവ്വവേദം ഈ നാലും അദ്ധ്യയനം ചെയ്തിട്ടുണ്ട്” എന്നറിയിച്ചു. അതിന്റെ ശേഷം സനൽകുമാരൻ മേൽ കണ്ട ഏഴാമദ്ധ്യായത്തിലുള്ള മറ്റേ ഭാഗങ്ങളെ ഉപദേശിച്ചു എന്നു പറഞ്ഞിരിക്കുന്നു. ഇതിനാൽ അക്കാലത്തുള്ള നാലു വേദങ്ങളും നാരദർക്ക് അറിയാമായിരിന്നു എന്നും അതിൽ പെടാതിരുന്ന ഈ ഭാഗത്തെ സനൽകുമാരൻ നിർമ്മിച്ചു എന്നും വരുന്നു. ഇപ്രകാരം പല കാലങ്ങളിലായിട്ട് വേദങ്ങളുടെ പല ഭാഗങ്ങൾ പലരാൽ ഉണ്ടാക്കപ്പെട്ടു എന്നു കാണുന്നു.

ബൃഹസ്പതിയാകട്ടെ, വേദങ്ങൾക്കു കർത്താവുള്ളതായി സമ്മതിച്ച് അവരുടെ സ്വരൂപത്തേയും പ്രവൃത്തികളേയും കുറിച്ച് -,

’ത്രയോ വേദസ്യ കർത്താരോ ഭണ്ഡധൂർത്തനിശാചരാഃ’-

വേദങ്ങളെ രചിച്ചവർ ഭണ്ഡൻ (-മിത്ഥ്യാ പ്രിയ വാക്പടു-) ധൂർത്തൻ, നിശാചരൻ ഇവരാകുന്നു എന്നു പറഞ്ഞു ശകാരിച്ചിരിക്കുന്നു. വേദം ശബ്ദപ്രമാണമാകയാൽ പ്രത്യക്ഷാനുമാനപ്രമാണങ്ങളെ അപേക്ഷിച്ച് വേദാന്തഭാഗങ്ങളെ അല്പവും സംബന്ധിക്കുന്നതല്ല. എന്തെന്നാൽ അദ്വൈതമതശാസ്ത്രത്തെ ഒഴിച്ച് മറ്റുള്ള തർക്കം മുതലായ മതശാസ്ത്രങ്ങളിൽ എല്ലാം പ്രപഞ്ചം അസത്ത് - ഇല്ലാത്തത് - അല്ല, വാസ്തവത്തിൽ ഉള്ളതാകുന്നു എന്നും, അദ്വൈതമതശാസ്ത്രത്തിൽ മാത്രം പ്രപഞ്ചം രജ്ജുവിൽ സർപ്പം എന്നപോലെ കാലത്രയത്തിലും അസത്തായുള്ളതും, മരുമരീചികപ്രവാഹം (കാനൽജലം)പോലെ വെറുതെ തോന്നുന്നതും തന്നെ എന്നും ആണല്ലോ അംഗീകരിച്ചിരിക്കുന്നത്. ഈ സ്ഥിതിക്ക് പ്രപഞ്ചം സത്താണെന്നംഗീകരിച്ചിട്ടുള്ള മതശാസ്ത്രങ്ങൾ മാത്രമേ പ്രപഞ്ചത്തേ സത്തെന്നു വ്യവസ്ഥാപിക്കാൻ വന്ന തർക്ക ന്യായമതപ്രമാണങ്ങളിലുൾപ്പെടുകയുള്ളൂ. അല്ലാതെ കണ്ട് പ്രപഞ്ചം സത്താണെന്നുള്ള വ്യവസ്ഥാപനത്തെ അനുഭവപ്രകാരം പ്രബലയുക്തിന്യായങ്ങളെക്കൊണ്ട് ഖണ്ഡിച്ച് പ്രകാണാതീതമായും അദ്വൈതപ്രതിപാദകമായും ഇരിക്കുന്ന ഖേദം പ്രത്യക്ഷാനുമാന പ്രമാണങ്ങളെ അപേക്ഷിച്ച് ഒരിക്കലും അധമമാകയില്ല.

എന്നാൽ പ്രപഞ്ചമുണ്ടെന്നുള്ള പക്ഷക്കാരായ കർമ്മികൾ മുതലായ ശ്രൗതാദികൾ അവരുടെ വേദം ഭഗവത്പ്രോക്തമെന്നു പറയുന്നല്ലോ എന്നാണെങ്കിൽ അതിനു കാരണം ന്യായമല്ല; വെറും അഭിമാനം മാത്രമാണ്.

ഇനി വേദങ്ങളെ നിർമ്മിച്ചവർ ഭണ്ഡധൂർത്ത നിശാചരന്മാരാണെന്നു ബൃഹസ്പതി ശകാരിച്ചിക്കുന്നല്ലോ എന്നാണെങ്കിൽ -

"യുഗം പ്രതി ധിയാം പുംസാം
ന്യൂനാധികതയാ മുനേ,
ക്രിയാങ്ഗപാഠവൈചിത്ര്യ-
യുക്താൻ വേദാൻ സ്മരാമ്യഹം." - വാസിഷ്ഠം.

കാലങ്ങൾ മാറുംതോറും മനുഷ്യരുടെ ബുദ്ധിക്കുണ്ടാകുന്ന ഭേദഗതികളെ അനുസരിച്ച് വേദക്രിയാംഗപാഠങ്ങളും പലമാതിരി, ഭേദപ്പെട്ടുകൊണ്ടിരുന്നു. അപ്പോഴപ്പോൾ ഉണ്ടായിരുന്ന ദുഷ്ട പണ്ഡിതപ്രഭുക്കൾ നിമിത്തം വന്നുചേർന്നിട്ടുള്ള അസത്യമയങ്ങളും കഠോരഹിംസാ പ്രചുരങ്ങളും നിന്ദ്യങ്ങളും ആയുള്ള സകല സംഗതികളേയും തക്കതായ യഥാർത്ഥ കാരണങ്ങൾ പറഞ്ഞു തള്ളിക്കളയാതെ വിധികളുടെ ശേഖരത്തിൽ ചേർത്ത് അനുഷ്ഠിക്കുമാറു വച്ചിരിക്കുന്നതിനെ കണ്ട് അങ്ങനെ ശകാരിച്ചു പോയതാണ്; അതു കുറ്റമല്ല.

അധികാരനിരൂപണം

ഇനി, ഏതാനം കാലമായിട്ടു വേദാദ്ധ്യായന വിഷയത്തിൽ നടന്നുവരുന്ന പല ഭാഗക്കാരുടേയും അധികാര താരതമ്യവാദതെക്കുറിച്ച് നിരുപിക്കാം. വേദത്തെ പഠിക്കയും പ്രവചിക്കയും ചെയ്യുന്നതിലേയ്ക്ക് ബ്രാഹ്മണനു മാത്രമേ അധികാരമുള്ളു എന്നും, ക്ഷത്രിയ വൈശ്യന്മാർക്കു അഭ്യസിക്കുന്നതിനു മാത്രമല്ലാതെ പ്രവചനം ചെയ്യുന്നതിന് അധികാരമില്ലെന്നും ശൂദ്രനു അഭ്യസിക്കുവാനോ പ്രവചനം ചെയ്യാനോ ഒന്നിനുംതന്നെ അധികാരമില്ലെന്നും വിധികൾ ഏർപ്പെട്ടിരിക്കുന്നതായി മിക്കപേരും വിശ്വസിച്ചിരിക്കുന്നു. ആകയാൽ ഇതിലെയ്ക്ക് എന്തെങ്കിലും പ്രമാണമുണ്ടോ എന്ന് പരിശോധിച്ചാൽ, നാം അറിഞ്ഞിടത്തോളം വേദത്തിൽ ക്ഷത്രിയൻ അദ്ധ്യാപനവും ശൂദ്രൻ അദ്ധ്യയനവും പാടില്ലെന്നു നിഷേധം ഏർപ്പെടുകയോ ആയതു സാധുവാകയോ ചെയ്തിട്ടുണ്ടെന്നു കാണുകയില്ല. അപ്രകാരം നിഷേധം ഇരിക്കുന്നതായി ആരെങ്കിലും എടുത്തുകാണിക്കുന്നപക്ഷം അപ്പോൾ അതിനെപറ്റി ആലോചിച്ചുകൊള്ളാം. ക്ഷത്രിയൻ അദ്ധ്യാപനവും ശൂദ്രൻ അദ്ധ്യയനവും ആകാം എന്നുള്ളതിലേയ്ക്ക് അനവധി ആചാരങ്ങളെ വേദങ്ങളിൽനിന്നുതന്നെ എടുത്തുദാഹരിക്കാനുണ്ട്. അവയിൽ ഒന്നുരണ്ടു ദൃഷ്ടാന്തങ്ങളെ ഇപ്പോൾ ഇവിടെ എടുത്തു കാണിക്കാം.

ബൃഹദാരണ്യകോപനിഷത്ത് രണ്ടാം അദ്ധ്യായം ആദ്യത്തെ ബ്രാഹ്മണത്തിൽ 'ഗാർഗ്ഗ്യൻ' എന്ന ഒരു ബ്രഹ്മണൻ അജാതശത്രുവെന്ന ഒരു രാജാവിനെ ആചാര്യനായി വരിച്ച് ബ്രഹ്മവിദ്യയെ അഭ്യസിച്ചതായി പറഞ്ഞിരിക്കുന്നു.-

"സ ഹോവാച ഗാർഗ്ഗ്യ ഉപ ത്വാ യാനീതി" (ബൃഹ. 2.1.14.) "സ ഹോവാചാ ജാതശത്രുഃ പ്രതിലോമം ചൈതദ് യദ് ബ്രാഹ്മണഃ ക്ഷത്രിയമുപേയാദ് ബ്രഹ്മ മേ വക്ഷ്യതീതി വ്യേവ ത്വാ ജ്ഞപയിഷ്യാമീതി തം പാണാവാദയോത്തസ്ഥൗ .... (ബൃഹ. 2.1.15).

ബ്രഹ്മവിഷയമായി താനറിഞ്ഞിട്ടുള്ളതിൽക്കൂടുതൽ അറിയേണ്ടതുണ്ടെന്ന രാജാവിന്റെ നിർദ്ദേശംവഴിയായും ആയത് അനുപസന്നനു - താൻ ഉപനയിക്കാത്തവൻ - ഉപദേശിച്ചുകൂടാ എന്ന ആചാരം സ്വയമായും ഗ്രഹിച്ചിരിക്കുന്ന ഗാർഗ്ഗ്യൻ എന്ന ആ ഋഷി ഇങ്ങനെ പറഞ്ഞു::-

"ഒരു ശിഷ്യൻ - ഉപനയനംപ്രാപിച്ച് എങ്ങനെ ഗുരുവിനെ അനുഗമിക്കുന്നോ - നമസ്കാരാദിയാൽ സേവിക്കുന്നോ - അതുപോലെ ഞാൻ അങ്ങേ അനുഗമിക്കുന്നുണ്ട്.' അപ്പോൾ അജാതശത്രു ഇപ്രകാരം മറുപടി പറഞ്ഞു::- "ആചാര്യസ്ഥാനമുള്ള ബ്രാഹ്മണൻ ബ്രഹ്മവിദ്യ ഉപദേശിക്കണമെന്ന് അപേക്ഷിച്ച് ക്ഷത്രിയനെ ശരണം പ്രാപിക്ക - ഉപനയനപൂർവ്വം ക്ഷത്രിയങ്കൽ നിന്നു വിദ്യ ഗ്രഹിക്കുക എന്നത് സമ്പ്രദായവിരുദ്ധമാണ്, ആകട്ടെ, ഞാൻ അങ്ങേയ്ക്കു ബ്രഹ്മവിധ്യാബോധം ഉണ്ടാ

ക്കിതരുന്നുണ്ട്.'

ഇതിൽ സംപ്രദായ വിരോധമുണ്ടെന്നും മറ്റും രാജാവു പറഞ്ഞുകൊണ്ടത് അദ്ദേഹത്തിന്റെ അനൗദ്ധത്യം - സ്വഭാവഗുണം എന്നല്ലാതെ മറ്റൊന്നുമല്ലെന്ന് മേൽ വരുന്ന സംഗതികളാൽ പ്രത്യക്ഷപ്പെടുന്നതാണ്.

ഉപമന്യപുത്രനായ 'പ്രാചീനശാലൻ', പൗലുഷിയെന്ന 'സത്യപ്രജ്ഞൻ', ഭാല്ലവേയനായ 'ഇന്ദ്രദ്യുമ്നൻ' ശർക്കരാക്ഷാപത്യമായ 'ജനൻ', ആശ്വതരാശ്വപുത്രനായ 'ബുഡിലൻ' എന്നീ ഋഷിമാർ ബ്രഹ്മത്തെപ്പറ്റി പര്യാലോചന നടത്തിയതിൽ അന്തം കാണാതെ കുഴങ്ങി. ഭഗവാൻ ഉദ്ദാലകനെ ഗുരുവായി വരിക്കയെന്നു നിശ്ചയിച്ച് അവിടെ ചെന്നു. അപ്പോൾ, "പൂജ്യപാദരായ മഹർഷിമാരേ! കൈകേയനായ അശ്വപതിയെന്ന രാജാവ്, ഈ വിഷയം നമുക്കുപദേശിക്കാൻ ശക്തനാണ് എന്നു പറഞ്ഞ് ആ മഹർഷി അവരോടൊരുമിച്ച് അദ്ദേഹത്തെ സമാശ്രയിച്ച് വരദാനാവസരത്തിൽ ഇങ്ങനെ അറിയിച്ചു:-

"തേ ഹോചുര്യേന ഹൈവാർത്ഥേന പുരുഷശ്ചരേത്തം ഹൈവ വദേദാത്മാനമേവേമം വൈശ്വാനരം സംപ്രത്യധ്യേഷി തമേവ നോ ബ്രൂഹീതി' (ഛാന്ദോഗ്യം അഞ്ചാമധ്യായം ഏകാദശ ഖണ്ഡം ആറാമതു വാക്യം) 'താൻ ഹോവാച പ്രാതർവഃ പ്രതിവക്താസ്മീതീ തേ ഹ സമിൽ പാണയ പൂർവാഹ്ണേപ്രതിചക്രമിരേ ('ടി.7). അർത്ഥം::- ഏതു വസ്തുവിനെ അപേക്ഷിച്ച് പുറപ്പെടുന്നോ അതാണല്ലോ ലഭിക്കേണ്ടത്. അങ്ങറിയുന്ന വൈശ്വാനരബ്രഹ്മവിദ്യയാണ് ഞങ്ങൾക്കു കിട്ടേണമെന്നുള്ളത്. അതുപദേശിക്കണം. ഇങ്ങനെ അർത്ഥിച്ചതുകേട്ട് 'ഉപദേശിക്കാം - അധ്യയനം ചെയ്യിക്കാം - നാളെ കാലത്തെ ആകട്ടേ' എന്നു സംപ്രദായസൂചകമായി രാജാവു പറയുകയും അവർ അതനുസരിച്ച് ഉപനയനത്തിനെന്നപോലെ സമിത്പാണികളായി ച്ചെന്ന് ഉപദേശം ഗ്രഹിക്കയും ചെയ്തു.

"മൂർദ്ധാ തേ വ്യപതിഷ്യദ് യന്മാം നാഗമിഷ്യഃ' തന്റെയടുക്കൽ വരാതെയിരുന്നെങ്കിൽ തെറ്റി ഉപാസിക്കകൊണ്ട് - "നിന്റെ തല പോകുമായിരുന്നു; നീ മരിക്കുമായിരുന്നു, നിന്റെ ദേഹം പൊടിയുമായിരുന്നു; നീ അന്ധനാകുമായിരുന്നു; നിന്റെ ബസ്തിസ്ഥാനം പിളരുമായിരുന്നു; നിന്റെ കാലൊടിയുമായിരുന്നു" ഇങ്ങനെ ഓരോരുത്തരോടുമുള്ള ഉപദേശവാക്യത്തിന്റെ അവസാനത്തിൽ കാരണസഹിതം രാജവു പറഞ്ഞിരിക്കുന്നതു നോക്കിയാൽ വേദാചാര്യന്മാരായ ആ മഹർഷികളുടെതിനെ അപേക്ഷിച്ച് ആ രാജവിന്റെ ബ്രഹ്മസാമ്രാജ്യധുരന്ധരത എത്രയോ മേലാണെന്നു കാണമല്ലോ. ഇതിനാൽ ക്ഷത്രിയൻ അധ്യപനം ചെയ്യുന്നതിന് അധികാരിയെന്നു മാത്രമല്ല ബ്രാഹ്മണന്റെ ബ്രഹ്മോപദേഷ്ടാവ് ആകാമെന്നുകൂടി സ്പഷ്ടമാവുന്നു.

ഛാന്ദോഗ്യോപനിഷത്ത് അഞ്ചമധ്യായത്തിൽ ആരുണിപുത്രനായ 'ശ്വേതകേതു'

എന്ന ബ്രാഹ്മണൻ -ഋഷി ജീവലന്റെ പുത്രനായ 'പ്രവാഹണൻ' എന്ന രാജാവിനോടു വേദാന്തവാദത്തിൽ തോറ്റു തന്റെ പിതാവിനോടു ചെന്നു പരാതി പറഞ്ഞപ്പോൾ അദ്ദേഹം - ഗൗതമൻ - പുത്രസമേതം പുറപ്പെട്ടു രാജാവിനെ ആശ്രയിച്ചു ബ്രഹ്മവിദ്യ യാചിച്ചപ്പോൾ 'എല്ലായ്പ്പോഴും ഉപദേശിക്കാനുള്ള അധികാരം ക്ഷത്രിയന്റേതാകയാൽ നിനക്കുപദേശിക്കാം വാ!' എന്ന് രാജാവ് ആ ബ്രാഹ്മണനോട് പറഞ്ഞുകൊണ്ട് ബ്രഹ്മജ്ഞാനോപദേശം ചെയ്തതായിക്കാണുന്നു.

"ത്വം ഹ ചിരം വസേത്യജ്ഞാപയാംചകാര, തം ഹോവാച യഥാ മാ ത്വം ഗൗതമാവദോ യഥേയം ന പ്രാക്ത്വത്തഃ പുരാവിദ്യാ ബ്രാഹ്മണാൻ ഗച്ഛതി തസ്മാദു സർവ്വേഷു ലോകേഷു ക്ഷത്രസൈ്യവ പ്രശാസനം അഭൂദിതി, തസ്മൈ ഹോവാച" (5.3.7.)

അർത്ഥം. - ബ്രഹ്മവിദ്യ ഏറ്റവും രഹസ്യമായിട്ടുള്ള ഒന്നാകയാൽ ദീർഘകാലം ദീക്ഷിച്ചിരിക്കണമെന്നു രാജാവ് ഗൗതമനു ആജ്ഞകൊടുത്തു. പിന്നീട് ആ പ്രവാഹണരാജാവ് അദ്ദേഹത്തോട് - ഗൗതമവംശ്യനായ ആരുണിയോട് - ഇങ്ങനെ പറഞ്ഞു::- "അല്ലയോ ഗൗതമ! അങ്ങ് സർവവിദ്യാകുശലനായിരിക്കുന്നു എങ്കിലും അജ്ഞന്റെ നിലയിൽ ഇതുപദേശിക്കണമെന്ന് എന്നോടപേക്ഷിച്ചല്ലോ. എന്നാൽ എന്റെ ആരംഭം അത്ര ശരിയല്ല. എന്താണെന്നുവെച്ചാൽ ഈ വിദ്യ ഇതിനുമുമ്പ് - അങ്ങേപ്പോലുള്ള - ഒരു ബ്രാഹ്മണങ്കൽ സ്ഥലം പിടിച്ചിട്ടില്ല - ബ്രാഹ്മണർക്ക് ഈ വിദ്യയുണ്ടായിരുന്നില്ല. അക്കാരണത്താൽതന്നെ ഏതുകാലത്തും ഇതുപദേശിക്കാനുള്ള അധികാരം ക്ഷത്രിയനു മാത്രമേ ഉണ്ടായിരുന്നുള്ളൂ." ഇങ്ങനെ പറഞ്ഞിട്ട് അദ്ദേഹം ഗൗതമൻ മുതൽപേർക്ക് ഉപദേശിച്ചു.

ജനകമഹാരാജാവിന്റെ അടുക്കൽ ചെന്നു ശ്രീശുകബ്രഹ്മർഷി ഉപദേശം സ്വീകരിച്ചതു പ്രസിദ്ധമാണല്ലോ:-

"ജനകോ നാമ ഭൂപാലോ
വിദ്യതേ മിഥിലാപുരേഃ
യഥാവദ്വേത്ത്യസൗ വേദ്യം
തസ്മാൽ സർവമവാപ്സ്യസി
പിത്രേത്യുക്തഃ ശുകഃ പ്രായാത്
സുമേരോർ വസുധാതലം
വിഡെഹനഗരീം പ്രാപ
ജനകേനാഭിപാലിതാം
ജിജ്ഞാസാർത്ഥം ശുകസ്യാസാ-
വാസ്താമേവേത്യവജ്ഞയാ
ഉക്ത്വാ ബഭൂവ ജനക-

സ്തൂഷ്ണീം സുപ്ത ദിനാന്യഥ"
അനന്തരം ശുകൻ:
"സംസാരഡംബരമിദം
കഥമഭ്യുത്ഥിതം ഗുരോ!
കഥംപ്രശമമായാതി
യഥാവത് കഥയാശു മേ."
"തത്കിമേതന്മഹാഭാഗഃ
സത്യം ബ്രൂഹി മമാ ചലം;
ത്വത്തോ വിശ്രമമാപ്നോമി"
അപ്പോൾ രാജാവ്:
"ദൃശ്യം നാസ്തീതി ബോധേന
മനസോ ദൃശ്യമാർജ്ജനം
സംപന്നം ചേത്തദുത്പന്നാ
പരാ നിർവാണനിർവൃതിഃ
പ്രാപ്തം പ്രാപ്തവ്യമഖിലം
ഭവതാ പൂർണ്ണചേതസാ;
സ്വരൂപേ തപസി ബ്രഹ്മൻ
മുക്തസ്ത്വം ഭ്രാന്തിമുത്സൃജ
വിശശ്രാമ ശുകസ്തൂഷ്ണീം
സ്വസ്ഥേ പരമവസ്തുനി;
വീതശോകഭയായാസോ
നിരീഹശ്ഛിന്നസംശയഃ"

അർത്ഥം:- മിഥിലാരാജ്യത്തു ജനകൻ എന്നു പ്രസിദ്ധനായ ഒരു രാജാവുണ്ട്; അദ്ദേഹം ബ്രഹ്മതത്ത്വം വേണ്ടുംവണ്ണം അറിയുന്ന ആളാണ്; അദ്ദേഹത്തിന്റെ അടുക്കൽനിന്നു നിനക്ക് വേണ്ടതെല്ലാം ഗ്രഹിക്കാം. ഇങ്ങനെ തന്റെ പിതാവു പറഞ്ഞതുകേട്ടു ശ്രീശുകൻ ഹേമാദ്രിയിൽനിന്നു ഭൂമിയിലെയ്ക്കു നടന്ന് വിദേഹനഗരത്തിൽ ചെന്നുചേർന്നു. ശുകൻ ബ്രഹ്മോപദേശത്തിനു പാത്രമാണോ എന്നറിയുന്നതിനായി - പരീക്ഷാർത്ഥം - അവിടെ നിൽക്കട്ടേ - എന്നുമാത്രം പറഞ്ഞിട്ടു ജനകൻ മൗനമായിരുന്നു. പിന്നീടു - ദർശനം ലഭിച്ചപ്പോൾ ശുകൻ രാജാവിനോട് ഇങ്ങനെ ചോദിച്ചു: - അല്ലയോ ബ്രഹ്മവിദ്വേശിക ! ഈ സംസാരപ്രവാഹം എങ്ങനെ ഉണ്ടായി? ഇതെങ്ങനെ മായും? ഇതിന്റെ യഥാർത്ഥ സ്ഥിതി എനിക്കുപദേശിച്ചുതരേണമേ, മഹാത്മാവേ എനിക്കു വസ്തുതത്ത്വത്തിൽ ദൃഢത ഉണ്ടാക്കേണമേ, അങ്ങയുടെ ഉപദേശം കൊണ്ട് എനിക്ക് ചിത്തവിശ്രാന്തി - സ്വരൂപാ

വസ്ഥാനം - ഉണ്ടാകുന്നതാണ്.

ഉപദേശം:- ഇക്കാണുന്ന പ്രപഞ്ചം അസത്ത് - മിത്ഥ - ആകുന്നു എന്നുള്ള ദൃഢാനുഭവപ്പടി മനസ്സിൽ നിന്ന് അതിനെ നിർമ്മർജ്ജനം ചെയ്വാൻ - നിശ്ശേഷം അകറ്റാൻ സാധിച്ച എങ്കിൽ അപ്പോൾ ബ്രഹ്മാനന്ദാനുഭവമായിക്കഴിഞ്ഞു. സൂക്ഷ്മതത്ത്വാലോകകുശലനായ അങ്ങേയ്ക്ക് വരേണ്ടതെല്ലാം വന്നു. അങ്ങ് സ്വരൂപസാക്ഷാത്കാരസമ്പന്നനായി വിളങ്ങുന്നു; മുക്തി പദം പ്രാപിച്ചോ എന്ന ശങ്ക വേണ്ട; അങ്ങ് നിർവാണപദാരൂഢനായി തീർന്നിട്ടുണ്ട്. ഇതുകേട്ടു സകലവിധ സംശയങ്ങളും ബന്ധ ദുഃഖ ഭ്രമങ്ങളും എല്ലാം നിശ്ശേഷം ശ്രീശുകബ്രഹ്മർഷി ചിത്തവിശ്രാന്തിയടഞ്ഞു പരബ്രഹ്മവസ്തു സത്താമാത്രത്തിൽ ആമഗ്നനായി (മഹോപനിഷത്. അ-2).

ഒരിക്കൽ, വാദത്തിൽ തോൽക്കുന്നവരെ കടലിൽ കെട്ടിതാഴ്ത്തുകയെന്ന പന്തയത്തിന്മേൽ വേദാന്തവാദം നടത്തി "വാരുണി", മഹർഷിമാരെ തോല്പ്പിച്ച മുർ നിശ്ചയപ്രകാരം അവരെ കെട്ടി താഴ്ത്തിയതിൽ 'അഷ്ടവക്രാ" ന്റെ പിതാവായ "കഹോളൻ" കൂടി ഉൾപ്പെട്ടതു കണ്ട് അഷ്ടവക്രൻ പുനർവാദം നടത്തി വാരുണിയെ ജയിച്ച് അദ്ദേഹത്തെ ആ നയത്തിൽ ശിക്ഷികാൻ ഒരുങ്ങിയപ്പോൾ മഹർഷിമാരെ വീണ്ടുകൊടുക്കയും, തന്നിമിത്തം ഗർവിഷ്ഠനായി നടന്ന അഷ്ടവക്രന്റെ അഹംകാരം ശമിപ്പിക്കുന്നതിനായി ഒരു സിദ്ധയോഗിനി പ്രത്യക്ഷീഭവിച്ച് ചോദ്യങ്ങൾ ചെയ്ത് അദ്ദേഹത്തെ കഷണിപ്പിക്കയും ഗർവ ശമിച്ചപ്പോൾ അവയെ വിവരിച്ചു കൊടുക്കണമെന്ന് യാചിച്ചതിൽ അസ്പഷ്ടമായി വ്യാഖ്യാനിച്ച ശേഷം ജനകനോടു ചോദിച്ചുകൊള്ളാൻ ഉപദേശിച്ചതനുസരിച്ച് ജനക മഹാരാജങ്കൽ നിന്ന് അദ്ദേഹം ഉപദേശം ഗ്രഹിക്കയും ചെയ്ത കഥ ത്രിപുരരഹസ്യം ജ്ഞാനഖണ്ഡത്തിൽ പറയുന്നത് മറ്റൊരുദാഹരണമാണ്.

ഈ ദൃഷ്ടാന്തങ്ങളെക്കൊണ്ട് ക്ഷത്രിയൻ അധ്യാപനം ചെയ്യുന്നതിന് അർഹനല്ലെന്നുള്ള അഭിപ്രായം തെറ്റാണെന്നു തെളിയുന്നു. ഛാന്ദോഗ്യോപനിഷത്ത് നാലാമതദ്ധ്യായ പ്രാരംഭത്തിലുള്ള ജാനശ്രുത്യുപാഖ്യാനംകൊണ്ട് ശൂദ്രനും വേദാഭ്യാസം ചെയ്തതായി തെളിയുന്നു. 'ജാനശ്രുതിയെന്ന, ശൂദ്രൻ, 'രൈക്വൻ' എന്ന ഒരു ബ്രഹ്മണന്റെ അടുക്കൽ ചെന്നു വളരെ ദ്രവ്യം കൊടുത്തു ബ്രഹ്മവിദ്യയ്ക്ക് യാചിച്ചപ്പോൾ ആ രൈക്വൻ ശൂദ്രനായ നിനക്ക് അതുപദേശിക്കത്തക്കതല്ല; നിന്റെ ദ്രവ്യം നീ തന്നെ എടുത്തോ, എന്നുത്തരം പറഞ്ഞതുകേട്ട് അയാൾ വളരെ വ്യസനിച്ച്, പിന്നെയും വളരെ ദ്രവ്യത്തോടെ ഒരു യുവതിയായ സ്ത്രീയേയും കൊടുത്തതിൽ ആ രൈക്വൻ അയാൾക്കുപദേശം ചെയ്തു എന്നു ഖണ്ഡിതമായി പറഞ്ഞിരിക്കുന്നു. ഇതിനു പ്രമാണം.

1. "തദ്ധഹ ജാനശ്രുതിഃ പൗത്രായണഃ ഷട്ശതാനി ഗവാം നിഷ്കമശ്വതരീരഥം.

തദാദായ പ്രതിചക്രമേ തം ഹാഭ്യവാദ"- ഇതുകേട്ടുകൂടുമ്പോൾ തന്നെ പൗത്രായണനായ ജാനശ്രുതിയാകട്ടെ, അറുനൂറുപശുക്കൾ ഹാരാദ്യാഭരണങ്ങൾ, കോവർ കഴുതയെക്കെട്ടിയ രഥം എന്നീ ഉപായനങ്ങളോടുകൂടി പുറപ്പെട്ടുചെന്നു രൈക്വനെ കൊണ്ട് അദ്ദേഹത്തോടിങ്ങനെ പറഞ്ഞു.

2. "രൈക്വോമാനി ഷട്ശതാനി ഗവാമയം നിഷ്കോഅയമശ്വതരീരഥോനു മ ഏതാം ഭഗവോദേവതാം ശാധി യാം ദേവതാമുപാസ്സ ഇതി" - അല്ലയോ ഭഗവൻ രൈക്വ! അറുനൂറു പശുക്കളും, സുവർണ്ണ ഹാരാദ്യഭരണങ്ങളും, തേരുമെല്ലാം ഇതാ അങ്ങയ്ക്ക് തരുന്നു; അങ്ങ് അനുഷ്ഠിക്കുന്ന ദേവതോപാസനക്രമം എനിക്കുപദേശിക്കാൻ കൃപയുണ്ടാകണം. 3. "തമു ഹ പരഃ പ്രത്യുവാച ഹഹാ രേ ത്വാ ശൂദ്ര തവൈവ സഹ ഗോഭിരസ്ത്വിതി തദു ഹ പുനരേവ ജാനശ്രുതിഃ പൗത്രായണഃ സഹസ്രം ഗവാം നിഷ്കമശ്വരീരഥം ദുഹിതരം തദാദായ പ്രതിചക്രമേ" ഇപ്രകാരം അഭ്യർത്ഥനചെയ്ത ജാനശ്രുതിയോടു രൈക്വൻ ഈ വിധം മറുപടി പറഞ്ഞു:- "കൊള്ളാം. എടാ ശൂദ്രപ്പയലേ! ഗോവൃന്ദം,ആഭരണാദികൾ, രഥംമുതലായ ഉപഹാരങ്ങളെല്ലാം നിനക്കുതന്നെയിരിക്കട്ടെ". ഇതുകേട്ടു ജാനശ്രുതി, വീണ്ടും ആയിരം പശുക്കൾ, ആഭരണാദി, രഥം തന്റെ പുത്രി എന്നിത്രയും സാധനങ്ങൾകൂടി കൈകൊണ്ടു രൈക്വന്റെ അടുക്കൽ ചെന്നു.

4. "തം ഹാഭ്യുവാദ രൈക്വേദം സഹസ്രം ഗവാമയം നിഷ്കോയമശ്വരരീരഥ ഇയം ജായ അയം ഗ്രാമോ യസ്മിന്നാസ്സേഅന്വേവ മാ ഭഗവഃ ശാധീതി" - എന്നിട്ട് അദ്ദേഹത്തിനോട് ഇങ്ങനെ പറഞ്ഞു: - അല്ലേ രൈക്വ! 'ഇതാ ആയിരം പശുക്കൾ സർണ്ണപണ്ടങ്ങൾ രഥം ഇത്രയുമെടുക്കാം. കൂടാതെ, അങ്ങേയ്ക്ക് ഭാര്യയായി ഇവളേയും. ഇരിക്കുന്നതിനു ഈ ഗ്രാമവും തരുന്നു. ഇതെല്ലാം അംഗീകരിച്ചു ഭഗവാനേ! എനിക്കുപദേശം ചെയ്തരുളേണമേ!'

5. "തസ്യാ ഹ മുഖമുപോദ്ഗൃഹ്ണന്നുവാചാജഹാരേമാഃ ശൂദ്ര അനേനൈവ മുഖോനാലാപയിഷ്യഥാ ഇതി തേ ഹൈതേ രൈക്വപർണ്ണാ നാമ മഹാ വൃഷേഷു യത്രാസ്മാ ഉവാസ സ തസ്മൈ ഹോവാച" - ജാനശ്രുതിയുടെ ഈ അപേക്ഷ കേട്ടപ്പോൾ - തന്റെ ഭാര്യാസ്ഥാനമലങ്കരിക്കുനതിനായ് സമർപ്പിക്കപ്പെട്ട ആ കന്യക ഇവിടെ വിദ്യാദാനവിഷയത്തിൽ ഹേതുവായിത്തീർന്നിരിക്കുന്ന എന്നുകരുതി രൈക്വമഹർഷി "അല്ലയോ ശൂദ്രാ! നീ നിന്റെ പുത്രിമുമ്പായ കാഴ്ചദ്രവ്യങ്ങൾ വഴിയായി വിദ്യോപദേശമപേക്ഷിക്കുന്നു; അങ്ങനെയാകട്ടെ" എന്നു പറഞ്ഞ് (രൈക്വൻ) ഇതെല്ലാം സ്വീകരിച്ചു. ജാനശ്രുതി രൈക്വനു ദാനം ചെയ്തതും പുണ്യസ്ഥലങ്ങളിൽ മുൻനിൽക്കുന്നതുമായ ആ രൈക്വപർണ്ണഗ്രാമത്തിൽ താമസിച്ചുകൊണ്ട് ഉപദേശം നൽകി.

കഥാസാരം.- ജാനശ്രുതി അല്ലെങ്കിൽ പൗത്രായണൻ എന്ന പ്രഭു തന്റെ മാളിക

യിൽ ശയനം ചെയ്തിരുന്നു. അപ്പോൾ - ദേവാത്മകന്മാരായ - മൂന്നു ഹംസങ്ങൾ അവിടെ പറന്നുപറ്റി. അതിൽ ഒന്ന് ' ഈ ജാനശ്രുതിതന്നെ മഹാധന്യൻ' എന്നിങ്ങനെ പ്രശംസിച്ചുപറഞ്ഞു. അതുകേട്ടു മറ്റൊന്നു 'ഹേ! എന്തുപറഞ്ഞു? വിദ്യാവിഹീനനായ ഇവനോ കേമൻ! വണ്ടിയോട്ടുകൂടിയ രൈക്വനെ കേമൻ എന്നുപറയണം.' എന്നു അപഹസിച്ചു. ഈ അനാദരവാക്യം കേട്ടു ജാനശ്രുതി തന്റെ കുറവു തീർപ്പാൻ കുറെ സ്വർണ്ണവും മറ്റും കൊണ്ട് രൈക്വന്റെ അടുക്കൽ ചെന്ന് തനിക്കു ബ്രഹ്മവിദ്യ ഉപദേശിക്കണമെന്നപേക്ഷിച്ചു. "കഷ്ടം! കഷ്ടം! എടാ ശൂദ്രാ! നിന്റെ പശുക്കൾ നിനക്കു തന്നെയിരിക്കട്ടെ" എന്ന് അദ്ദേഹം നിരസിച്ചു. ജാനശ്രുതി തിരിച്ചുപോന്ന തന്റെ പുത്രിയും സുന്ദരിയുമായ കന്യകയേയും, ആയിരം പശുക്കളേയും, രഥത്തേയും മറ്റും കൊണ്ട് രൈക്വന്റെ അടുക്കൽവീണ്ടും ചെന്നു. അവയെ സ്വീകരിച്ച് അദ്ദേഹം ബ്രഹ്മവിദ്യ ഉപദേശിച്ചു.

ഈ ഭാഗങ്ങളിലേയ്ക്ക് ബ്രഹ്മസൂത്രത്തിലെ 'ശുഗസ്യ' ഇത്യാദി അഞ്ചു സൂത്രങ്ങളും അവയുടെ ഭാഷ്യങ്ങളുംകൊണ്ടു ജാതിശൂദ്രനായ ജാനശ്രുതിയെ, ദുർവ്യാഖ്യാനം ചെയ്തു ക്ഷത്രിയനാക്കിയിരിക്കുന്നു. അത് അസംഗതമാണ്. നോക്കുക!

ജാനശ്രുതി രൈക്വന്റെ അടുക്കൽ ചെന്ന് ഉപദേശം വേണമെന്നപേക്ഷിക്കുകയും, രൈക്വൻ, "കഷ്ടം! കഷ്ടം! ശൂദ്രനായ നിനക്ക് പറഞ്ഞുതരികയില്ല; നിന്റെ ദ്രവ്യം നീ തന്നെ എടുത്തോ" എന്നു പറഞ്ഞ് ഉപേക്ഷിക്കുകയും ചെയ്തു. ശൂദ്രന് വിദ്യാധികാരമില്ല; അവനെ യാതൊന്നും പഠിപ്പിച്ചുപോകരുത്, എന്നുള്ള നിയമം പ്രബലമായി നടന്നുവരുന്ന കാലത്താകയാൽ, ഈ വാക്കുകേട്ടുകൂടുമ്പോൾ, "ഓഹോ എന്നെ രൈക്വൻ ശൂദ്രനെന്നു തെറ്റിദ്ധരിച്ചു പോയി; അതുകൊണ്ടാണ് ഇപ്രകാരം പറഞ്ഞു നിഷേധിച്ചത്" എന്നു ജാനശ്രുതിക്കു നല്ലതിൻവണ്ണം മനസ്സിലായിരിക്കും. താൻ ശൂദ്രനല്ലായിരുന്നു എങ്കിൽ പെട്ടെന്ന്, "അയ്യോ! ഞാൻ ശൂദ്രനല്ലേ; ഇന്ന ജാതിക്കാരനാണേ! എന്നു ഉടൻ പറയുമായിരുന്നു. അപ്രകാരം യാതൊന്നും ചെയ്യാത്തതുകൊണ്ട് ജാനശ്രുതി ജാതിശൂദ്രനാണെന്നും തന്നിമിത്തം ശൂദ്രശബ്ദത്തിന് അവയവാർത്ഥമില്ലെന്നും വരുന്നു.

അല്ലാതെയും, ജാനശ്രുത്യുപാഖ്യാനം കേട്ടാൽ സാധാരണ വിദ്വാന്മാർപോലും ഈ ശൂദ്രശബ്ദത്തിനു ജാതിശൂദ്രതയെത്തന്നെ അർത്ഥമായി ഗ്രഹിപ്പാനേ ഇടയുള്ളൂ; അങ്ങനെതന്നെ ധരിച്ചു മിരിക്കും അന്നു കരുതിയാണ് സൂത്രഭാഷ്യകാരന്മാർ (52) ആയതിനെ മറയ്ക്കുന്നതിന് മനഃപൂർവ്വം പൂർവ്വപക്ഷം ചെയ്ത് നിഷേധിച്ചും വെച്ച് വേറെ പ്രകാരത്തിൽ സിദ്ധാന്തിച്ച് വളരെയൊക്കെ ബദ്ധപ്പെട്ട് പരാക്രമങ്ങൾ കാണിച്ചിരിക്കുന്നത്. ഇതിനെക്കുറിച്ച് ആലോചിക്കുമ്പോൾ, ഇപ്രകാരം ഒരു സിദ്ധാന്തം ചെയ്തില്ലെങ്കിൽ ജാനശ്രുതിക്ക് എല്ലാവരും ജാതിശൂദ്രതയെതന്നെ നിശ്ചയിച്ചുകളയുമെന്നു ഭാഷ്യകർത്താവും നിരൂപിച്ചിട്ടുള്ളതായി തെളിയുന്നു. ജാനശ്രു

തി രൈക്വന്റെ വാക്ക് കേട്ടുകൂടുമ്പോൾ അതിന്റെ സാധാരണ അർത്ഥമായ ജാതി ശൂദ്രതയെതന്നെയാണ് മനസ്സിലാക്കിയതെന്ന് ഇതുകൊണ്ടും നിശ്ചയിക്കാവുന്ന താണ്.

അതല്ല, രൈക്വൻ ആന്തരമായിക്കരുതിയ അവയവാർത്ഥത്തെ താൻ അറിഞ്ഞ തുകൊണ്ടായിരുന്നു മിണ്ടാതെ പോയതെങ്കിൽ "വിദ്യാവിഹീനനായ ഒരുവ നെ" എന്നു പറഞ്ഞതു കേട്ട് വ്യസനിച്ച് അതിനെ പരിഹരിപ്പാൻ നോക്കിയ ജാനശ്രുതിക്കു രൈക്വന്റെ മനോഗതത്തേയും ശൂദ്രശബ്ദത്തിന് അസാധാരണമാ യി കൊണ്ടുവന്ന അവയവാർത്ഥത്തേയും അറിയുന്നതിന് തക്കതായ പരോക്ഷ ജ്ഞാനവും ശബ്ദാർത്ഥശാസ്ത്രപാണ്ഡിത്യവും ഉണ്ടായിരിപ്പാനും ഇടയില്ലാ. ആയ തിനാൽ അതും ചേരുകയില്ല. ഈ ന്യായങ്ങളാൽ ജാനശ്രുതി ജാതിശൂദ്രനെന്നു അവയവാർത്ഥം വൃഥാകല്പിതമെന്നും തെളിയുന്നു.

പിന്നെയും, അവയവാർത്ഥം സ്വീകരിക്കുന്നപക്ഷം ജാനശ്രുതി, ജാതിശൂദ്രനല്ല, ക്ഷത്രിയാനാണെന്നും, അപ്പോൾ വേദാധ്യയനത്തിന് അനർഹനല്ലെന്നും വരണം. ആ സ്ഥിതിക്കു നേരേ ഉപദേശിച്ചുകൊടുക്കാതേ "കഷ്ടം കഷ്ടം .." എന്നു പറഞ്ഞു നിഷേധിച്ചത് ഉചിതമായോ? അതിശ്രദ്ധയോടുകൂടിയും വ്യസനിച്ചും വരുന്നവനു ഉപദേശിക്കരുതെന്നു വല്ല നിഷേധവുമുണ്ടായിരുന്നിട്ടാണെങ്കിൽ അത് പ്രമാണ വിരുദ്ധമാകുന്നു. ഉപദേശിക്കപ്പെട്ടാലല്ലാതെ വിട്ടുപോകാത്തതും ആദ്യം ഉപദേ ശിക്കാതെ ഉപേക്ഷിപ്പാൻ കാരണമെന്നു കാണപ്പെടുന്നതും ആയ വ്യസനത്തോടു കൂടി ഇരിക്കവേതന്നെ രണ്ടാമത് ഉപദേശിച്ചും ഇരിക്കുന്നു. ഇപ്രകാരം വരുന്നവൻ ആകുന്നു ഉപദേശിക്കപ്പെടാൻ പാത്രമെന്നുള്ളത് "വിദ്യായാം വ്യസനം" മുതലായ പ്രമാണങ്ങൾക്കും യുക്ത്യനുഭവങ്ങൾക്കും അനുസരണമായും ഇരിക്കുന്നു.

ജാനശ്രുതിയുടെ പരിപാകത്തെ പരീക്ഷിപ്പാനായിരുന്നു എങ്കിൽ മുമ്പിൽക്കൂട്ടി പരോക്ഷജ്ഞാനംകൊണ്ട് അറിഞ്ഞിരിക്കുന്ന രൈക്വനു പരീക്ഷ വേണ്ടല്ലോ. വേണമെന്നു വരുന്നപക്ഷത്തിൽ അദ്ദേഹം പരോക്ഷജ്ഞാനംകൊണ്ട് (ദിവ്യദ്ദ ശാ) അറിയുന്ന ആളല്ലെന്നും അപ്പോൾ ശൂദ്രശബ്ദം അവയവാർത്ഥകമല്ലെന്നും വരും.

ജാനശ്രുതിക്കും അപ്പോൾ ഉണ്ടായിരുന്ന ഭക്തി ശ്രദ്ധ മതിയാകയ്കയാൽ ആയതി നെ വർദ്ധിപ്പിക്കുന്നതിനായിരുന്നു എങ്കിൽ വളരെക്കാലം താമസിപ്പിക്കയും, ശു ശ്രൂഷിപ്പിക്കയും മറ്റും ചെയ്ത് സൂക്ഷിച്ച് കണ്ടറിഞ്ഞ് പറഞ്ഞുകൊടുക്കേണ്ടതായിരു ന്നു. പരീക്ഷിക്കാനാണെങ്കിലും അപ്രകാരണ്തന്നെ "ദ്വാദശാബ്ദം തു ശുശ്രൂഷാം" എന്നല്ലയോ പ്രമാണം പറയുന്നത്? ഇവിടെ അതും അനുഷ്ഠിക്കപ്പെട്ടില്ല: "നേരേ മറിച്ച് "ഇയം ജായാ അയം ഗ്രാമഃ" എന്നിരിക്കയാൽ

"ഗുരവോ ബഹവഃ സന്തി ശിഷ്യവിത്താപഹാരകാഃ"

എന്നു പറഞ്ഞതുപോലെ പരീക്ഷിപ്പാൻ നോക്കിയതു കൂടുതൽ ദക്ഷിണയെ കരുതിയാണെന്നു തോന്നുന്നു. വേറെവിധം പറയുന്നതിന് യാതൊരു മാർഗ്ഗവും കാണുന്നില്ല.

താൻ ആദ്യം ഉപേക്ഷിച്ചാൽ രണ്ടാമത് ഉപദേശിക്കേണതയിവരും. അപ്പോൾ അടുത്ത ഭവിഷ്യത്തിനെപ്പോലും അറിയുന്നതിനുള്ള പരോക്ഷജ്ഞാനം തനിക്ക് ഇല്ലെന്നു വന്നുപോകും. ആയത് ശരിയുമല്ല. എന്നോർത്ത് ക്ഷമിച്ചുകളയാതെ ഉപേക്ഷിച്ചതിനെ നോക്കുമ്പോൾ എല്ലാവരേയും പോലെ മാസദൃഷ്ടികൊണ്ട് പുറമെ അപ്പോൾ കണ്ടപ്രകാരം അറിഞ്ഞിരിക്കുമെന്നല്ലാതെ രൈക്വൻ തന്റെ പരോക്ഷജ്ഞാനംകൊണ്ട് അറിയുകയോ ആയതിനെ വെളിക്കു സൂചിപ്പിക്കണമെന്നു കരുതുകയോ ചെയ്തിട്ടില്ലെന്നും ആദ്യം ഉപേക്ഷിച്ചിട്ടു രണ്ടാമത് ഉപദേശിക്കയും വേണ്ടെന്നു തള്ളിയേച്ച് കൂടുതലായി ദ്രവ്യം കിട്ടിയപ്പോൾ സ്വീകരിക്കയും ചെയ്തതിനാൽ എന്തായാലും ദ്രവ്യലാഭത്തിനു തക്ക പോലെ പ്രവർത്തിക്കണമെന്നല്ലാതെ തന്റെ വാക്കിനും പ്രവൃത്തിക്കും വ്യവസ്ഥകേടു സംഭവിക്കരുതെന്നുള്ള വിചാരത്തിനു മൂലവും ന്യായവുമായ ഒരഭിമാനം രൈക്വന് ഉണ്ടായിരുന്നില്ലെന്നു, കാണുന്നതിനാൽ ഈ ശൂദ്രശബ്ദം അവയവാർത്ഥകമല്ലെന്നും, ജാനശ്രുതി ജാതിശൂദ്രൻ തന്നെയെന്നും സിദ്ധിക്കുന്നു.

ഇതിനെ സംബന്ധിച്ചു പ്രാചീനമലയാളം ഒന്നാം പുസ്തകത്തിൽ കാണിച്ചിട്ടുള്ള സൂത്രം ഭാഷ്യം മുതലായത് ഇവിടെ അനുസന്ധേയങ്ങളാണ്.

മേൽ കാണിച്ച വേദഭാഗത്തിലെ ശൂദ്രശബ്ദത്തിനു കൃത്രിമാർത്ഥം ചെയ്ത സൂത്രങ്ങളും അവയുടെ ഭാഷ്യങ്ങളുടെ അർത്ഥങ്ങളും അടിയിൽ ചേർക്കുന്നു.

സൂത്രം: ശുഗസ്യ തദനാദരശ്രവണാത്തദാദ്രവണാൽ സൂച്യതേ ഹി.34

ഭാഷ്യാർത്ഥം: മനുഷ്യർക്ക് വിദ്യാധികാരമുണ്ടെന്നു സിദ്ധാന്തിച്ചുംവച്ച് ഏതുപ്രകാരം ദേവന്മാർക്കും വിധിക്കപ്പെട്ടുവോ അപ്രകാരം ശൂദ്രനും വിദ്യാധികാരമുണ്ടെന്ന ശങ്കയെ നിവൃത്തിക്കാനാണ് ഈ അധികരണം ആരംഭിക്കപ്പെടുന്നത്.

ശൂദ്രൻ വിദ്യയിലധികാരമുണ്ട്. ശൂദ്രനു യാഗത്തിൽ അധികാരമില്ലെന്നു നിഷേധിക്കപ്പെട്ടതുപോലെ വിദ്യയിലും നിഷേധിക്കപ്പെട്ടതായി കേൾക്കുന്നില്ല. ശൂദ്രന്ന് (അനഗ്നിത്വം) യാഗാഗ്നിയുടെ ഇല്ലായ്മയുണ്ട്. ഈ 'അനഗ്നിത്വം' തനിക്കു കർമ്മങ്ങളിൽ അധികാരമില്ലെന്നുള്ളതിന് കാരണമാകുമെന്നല്ലാതെ അത് വിദ്യാധികാരനിഷേധത്തിനും കാരണമാകുന്നില്ല. ആഹവനീയാദിയായ യാഗാഗ്നിയില്ലാത്തവന്ന് വിദ്യയേ ഗ്രഹിപ്പാൻ കഴിയുന്നതല്ലെന്നുമില്ലാ; വിദ്യയിൽ ശൂദ്രാധികാരത്തെ പ്രബലീകരിക്കുന്നതിന് സംവർഗ്ഗ വിദ്യ വിദ്യയിൽ ജാനശ്രുതിയായിരിക്കുന്ന പൗത്രായണൻ, വേദശ്രവണത്തിന് ഇച്ഛിച്ചപ്പോൾ രൈക്വന്റെ സംബോധനവാക്യത്തിൽ പ്രയോഗിക്കപ്പെട്ട ശൂദ്രശബ്ദം പരാമർശകമായിരിക്കുന്നു.

അതായത് "കഷ്ടം കഷ്ടം കഷ്ടം എടാ ശൂദ്രാ,നിന്റെ പശുക്കൾ നിനക്കു തന്നെ ഭവിക്കട്ടെ' എന്നാണ്. വിദുരാദികൾ ശൂദ്രയോനിയിൽ ജനിച്ചവരായിരുന്നിട്ടും വിശിഷ്ടവിജ്ഞാനസമ്പത്തിയുള്ളവരായിരുന്നു എന്നു സ്മരിച്ചിട്ടുമുണ്ട്. ഈ കാരണങ്ങളാൽ ശൂദ്രനു വിദ്യാധികാരമുണ്ടെന്നുണ്ടെങ്കിൽ നാമിപ്രകാരം പറയുന്നു എങ്ങനെയെന്നാൽ, ശൂദ്രനു വേദാധികാരമില്ലാത്തതിനാൽ വിദ്യയിലുമധികാരമില്ല. വേദം പഠിച്ചവനു മാത്രമേ വേദാർത്ഥങ്ങളിലുമധികാരമുണ്ടാവുമ്. ഉപനയനസംസ്കാരം കഴിഞ്ഞാലെ വിധിയുള്ളൂ. ഉപനയനമോ, (ദ്വിജാദികൾ) ബ്രഹ്മക്ഷത്രവൈശ്യന്മാർക്ക് മാത്രമേ വിധിച്ചിട്ടുള്ളൂ. (സാമർത്ഥ്യം) ശക്തിയില്ലാതിക്കുമ്പോൾ വിദ്യയിൽ അപേക്ഷയുണ്ടെന്നുള്ളതുമാത്രം അധികാരകാരണമായി തീരുന്നില്ല. ശാസ്ത്രീയകാര്യത്തിൽ ശാസ്ത്രീയമായിരിക്കുന്ന സാമർത്ഥ്യം വിദ്യാധികാരത്തിനു മതിയാവുന്നുമില്ല. ശൂദ്രന് വേദാദ്ധ്യയനം നിഷിദ്ധമാകയാൽ തത്സംബന്ധിയായ ശക്തിയും നിരാകരിക്കപ്പെട്ടിരിക്കയാണെല്ലോ? ന്യായത്തിനു സാധാരണത്വമുള്ള താകയാൽ ഏതു ന്യായത്താൽ ശൂദ്രന് യാഗത്തിനധിക്കരമില്ലയോ അതു തന്നെ വിദ്യയ്ക്കുമധിക്കരമില്ലെന്നുള്ളതിനെ സൂചിപ്പിക്കുന്നു. സംവർഗ്ഗവിദ്യയിൽ ശൂദ്ര ശബ്ദം കേൾക്കപ്പെടുകയാൽ ശൂദ്രന്നും വിദ്യാധികാരമുണ്ടെന്നു വിചാരിക്കപ്പേഉകായണെങ്കിൽ ന്യായവിരുദ്ധമാകയാൽ അതും കാരണമാകുന്നില്ല. ഏന്തെന്നാൽ നായവചനത്തിനു ലിംഗദർശനം ദ്യോതകമാകുന്നു. ഇവിടെ ന്യായമുണ്ടാകുന്നുമില്ല. ഈ ശൂദ്രശബ്ദം സംവർഗ്ഗവിദ്യയിൽ ഇരിക്കയാൽ ആ വിദ്യയൊന്നിൽ ഇരിക്കുന്ന ശൂദ്രനെ മാത്രമേ അധികരിക്കുന്നുള്ളൂ. "സംവർഗ്ഗവിദ്യ| അർത്ഥവാദഘടത്തിലാകയാൽ ഈ ശൂദ്രശബ്ദം തനിക്ക് മറ്റുള്ള വിദ്യകളിൽ ഒരിടത്തുമധികാരമുണ്ടാക്കുന്നതിനു ശ്രമിക്കുന്നില്ല. ഈ ശൂദ്രശബ്ദം അധികാരവിഷയത്തിൽ മാത്രമേ ഉപയോഗിക്കു എന്നുള്ളതെങ്ങനെയാണെന്നുണ്ടെങ്കിൽ പറയാം. "എടാ. വിദ്യാഹീനനായിരുന്നിട്ടും (ഒരുത്തനെ) ഈ ജാനശ്രുതിയെ വണ്ടിയോടുകൂടിയിരിക്കുന്ന രൈക്വനോട് സദൃശനാക്കി പറയുന്നൊ" എന്ന ഹംസവാക്യത്താൽ തന്റെ അനാദരത്തെ ശ്രുതവാനായിരിക്കുന്ന ആ ജാനശ്രുതിയെന്ന പൗത്രായണന്ന് ദുഃഖമുണ്ടായി. ഇതിനെ ഋഷിയായിരിക്കുന്ന രൈക്വൻ ശൂദ്ര ശബ്ദം കൊണ്ട് സൂചിപ്പിച്ചത്. ജാതിശൂദ്രന്ന് വിദ്യാധികാരമില്ലാഴികയാൽ തന്റെ പരോക്ഷജ്ഞാനത്തെ അറിയിക്കുന്നതിനായിട്ടാണെന്നു തോന്നുന്നു തനിക്കു (ശുക) ശോകമുണ്ടായെന്നു ശൂദ്രശബ്ദംകൊണ്ട് സൂചിപ്പിച്ചത്, ജാതിശൂദ്രന്ന് വിദ്യാധിക്കരമില്ലാഴികയാൽ തന്റെ പരോക്ഷജ്ഞാനത്തെ അറിയിക്കുന്നെന്നയിട്ടാണെന്നു തോന്നുന്നു. തനിക്കു (ശുക) ശോകമുണ്ടായെന്നു ശൂദ്രശബ്ദം കൊണ്ടു സൂചിപ്പിക്കപ്പെടുന്നത്. (എങ്ങനെയെന്നാൽ) ശുക്കിന്റെ ആദ്രവണം ഹേതുവായിട്ടും. ശുക്കിനെ അഭിദ്രവിക്കയാലും, ശുക്കിനാൽ അഭിദ്രവിക്കപ്പെട്ടെന്നും, ശുക്കോട്ടുകൂടി

രൈക്വനെ അഭിദ്രവിച്ചെന്നും, ശൂദ്രശബ്ദത്തിന് അവയവാർത്ഥമുള്ളതാകയാലും രൂഢാർഥമില്ലാഴികയാലുമാകുന്നു. എന്നാൽ ഈ അർത്ഥം ഈ ജാനശ്രുത്യുപാഖ്യാനതിൽ കാണപ്പെടുന്നുമുണ്ട്.

സൂത്രം: ക്ഷത്രിയത്വഗതെശ്ചോത്തരത്ര

ചെത്രരഥേന ലിംഗാൽ . 35.

ഭാഷ്യാർത്ഥം.- ഇതുഹേതുവായിട്ടും ജാനശ്രുതി ജാതിശൂദ്രനല്ല. യാതൊന്നിന്റെ കാരണം പ്രകരണഎ നിരൂപിക്കയാൽ സ്പഷ്ടമാകുന്നു. എങ്ങനെയെന്നാൽ ഈ ജാനശ്രുതിക്ക് സംവർഗ്ഗവിദ്യയുടെ ഇത്തരഭാഗത്തിൽ ചെത്രരഥനായി അഭിപ്രതാരിയായിരിക്കുന്ന ക്ഷത്രിയനോടുള്ള സമഭിവ്യവഹാരം (കൂട്ടിച്ചേർത്തു പറക) എന്നൗ ഹേതുവാൽ ക്ഷരിയത്വം ബോദ്ധ്യപ്പെടുന്നു. സംവർഗ്ഗവിദ്യാവാക്യശേഷതിലാണ് ചൈത്രരഥിയായിരിക്കുന്ന അഭിപ്രാതാരിയെന്ന ക്ഷരിയൻ കീർഇക്കപ്പെടുന്നത്. അതായ അനന്തരം സൂതനാൽ അരിവിഷ്യമാണന്മാരായി (വിളംബപ്പെഉന്നവരായി) ശൗനകനായിരിക്കുന്ന കാംക്ഷസേനിയേയും ബ്രഹ്മചാരി ഭിക്ഷിച്ചു എന്നാണ്. അഭിപ്രതാരി തനിക്കു കാപേയയോഗം ഹേതുവായിട്ട് (ചൈത്രരഥിത്വ) ചിത്രരഥന്റെ വംശത്തിലുള്ളവന്നണെന്നുള്ളതും സ്പഷ്ടമാകുന്നു. എന്തെന്നാൽ "ഇതു കൊണ്ടാണ് ചൈത്രരഥനെ കാപേയന്മാർ യജിപ്പിച്ചത്." എന്ന വേദ വാക്യത്താൽ ചൈത്രരഥന കാപേയ യോഗമുണ്ടെന്നും അറിയപ്പെട്ടു. തുല്യവംശ്യന്മാർക്കു മിക്കവാറും തുല്യവംശ്യന്മാർ മാത്രമേ യാജകന്മാരാകുന്നുള്ളൂ. അതു ഹേതുവായിട്ട് ചൈത്രരഥിയെന്നു പ്രസിദ്ധനായ ഒരു ക്ഷത്രപതിയുണ്ടായി എന്നും വേദവാക്യത്തിൽ ക്ഷത്രപതിയെന്നുബോധിക്കയാൽ ചൈത്രരഥിക്കു ക്ഷത്രിയവമുണ്ടെന്നും സ്പഷ്ടമാകുന്നു. ക്ഷത്രിയനായിരിക്കുന്ന ആ അഭിപ്രതാരിയോടു കുടി ജാനശ്രുതിക്ക് തുല്യയായിരിക്കുന്ന വിദ്യവിഷയത്തിൽ സങ്കീർത്തനം ഭവിക്കയാൽ തനിക്കും ക്ഷത്രിയത്വമുണ്ടെന്നു സൂചിപ്പിക്കുന്നു. തുല്യന്മാരെ മാത്രമെ മിക്കവാറും കൂട്ടിച്ചേർത്തു പറയുകയുള്ളൂ. സൂതനെ അയയ്ക്കുക മുതലായ ഐശ്വര്യയോഗമിരിക്കയാലും ജാനശ്രുതിക്ക് ക്ഷത്രിയത്വമുണ്ടെന്നു വെളിവാകുന്നു. ഇത് ഹേതുവായിട്ടും ജാതിശൂദ്രന്നു വിദ്യാധികാരമില്ല.

സൂത്രം: സംസ്കാരപരാമർശാത്തദഭാവഭിലാപാച്ച 36

ഭാഷ്യാർത്ഥം. ഇതു ഹേതുവായിട്ടും ശൂദ്രന് വിദ്യയ്ക്ക്, അധികാരമില്ല.

എന്തെന്നാൽ വിദ്യാപ്രദേശങ്ങളിൽ ഉപനയനാദിയായിരിക്കുന്ന സംസകാരങ്ങൾ ആവശ്യമാണെന്നു പരാമർശിക്കപ്പെഉന്നു. "അവനെ ഉപ്നിയപ്പിച്ചു ഭഗവാനേ! പഠിപ്പിക്കണേ" എന്നുപറഞ്ഞുകൊണ്ട് ഉപസാദിച്ചു എന്നും "വേദപാരഗന്മാരായും സഗുണബ്രഹ്മനിഷ്ഠന്മാരായുമുള്ള ഭരദ്വാജാദികൾ, ബ്രഹ്മത്തെ തിരഞ്ഞ് ഈ പിപ്പലാദൻ എല്ലാം പറയുമെന്നു നിശ്ചയിച്ച് അവർ കയ്യിൽ ചമതയും വച്ചു

കൊണ്ട് ഭഗവാനായിരിക്കുന്ന പിപ്പലാദനെ പ്രാപിച്ചു". എന്നും "അവരെ ഉപനയിപ്പിക്കാതെ" എന്നു കേൾക്കുകയാൽ വേദദ്ധ്യായനത്തിന് ഉപനയനപ്രാപ്തി കാണിക്കപ്പെട്ടതായിത്തന്നെയിരിക്കുന്നു, "ശൂദ്രൻ നാലാമത്തെ വർണ്ണവും ഏകജാതിയും" എന്ന സ്മരിച്ചിരിക്കയാലും ശൂദ്രങ്കൽ പാപം അല്പവും ഇല്ലാത്തതിനാൽ അവനു സംസ്കാരം ആവശ്യമില്ലെന്നു പറകയാലും ശൂദ്രന് സംസ്കാരമില്ലെന്നു പറയപ്പെടുന്നു.

സൂത്രം:- തദഭാവനിർദ്ധാരണേ ച പ്രവൃത്തേഃ 37

ഭാഷ്യാർത്ഥം:- ഇതു ഹേതുവായിട്ടും ശൂദ്രന്ന് വിദ്യയിലധികാരമില്ല. എന്തെന്നാൽ , സത്യവചനത്താൽ ആൻ ശൂദ്രനല്ലെന്ന് ഉറപ്പാക്കിയതിന്റെ ശേഷമേ ജാഹാലനെ ഗൗതമൻ ഉപനയിപ്പിക്കുന്നതിനും അഭ്യസിപ്പിക്കുന്നതിനും ശ്രമിച്ചിട്ടുള്ളൂ. "ഇതിനെ വിവേചിച്ചു പറയുന്നതിന് ബ്രാഹ്മണനല്ലാത്തവൻ യോഗ്യനാകുന്നില്ലാ. അല്ലയോ സൗമ്യ! നീ ചെന്ന് ചമത കൊണ്ടുവ, നിന്നെ ഉപനിയപ്പിക്കാം. നീ സത്യത്തിൽ നിന്നും തെറ്റിയില്ലാ" എന്ന വേദവാക്യം (ലിംഗ) കാരണമാകുന്നു.

സൂത്രം:- ശ്രവഭാദ്ധ്യയനാർത്ഥപ്രതിഷേധാൽ സമൃതേശ്ച.38.

ഭാഷ്യാർത്ഥം- ഇതു ഹേതുവായിട്ടും ശൂദ്രന്നു വിദ്യയിൽ അധികാരമില്ല, എന്തെന്നാൽ സ്മൃതിപ്രമാണത്താൽ ശൂദ്രന്ന ശ്രവണത്തിനും അദ്ധ്യയനത്തിനും പ്രതിഷേധം കാണുകയാൽ , വേദശ്രവണപ്രതിഷേധവും വേദാദ്ധ്യയനപ്രതിഷേധവും വേദാർത്ഥ ജ്ഞാനപ്രതിഷേധവും വേദാനുഷ്ഠാന പ്രതിഷേധവും സ്മരിക്കപ്പെടുന്നു. ശ്രവണപ്രതിഷേധം പറയപ്പെട്ടത് എങ്ങനെയെന്നാൽ, "ഇവൻ വേദത്തെ കേൾക്കുകയാൽ ഈയവും മെഴുകും ഉരുക്കിയൊഴിച്ച് ഇവന്റെ ചെവികളെ നിറയ്ക്കുക" എന്നും, പദ്യ ഹവേത്യാദിവാക്യത്താൽ ശൂദ്രസമീപത്തിൽ വച്ച്, അദ്ധ്യയനം ചെയ്യരുതെന്നു കേൾക്കുകയാൽ സമീപത്തിൽവച്ചുപോലും വിധിയല്ലാത് വേദാദ്ധ്യയനം തനിക്ക് അശേഷം പാടില്ലെന്നും സ്പഷ്ടമാകുന്നു. "അത്രയുമല്ല ശൂദ്രൻ വേദമുച്ചരിച്ചാൽ നാക്കു കണ്ടിക്കണമെന്നും, ധരിച്ചാൽ ശരീരത്തെ വെട്ടിപിളർക്കണമെന്നുമിരിക്കയാൽ, വേദാർത്ഥജ്ഞാനത്തിനും തദനുഷ്ഠാനത്തിനും പാടിലെന്ന് സിദ്ധമാകുന്നു. "ശൂദ്രന് ജ്ഞാനത്തെ കൊടുക്കരുതെന്നും' അദ്ധ്യയനം, യാഗം, ദാനം ഇതുകൾ ദ്വിജാതികൾക്കാണെന്നും, വേദപ്രമാണവും കാണുന്നു. പൂർവ്വജന്മെൽ ചെയ്യപ്പെട്ട സംസ്കാരപ്രാപ്തിയാൽ വിദുരൻ, ധർമ്മവ്യാധൻ തുടങ്ങിയ ശൂദ്രർക്ക് ജ്ഞാനോൽപ്പെയുണായിരുന്നുവെങ്കിലും ജ്ഞാനത്തിന് ഐകാന്തിക ഫലത്വമുള്ളതിനാലും ഇതിഹാസപുരാണങ്ങളെ ചാതുർവർണ്ണ്യങ്ങളെ ശ്രവിപ്പിക്കണെമെന്ന ഹേതുവാലും അവർക്കു ഫലപ്രാപ്തിയെ പ്രതിബന്ധിപ്പാൻ കഴിയുന്നതല്ല. ആകയാൽ വേദപൂർവ്വകമായിരിക്കുന്ന വിദ്യാധികാരം ശൂദ്ര

ന് വിഹിതമല്ലെന്നിരിക്കുന്നു (പ്രാചീനമലയാളം).

മേൽപ്രസ്താവിച്ച സൂത്രഭാഷ്യത്തിൽ ഒരുദാഹരണമായി സ്വീകരിച്ചിരിക്കുന്നതും ജാനശ്രുത്യുപാഖ്യാനം പോലെ ഈ വിഷയത്തിൽ ഒരു പ്രമാണമായിപ്പറയപ്പെടുന്നതും ആയ ജാബാലന്റെ കഥയെപറ്റി സ്വല്പം ചിന്തിക്കാം.

ജാബാലകഥാസാരം:- 'ജാബലൻ ഗൗതമന്റെ അടുക്കൽ അദ്ധ്യയനത്തിന് ചെന്നു, ഗൗതമൻ അവന്റെ പേരിൽ ശൂദ്രശങ്കയുണ്ടായി, ജാബാലനെക്കൊണ്ട് താൻ ശൂദ്രനല്ലെന്നു സത്യം ചെയ്യിച്ചശേഷമേ പഠിപ്പിച്ചുകൊടുത്തുള്ളൂ.'

ഇതിനേയും ശൂദ്രൻ വിദ്യയ്ക്കു പണ്ടുപണ്ടേ അനർഹനാണെന്നുള്ളതിന് ഒരു ദൃഷ്ടാന്തമായി ബ്രാഹ്മണർ പറയുന്നുണ്ട്! ശൂദ്രൻ വിദ്യയ്ക്ക് അനർയ്ഹനെന്നും അതിനാൽ അവനെ യാതൊന്നും പഠിപ്പിച്ചുപോകരുതെന്നും മുമ്പിനാലെ നിഷേധിക്കപ്പെട്ടിട്ടുണ്ട്. ജാബാലൻ ചെന്നത് അഭ്യസിപ്പാനുമായിരുന്നു. അപ്പോൾ ഗൗതമൻ ജാബാലനെക്കൊണ്ട് ശൂദ്രനല്ലെന്നു സത്യം ചെയ്യിച്ചതിനാൽ ഗൗതമനു ജാബാലനെക്കുറിച്ചു ശൂദ്രശങ്കയുണ്ടായിരുന്നെന്നും, തന്നിമിത്തം ഇവൻ തന്നെ കബളിപ്പിച്ചു വിദ്യാമോഷണത്തിനായി വന്നിരിക്കയാണെന്നുള്ള സംശയം അദ്ദേഹത്തിന്റെ ഉള്ളിൽ ജനിച്ചിരിന്നു എന്നും നിശ്ചയംതന്നെ. പിന്നെ ശൂദ്രൻ അന്യാവാക്കാണെന്നു പ്രമാണവുമുണ്ട്. ഇങ്ങനെ, അവിശ്വാസിയെന്നു തെളിയുന്ന ജാബാലന്റെ വാക്കിനെ ഗൗതമൻ വിശ്വസിക്കയും സന്ദേഹതിൽനിന്നു വേർപെടുകയും ചെയ്കയില്ല. ഗൗതമനു ജാബാലന്റെ ജാതിനിർണ്ണയം ചെയ്തേ കഴിയൂ അന്നു നിർബന്ധമുണ്ടായിരുന്നെങ്കിൽ ജാബാലനുമായി അടുത്തു നല്ല പരിചയമുള്ളവരായ ബ്രാഹ്മണരോടാരോടെങ്കിലും അദ്ദേഹം പരമാർത്ഥം ചോദിച്ചറിയുമായിരുന്നു. അപ്രകാരം ചെയ്തതായി കാണുന്നുമില്ല. ഉപനയിപ്പിക്കുകയും പഠിപ്പിക്കയും ചെയ്തിട്ടുമുണ്ട്. ഇതെല്ലാംകൊണ്ടും ഗൗതമൻ, മനഃപൂർവ്വമായി പഠിച്ചാൽ അവനും ദോഷമുണ്ടെന്നോ ശൂദ്രനല്ലെന്നുവരികിലേ പഠിപ്പിക്കാവൂ എന്നോ ഉള്ള അഭിപ്രായം ഉണ്ടായിരുന്നില്ലെന്നും ആരായാലും എന്തു ജാതിയായാലും ശരി, ശ്രദ്ധയുള്ളവരെ പഠിപ്പിക്കണമെന്നുള്ള അഭിപ്രായമേ ഉണ്ടായിരുന്നുള്ളൂ എന്നും സ്പഷ്ടമാകുന്നു.

സമാധാനം." എന്നാൽ സത്യം ചെയ്യിച്ചതെന്തിന്?

നിഷേധം:- അതു പറയാം. ശൂദ്രനു ബ്രാഹ്മണ ശുശ്രൂഷയൊഴിച്ചു മറ്റൊരു നന്മയ്ക്കും അധികാരം ഇല്ലെന്നും, ആരും ഒന്നും പഠിച്ചുപോകരുതെന്നും, അവനവന്റെ ഇച്ഛപോലെ ചില സങ്കേതങ്ങൾ ഏർപ്പെടുത്തി അവയെ അനാദിപ്രമാണാനുസരണം നടത്തുന്നതിനു ശ്രദ്ധാലുക്കളായിരുന്ന അക്കാലത്തെ പ്രബലന്മാരോട് താൻ സത്യം ചെയ്യിച്ചതിൽപിന്നീടെ പറഞ്ഞുകൊടുത്തുള്ളൂ എന്ന സമാധാനം പറഞ്ഞു സമ്മതിപ്പിക്കുന്നതിലേക്കായിട്ടു മാത്രമായിരുന്നു.

ഉപനയനാദിപൂർവ്വം കർമ്മകാണ്ഡതിൽ പ്രവൃത്തരായ ശേഷമേ ജ്ഞാനകാ

ണ്ഡോക്തമായ വിധിയെ കൈക്കൊള്ളാവൂ എന്ന നിയമമില്ലെന്നും, സാധനചതുഷ്ടയസംപത്തി സിദ്ധിച്ചാൽ ക്രമത്തെ ഗണ്യമാക്കാതെ ജ്ഞാനമാർഗ്ഗം സ്വീകരിക്കുന്നതിൽ ഏവരും അർഹന്മാരണെന്നും പ്രഥമസൂത്രത്തിന്റെ ഭാഷ്യത്തിൽ ആചാര്യ സ്വാമികൾ (66) പറഞ്ഞിരിക്കുന്നു. അതിനുവിപരീതമായി മുൻപറഞ്ഞ് 'ശുഗസ്യ' ഇത്യാദി സൂത്രങ്ങളുടെ ഭാഷ്യത്തിൽ ക്രമം വിവക്ഷിച്ചു കാണുന്നതും അതിന്റെ സാധുത്വത്തിൽ ശങ്ക അങ്കുരിപ്പിക്കുന്നു.

നോക്കുക:- "...യദനന്തരം ബ്രഹ്മജിജ്ഞാസോപദിശ്യത ഇതി ഉച്യതേ:- നിത്യാനിയവസ്തുവിവേക:, ഇഹാമുത്രാർത്ഥഭോഗവിരാഗ:, ശമാദി സാധന സംപത്, മുമുക്ഷുത്വംച, തേഷു ഹി സൽസുപ്രാഗപി ധർമ്മജിജ്ഞാസായ ഊർദ്ധ്വം ശക്യതേ ബ്രഹ്മ ജിജ്ഞാസിതും ജ്ഞാതും ച ന വിപര്യയേ, തസ്മാത് അഥ ശബ്ദേന യഥോക്തസാധന സംപത്ത്യാനന്തര്യമുപദിശ്യതേ" - 'അഥാതോ ബ്രഹ്മജിജ്ഞാസാ' എന്ന സുത്രത്തിലെ അഥശബ്ദത്തിന് അർത്ഥാന്തരസംഗതി ദുർഘടമെന്ന് ബഹുസംരംഭപൂർവ്വം കാണിച്ചും ബ്രഹ്മജിജ്ഞാസാവിഷയത്തിൽ അധ്യയനാദി സാധനം (സാമഗ്രി) അല്ലെന്നുറപ്പിച്ചും കൊണ്ട് അതിന് പര്യാപ്തമായ സാധനം വേണമെന്ന ഉദ്ദേശത്തിന്മേൽ, യാതൊന്നിനു ശേഷമായിട്ടാണ് ബ്രഹ്മജിജ്ഞാസ ഉപദേശിക്കേണ്ടത് എന്ന ശങ്കയ്ക്ക് പറയാം എന്നു സിദ്ധാന്തപക്ഷം ആരംഭിക്കുന്നു. നിത്യാനിത്യവസ്തുവിവേകവും ഐഹികാമുഷ്മികഭോഗവിരക്തിയും, ശമാദിഷട്കസംപത്തിയും, മുമുക്ഷുത്വവും ഉണ്ടായിരിക്കുന്ന അവസ്ഥയിൽ ധർമ്മജിജ്ഞാസയ്ക്ക് മുമ്പായാലും പിമ്പായാലും വേണ്ടില്ല, ബ്രഹ്മവിചാരവും ജ്ഞാനപ്രാപ്തിയും സുശക്തമാണ്. അക്കാരണത്താൽ അഥ ശബ്ദംകൊണ്ട് മേൽപറഞ്ഞ സാധന സംപത്തിയുടെ ആനന്തര്യത്തെ (സൂത്രകാരൻ) ഉപദേശിക്കുന്നു.

അതുകൂടാതെയും ഐതരെയബ്രാഹ്മണം രണ്ടാമൗ പഞ്ചിക തൃതീയാധ്യായപ്രാരംഭത്തിൽ "കവഷൻ' എന്ന ഒരു വേടൻ വേദാധ്യയനം ചെയ്തു എന്നുമാത്രമല്ല ഋഷിയുമായി യാഗദികൃതുക്കളിൽ ബ്രാഹ്മണരോട്ടുകൂടിച്ചേർന്ന് ബഹുമാന്യനായി വാണിരുന്നു എന്നു പറഞ്ഞിരിക്കുന്നു.

"ഋഷയോ വൈ സതസ്വത്യാം സത്രമാസത്. തേ കവഷമൈലൂഷം സോദാദനയൻ ദാസ്യാ: പുത്ര: കിതവോ അബ്രാഹ്മണ: കഥം നോ മധ്യേ അദീക്ഷിഷ്ടേതി. തം ബഹിർദ്ധന്വോദവഹൻ . അത്രൈനംപിപാസാ, ഹന്തുസരസ്വത്യാ ഉദകം മാ പാദിതി. സ ബഹിർദ്ധന്വോ ദുഹ്ള: പിപാസയാ വിത്ത ഏതദപോനപ്ത്രീയമപശ്യത്, പ്രദേവത്രാ ബ്രഹ്മണേ ഗാതുരേത്വിതി.

തേനാപാം പ്രിയം ധാമോപാഗച്ഛത്, തമാപോഅനുദായൻ. തം സരസ്വതീ സമന്താം പര്യധാവത്, തസ്മാദ്ധ്യാപ്യേതർഹി പരിസാരകമിത്യചക്ഷതേ, യദേനം സരസ്വതീസമന്തം പരിസസാര. തേ വാ ഋഷ യോഅബ്രുവൻ വിദുർവാ ഇമം

ദേവാ ഉപേമം ഹ്വയാ മഹാ ഇതിതഥേതി തം ഉപാഹ്വയന്ത ..." (ഐ. ബ്രാ. അ. 8.ഖ. 1).

മഹർഷിമാർ സരസ്വതീതീരത്തുവെച്ച് ഒരു വലിയ യാഗമാരംഭിച്ചിരിക്കുമ്പോൾ (അതിൽ പ്രവേശിച്ചിരുന്ന) ഇലൂഷപുത്രനായ കവഷനെ ദാസീപുത്രനും അബ്രാഹ്മണനും വേട്ടയാടിയും ആയവൻ (യാഗത്തിൽ)സന്നിഹിതനായി എങ്ങനെയാണ നമ്മോടൊപ്പം അർഹണം അർഹിക്കുക? എന്നു പറഞ്ഞു ബഹിഷ്കരിച്ചു. സരസ്വതിയിലെ ജലംപോലും കുടിക്കാതെ ദാഹിച്ച് മരിക്കട്ടെയെന്നു കരുതി ഒരു മരുഭൂമിയിലാക്കി. ഈ നിലയിൽ ദാഹപീഡിതനായ കവഷൻ 'അപോനപ്ത്രീയംപ്രദേവത്രാ ബ്രഹ്മണേ ഗാതുരേതു' എന്നു തുടങ്ങിയ 15 ഋക്ക് മന്ത്രദ്രഷ്ടാക്കളുടെ നയത്തിൽ ഉണ്ടാക്കി. ഈ സൂക്തനിർമ്മാണം വഴിയായി ആയാൾക്കു ദേവതാപ്രസാദം സിദ്ധിച്ചു. ആ ദേവതകൾ അയാളുടെ പരിസരം പ്രാപിച്ചതോടുകൂടി സരസ്വതിയും ചൂഴ്ന്നൊഴുകി. സരസ്വതി ആയാളെ ചുറ്റി ഒഴുകിയ കാരണത്താൽ ആ സ്ഥലതിന് "പരിസാരക" മെന്നു പേരായി. ഈ അവസ്ഥയറിഞ്ഞ് ആ ഋഷിമാർ , "ആയാൾക്കു ദേവസാന്നിധ്യം ഉണ്ടായിരിക്കുന്നതിനാൽ നമുക്ക് (ചെന്ന്) ആയാളെ ക്ഷണിച്ചുകൊണ്ടുവരാം." എന്നു പറഞ്ഞ് ഐകകണ്ഠ്യേന സമ്മതിച്ചു കവഷനെ കൂടിക്കൊണ്ടുപോയി. അനന്തരം അവർ അപോനപ്ത്രീയ യജ്ഞം നടത്തി...."

വേടൻ - വിശിഷ്ടനാകുന്നതിനുമുമ്പ് ഏകാന്തത്തടവിൽ കിടന്ന് - ഉണ്ടാക്കിയ അപോനപ്ത്രീയ സൂക്തം വേദതിൽ ഉൾപ്പെട്ടിരിക്കുമ്പോൾ വേദാധ്യയനത്തിന് ആർക്ക് അർഹതയില്ലെന്നു പറയാം?

ഐതരേയബ്രാഹ്മണത്തിൽ കാണിച്ചതുപോലെ കൗഷിതകിബ്രാഹ്മണതിലും ദാസീപുത്രനായ ഈ കവഷന്റെ കഥയുണ്ട്. നോക്കുക.

"മാധ്യമാഃ സരസ്വത്യാം സത്രമാസത തദ്ധാപി കവഷോ മധ്യേ നിഷസാദ. തം ഹേമ ഉപോദുർദ്ദാസ്യാ വൈ ത്വം പുത്രോസി ന വയം ത്വയാ സഹ ഭക്ഷയിഷ്യാമ ഇതി സ ഹ ക്രുദ്ധഃ പ്രദവത്സരസ്വതീമേതേന സൂക്തേന തുഷ്ടാവ്. തം ഹേമമന്വേയായ ത ഉഹേമേ നിരാഗാ ഇവ മേനിരേ തം ഹാന്വാവൃത്യോചുഃ ഋഷേ! നമസ്തേ അസ്തു മനോ ഹിംസീസ്ത്വം വൈ നഃ ശ്രേഷ്ഠോസി യം ത്വേയമന്വേതീതി. തം ഹ യ ജ്ഞപയാംചക്രുസ്തസ്യ ഹ ക്രോധം വിനിന്യുഃ സ ഏഷ കവഷ സ്യൈഷ മഹിമാ സൂക്തസ്യ ചാനുവേദിതാ" (കൗ- ബ്രാ - 12.3)

ഗൃത്സമദ, വിശ്വാമിത്ര, വാമദേവ, അത്രി, ഭരദ്വാജ, വസിഷ്ഠപ്രമുഖരായ മഹർഷിമാർ സരസ്വതീതീരതുവെച്ച് ഒരു യാഗമാരംഭിച്ചു. അപ്പോൾ "കവഷൻ " അവരുടെ ഇടയിൽ കടന്നിരുന്നു. 'ദാസീപുത്രൻ - കൗലടേയൻ - ആയ നിന്നോടുകൂടി ഞങ്ങൾ ഒന്നും ഭക്ഷിക്കയുംമറ്റും ചെയ്യുകയില്ല.' എന്നു പറഞ്ഞു അവർ അയാളെ

നിർഭർത്സിച്ചു. കവഷൻ കോപിച്ചു സരസ്വതിതീരം പ്രാപിച്ച് മുൻപറഞ്ഞ സൂക്തങ്ങൾ നിർമ്മിച്ചു ദേവപ്രസാദം വരുത്തി. ഉടൻ സരസ്വതി ആയാളെ അനുഗമിച്ചു. ഇത്രയുമായപ്പോൾ കവഷൻ നിഷ്കമലഷനാണെന്ന് അവർ തീർച്ചയാക്കി, അവിടെച്ചെന്ന് ഇങ്ങനെ ക്ഷമായാചനം ചെയ്തു:- "ഋഷിസത്തമാ! അങ്ങേയ്ക്ക് നമസ്കാരം; അങ്ങ് ഞങ്ങളുടെ ഇടയിൽ പരമാരാധ്യനാകുന്നു; എന്തെന്നാൽ സരസ്വതി അങ്ങേ ചുറ്റി വന്നിരിക്കുന്നു ഞങ്ങളെ വല്ലായ്മക്കിരയാക്കരുതേ!. പിന്നീട് അവർ കവഷനെ യജ്ഞകാര്യവ്യവസ്ഥാപയിതാവാക്കി ആയാളുടെ കോപത്തെ ശമിപ്പിച്ചു. ഇതാണു കവഷന്റെ മഹാമഹിമശാലിത്വം. ഈ സൂക്തദ്രഷ്ടാവെന്ന നിലയിൽ അദ്ദേഹം കീർത്തിമാനായി.

ഇനിയും വേദത്തിൽ കക്ഷീവാൻ എന്ന ഒരു ബഹുമാന്യനായ ശൂദ്രസ്ത്രീപുത്രന്റെ കഥ പറയുന്നുണ്ട്.

"സോമാനസ്സ്വരണം കൃണുഹി ബ്രഹ്മണസ്പതേ കക്ഷീവന്തം യ ഔശിജഃ"

അല്ലയോ ബ്രഹ്മണസ്പതേ! ഈ സോമപാനം ചെയ്യുന്ന എന്നെ 'ഉശിക്' എന്നവളുടെ പുത്രൻ ആ കക്ഷീവാനെപ്പോലെ പ്രകാശമുള്ളവനാക്കിചെയ്താലും. ഇതെല്ലാം കൊണ്ടും ശൂദ്രന് അധ്യയനാദി ആകാമെന്ന് ഉറപ്പായി തെളിയുന്നു.

ഈ എല്ലാ നിദർശനങ്ങളാലും ഏർപ്പെടുന്ന ആചാരത്തിന് വിരോധമായിട്ട് വേദത്തിൽ നിഷേധങ്ങളിരിക്കുമെന്ന് അനുമാനിക്കുമോ? ഒരിക്കലും പാടില്ല. " വിരോധേ ത്വനപേക്ഷം സ്യാദ് അസതി ഹ്യനുകാനം" "ശ്രുതിവിരോധേ സ്മൃതിവാക്യം അനപേക്ഷ്യം അപ്രമാണം അനാദരണീയം ച" .

അർത്ഥം - പ്രത്യക്ഷശ്രുതിക്കു വിരോധമായ, സങ്കേതങ്ങൾക്കു ശ്രുതിയിൽ ആധാരം കിട്ടുകയില്ലെന്നു തന്നെ അനുമാനിച്ചുകൊള്ളണം. ശ്രുതിക്കു വിരോധമായ അപ്രകാരമുള്ള ഏർപ്പാടുകൾ അനാവശ്യവും അപ്രമാണവും അനാദരണീയവും ആണ് എന്നു മീമാംസയിൽ പറഞ്ഞിരിക്കുന്നു. അനുമാനിക്കേണ്ട പക്ഷത്തിൽ ഇതു ശരിതന്നെ. പ്രത്യക്ഷനിഷേധമായിരുന്നാലോ എന്ന് ആരെങ്കിലും വേദത്തിൽനിന്നും ഒരു നിഷേധവാക്യത്തെ കാണിക്കുന്നു എങ്കിൽ അതിനും മാർഗ്ഗം മനുസ്മൃതിയിൽ ഏർപ്പെടുത്തിയിരിക്കുന്നു.

"ശ്രുതിദ്വൈധം തു യത്ര സ്യാത്തത്ര ധർമ്മവുഭൗ സ്മൃതൗ" (മനു 2-4)

വേദത്തിൽ തന്നെ ഒന്നിനൊന്നു വിരോധമായ രണ്ടു മാർഗ്ഗങ്ങളെ പറഞ്ഞിരുന്നാൽ അവ രണ്ടും സമഗൗരവമായി സമ്മതിക്കേണ്ടതാണെന്നു വിധിച്ചിരിക്കുന്നു. ഈ വിധിയാൽ വേദത്തിൽ ഒരു സ്ഥലത്തു ക്ഷത്രിയാദികൾക്കു അധ്യാപനവും, ശൂദ്രന് അധ്യയനവും പാടില്ല എന്നു വിധിച്ചിരുന്നാൽപോലും മറ്റുള്ള ഭാഗങ്ങളിൽ ആദരിച്ചിരുന്ന ആചാരബലത്താൽ ക്ഷത്രിയാദികൾക്ക് അധ്യാപനവും, ശൂദ്രന് അധ്യയനവും ചെയ്യാമെന്നു നിർവിവാദമായി ഏർപ്പെടുന്നു. ഇപ്രകാരം

വേദത്തിനാൽ യാതൊരു തടസ്സവും ഇല്ലെന്നു സിദ്ധിച്ചു.

ഇനി പ്രമാണാന്തരങ്ങളെക്കുറിച്ചാലോചിക്കാം.

പ്രമാണാന്തരനിരൂപണം

"അധീയീരംസ്ത്രയോ വർണ്ണാഃ സ്വകർമ്മസ്ഥാ ദ്വിജാതയഃ
പ്രബ്രൂയാദ്ബ്രാഹ്മണസ്തേഷാം നേതരാവിതി നിശ്ചയഃ
സർവേഷാം ബ്രാഹ്മണോ വിദ്യാദ്വൃത്ത്യുപായാൻ യഥാവിധിഃ
പ്രബ്രൂയാദിതരേഭ്യശ്ച സ്വയം ചൈവ തയാ ഭവേത്" (മനു 10-12)

അവരവർക്ക് തക്കതായ പ്രവൃത്തികൾ ഉള്ള ദ്വിജന്മാരായ മൂന്നു വർണ്ണക്കാരും പഠിക്കട്ടെ. പഠിപ്പിക്കുന്നതു ബ്രാഹ്മണനല്ലാതെ ഇതരന്മാർ ചെയ്യേണ്ടതല്ല എന്നു നിശ്ചയം. സകലർക്കും ക്രമപ്രകാരമുള്ള ജീവനോപായങ്ങളെ ബ്രാഹ്മണൻ കല്പിക്കട്ടെ. ബ്രാഹ്മണൻ ഇതരന്മാർക്കു കല്പിച്ചു താനും അനുഷ്ഠിക്കട്ടെ - എന്നു പറയുന്നതല്ലാതെ ശൂദ്രൻ വേദാധ്യയനം ചെയ്തുകൂടാ എന്നു സ്പഷ്ടമായി നിഷേധിക്കുന്നില്ല. ഇതിനെ അല്പം കൂടി വിവരിക്കാം. ഒരുവൻ തനിക്കു വേണ്ടതായ സകലകാര്യങ്ങളെയും അന്യസഹായം കൂടാതെ സ്വയം സാധിച്ചുകൊള്ളുകയെന്നത് അസാധ്യമാകയാൽ ആദിയിൽ തന്നെ പ്രവൃത്തികളുടെ വ്യവസ്ഥ ഏർപ്പെടുന്നതു സഹജം. റോമാദേശത്തിൽ രാജാവ്, പാതിരിമാർ, പെടിഷർ, പ്ലേവിയർ എന്നും, ഇംഗ്ലണ്ടിൽ രാജകുലം, പാതിരികൾ, ലാർഡ്സ് എന്നും കോമൺസ് എന്നും, ഏർപ്പെട്ടതുപോലെ അതിനും എത്രയോ മുൻകാലം മുതൽക്കേ ഇവിടെയും ബ്രഹ്മക്ഷത്രിയവൈശ്യശൂദ്രർ എന്നു വകുപ്പുകൾ ഏർപ്പെട്ട് അവരവരുടെ പ്രവൃത്തികൾക്കു നിർണ്ണയങ്ങളും ഉണ്ടായി. ബ്രഹ്മജ്ഞാനത്തെ ഇതരന്മാർക്ക് ഉപദേശിക്കാൻ ബ്രാഹ്മണനും, രാജ്യസംരക്ഷണം ക്ഷത്രിയനും, ധാന്യക്കച്ചവടം മുതലായവ വൈശ്യനും, അടിമപ്രവൃത്തി ശൂദ്രനും ആദികാലത്തിൽ ഏർപ്പെട്ടു. ഇത്രത്തോളം മാത്രമല്ലാതെ ഒരുവൻ തന്റെ പ്രവൃത്തിയെ നിറവേറ്റിക്കൊണ്ട് ജ്ഞാനത്തേയും കൂടി സമ്പാദിപ്പാൻ പ്രയത്നിക്കുന്ന പക്ഷം അതിൽ ദോഷമുണ്ടെന്നു മനു പറയുന്നില്ല. മറ്റുള്ള സ്മൃതികളിൽ അപ്രകാരം നിഷേധമിരിക്കുന്നതായി കാണുന്നുമില്ല. ഒരുവേള ഇരുന്നാലും അവ മേൽകാണിച്ച ശ്രുതിപ്രമാണങ്ങളാൽ ബാധിതമാണ്.

"യദദൃഷ്ടം ഹി വേദേഷു തദ്ദ്രഷ്ടവ്യം സ്മൃതൗ കില
ഉഭാഭ്യാം യദദൃഷ്ടം ഹി തത്പുരാണേഷു പഠ്യതേ
ശ്രുതിസ്മൃതിപുരാണേഷു വിരുദ്ധേഷു പരസ്പരം
പൂർവം പൂർവം ബലീയഃ സ്യാദിതി ന്യായവിദോ വിദുഃ"

വേദത്തിൽ കാണാത്ത വിഷയങ്ങളെ സ്മൃതിയിൽ നിന്നു ഗ്രഹിച്ചുകൊള്ളാം. ഈ രണ്ടിലും ഇല്ലാത്തവയെ പുരാണങ്ങളിൽ നിന്നു ഗ്രഹിക്കാം. എന്നാൽ ശ്രുതിസ്മൃതിപുരാണങ്ങളിൽ പരസ്പരം വിരുദ്ധമായി കാണുമ്പോൾ പുരാണത്തേക്കാൾ സ്മൃതിയും, സ്മൃതിയേക്കാൾ വേദവും ബലീയസാകുന്നു - എന്ന് ആപസ്തംബസ്മൃതിയും,

"ശ്രുതിസ്മൃതിവിരോധേഷു ശ്രുതിരേവ ഗരീയസീ

അവിരോധേ സദാ കാര്യം സ്മാർത്തം വൈദികവത് സദാ"
ശ്രുതിക്കും സ്മൃതിക്കും വിരോധമിരിക്കുന്ന സ്ഥലങ്ങളിൽ ശ്രുതിതന്നെ പ്രബലപ്രമാണമാകും. അവയ്ക്കു ഭിന്നിപ്പില്ലാത്തപക്ഷത്തിൽ ശ്രുതിയെപ്പോലെതന്നെ സ്മൃതിയും അംഗീകാര്യമാകും - എന്നു ജാബാലസ്മൃതിയും,
"ശ്രുതിസ്മൃതിപുരാണാനാം വിരോധോ യത്ര ദൃശ്യതേ
തത്ര ശ്രൗതം പ്രമാണം തു തയോർദ്വൈധേ സ്മൃതിർവരാ"
വേദത്തിനു വിരോധമായ സ്മൃതിവാക്യം വകയല്ല. ഈ രണ്ടിനും വിരോധമായ പുരാണവചനവും വകയല്ല - എന്ന് വ്യാസസ്മൃതിയും പ്രമാണങ്ങളാണ്. വേദവിരുദ്ധമായ സ്മൃതിവാക്യം ആവശ്യമില്ല. പ്രമാണമാകയുമില്ല. അത് ആദരിക്കത്തക്കതുമല്ല; എന്ന് മുമ്പേ മീമാംസാശാസ്ത്രത്തിൽ നിന്നെടുത്ത് കാണിച്ചിട്ടുമുണ്ട്. ഇനിയും ഇപ്രകാരം അനേകഗ്രന്ഥങ്ങളിലുമുണ്ട്. ഈ പ്രമാണങ്ങളെക്കൊണ്ടു വേദങ്ങളാൽ ആദരിക്കപ്പെട്ടിരിക്കുന്ന വിഷയങ്ങൾക്കു സ്മൃതികളാൽ യാതൊരു വിധ "ബാധ"വും നേരിടത്തക്കതല്ല. പുരാണങ്ങളിൽ ഏതുകാര്യത്തിനു വേണമെങ്കിലും പ്രമാണം കിട്ടും. ആകയാൽ അവ വേദവിരുദ്ധമാകുന്നു എന്നു തള്ളിക്കളയേണ്ടതല്ലാതെ അവയുടെ ദോഷങ്ങളെക്കുറിച്ചു പ്രസ്താവിച്ചിട്ട് കാര്യമില്ല.
ഇനി ശൂദ്രൻ വേദാഭ്യാസം ചെയ്തുകൂടാ എന്നുള്ളവർ സാധാരണയായി പറയുന്ന ഒരു പ്രമാണത്തെക്കുറിച്ച് അല്പം വിചാരിക്കേണ്ടിയിരിക്കുന്നു. അതായത് "ന സ്ത്രീശൂദ്രൗ വേദമധീയതാം" എന്ന വാക്യമാകുന്നു. ഈ വാക്യം വേദവുമല്ല, സ്മൃതിയുമല്ല, കേവലം സൂത്രമാകുന്നു. ശ്രുതിസ്മൃതിപുരാണേതിഹാസാചാരങ്ങൾ എന്നുള്ള പ്രമാണങ്ങളിൽ ഒന്നായിട്ട് ഇതിനെ എവിടെയും സ്വീകരിച്ചു പഠിക്കുന്നുമില്ല. ആകയാൽ ഇതിനെ ഒരു പ്രമാണമായിട്ടു സ്വീകരിക്കണമെന്നില്ല. വിരോധമില്ലാത്ത ഈ വാക്യത്തെക്കുറിച്ച് ആക്ഷേപിക്കണമെന്നുമില്ല. ഇതിന്റെ അർത്ഥം എന്തെന്നാൽ സ്ത്രീകളും ശൂദ്രരും പഠിച്ചേ കഴിയൂ എന്നില്ല; എന്നല്ലാതെ പഠിച്ചേകൂടാ എന്നല്ല. എന്നാൽ ഇതിനെ വ്യാഖ്യാനിച്ചവർ പഠിച്ചേകൂടാ എന്നർത്ഥം പറഞ്ഞിരിക്കുന്നല്ലോ എന്നാണെങ്കിൽ, ഇതിലേയ്ക്ക് അവരെ കുറ്റം പറവാൻ പാടില്ല. ഇങ്ങനെയുള്ള ഗ്രന്ഥങ്ങൾക്കു വ്യാഖ്യാനം ചെയ്യുന്നവർ തത്ക്കാലത്തിൽ നടന്നുവരുന്ന ആചാരഗൗരവത്തിനു യാതൊരു ന്യൂനതയും നേരിടാതിരിക്കുന്നതിലേയ്ക്കു വേണ്ടി സ്പഷ്ടമായ വാക്യങ്ങൾക്കെല്ലാം കൃത്രിമമായ അർത്ഥകല്പനം ചെയ്യുന്നത് ലോകപ്രസിദ്ധമാകുന്നു. സംശയമുള്ളപക്ഷം ഇതിലേയ്ക്കു ഒന്നുരണ്ടു നിദർശനങ്ങളെ കാണിക്കാം.
"അതഃപരം ഗ്രഹസ്ഥസ്യ ധർമ്മാചാരം കലൗ യുഗേ
ധർമ്മം സാധാരണം ശക്യം ചാതുർവർണ്ണ്യാശ്രമാഗതം.
സംപ്രവക്ഷ്യാമ്യഹം പൂർവം പരാശരവചോ യഥാ"

എന്നു പരാശരസ്മൃതിയിൽ ആദ്യം അവതാരകമായി യുഗാന്തരധർമ്മങ്ങളെക്കുറിച്ച് അല്പം പറഞ്ഞശേഷം ഇനി കലിയുഗധർമ്മങ്ങളെപ്പറ്റി പറയാം എന്നുപക്രമിച്ചിട്ട്,

”നഷ്ടേ മൃതേ പ്രവ്രജീതേ ക്ലീബേ ച പതിതേ പതൗ
പഞ്ചസ്വാപത്സു നാരീണാം പതിരന്യോ വിധീയതേ”

ഭർത്താവു ദേശാന്തരഗതനായി പോയാലും, മരിച്ചാലും, സന്യസിച്ചാലും, നപുംസകനായാലും, പതിതനായാലും അവന്റെ ഭാര്യ വേറൊരുത്തനെ വിവാഹം ചെയ്തുകൊള്ളാം – എന്നു വിധിച്ചിരിക്കുന്ന വാക്യത്തെ, അതിനു വ്യാഖ്യാനം ചെയ്ത മാധവാചാര്യർ, യുഗാന്തരവിഷയമെന്നു മറച്ചുവച്ചിരിക്കുന്നു. യാജ്ഞവല്ക്യസ്മൃതിയിൽ –

”സകൃത് പ്രദീയതേ കന്യാഹരംസ്താം ചൗരദണ്ഡഭാക്
ദത്താമപി ഹരേത് പൂർവ്വാച്ഛ്രേയാംശ്ചേദ്വര ആവ്രജേത്.
അക്ഷതാവാ ക്ഷതാ വാപി പുനർഭൂഃ സംസ്കൃതാ പുനഃ”

കന്യാദാനം ചെയ്യപ്പെട്ട ശേഷവും ഒരുത്തി തന്റെ ഭർത്താവിനേക്കാൾ ശ്രേഷ്ഠനായ ഭർത്താവിനെക്കിട്ടുന്നപക്ഷം ആദ്യഭർത്താവിനെ ത്യജിച്ചിട്ട് പുതിയ ഭർത്താവിനെ വിവാഹം ചെയ്തുകൊള്ളാം – എന്ന് ഒരു ശ്ലോകത്തിലും – അപ്രകാരം വിവാഹം ചെയ്തുകൊണ്ടവൾക്കു ”പുനർഭൂ” എന്നു പേരാകുന്നു, ആ പുനർഭൂ ഋതുവായവളായാലും ശരി, ഇല്ലെങ്കിലും ശരി – എന്നു പിന്നത്തെ ശ്ലോകത്തിലും പറഞ്ഞിരിക്കവേ, അതിനു വ്യാഖ്യാനം ചെയ്ത വിജ്ഞാനേശ്വരർ പിന്നത്തെ ശ്ലോകത്തെ കാണാത്ത ഭാവം നടിച്ച് മുമ്പിലെ ശ്ലോകം അമ്മിക്കല്ലിൽ ചവിട്ടാത്ത കന്യക പരമാകുന്നു എന്നു മൂടിവച്ചുകളഞ്ഞു. മനുസ്മൃതി –

”ത്രിംശദ്വർഷോ വഹേത്കന്യാം ഹൃദ്യാം ദ്വാദശവാർഷികീം
ത്ര്യഷ്ടവർഷോഷ്ടവർഷാം വാ ധർമ്മേ സീദതി സത്വരഃ”

സ്ത്രീകൾ പന്ത്രണ്ടാമതു വയസ്സിൽ വിവാഹം ഉത്തമപക്ഷമെന്നും എട്ടാമതു വയസ്സിൽ ഗൗണപക്ഷമെന്നും പറഞ്ഞിരിക്കെ, അതിനെ വ്യാഖ്യാനിച്ച കല്ലൂകഭട്ടൻ, ആ ശ്ളോകത്തിൽ പുരുഷനു വിവാഹകാലം പറഞ്ഞതല്ലാതെ സ്ത്രീകൾക്കല്ലെന്നു മറച്ചുവെച്ചു. ഇനിയും ഇപ്രകാരം അനേക ദൃഷ്ടാന്തങ്ങളുണ്ട്. കഠിനവിഷയങ്ങൾക്കു വ്യാഖ്യാനം വേണമല്ലാതെ സ്പഷ്ടമായ വിഷയങ്ങൾക്കു കൃത്രിമാർത്ഥം ഉണ്ടാക്കുന്നതിനല്ലാ വ്യാഖ്യാനം.

”ന സ്ത്രീശൂദ്രൗ വേദമധീയതാം” എന്നതിന്ന് ഇപ്പോൾ ഇവിടെ പറയുന്ന അർത്ഥമാണു ശരിയെന്നു എങ്ങിനെ പറയാമെന്നാൽ ”അധീയതാം” എന്ന ക്രിയ ലിങർത്ഥമാകുന്നു. ലിങിന്നു വിധിനിമന്ത്രണമെന്ന സംഭാവനൗചിത്യാദി പല അർത്ഥങ്ങളുണ്ട്. (84). ഇവയിൽ ”പാടില്ല” എന്നുള്ള വിധ്യർത്ഥത്തെയോ ”വേണമെന്നില്ല” എന്നുള്ള ഔചിത്യാർത്ഥത്തെയോ സ്വീകരിക്കേണ്ടത് എന്നത്രേ പ്രകൃത

ത്തിൽ സന്ദേഹം. ഗുരുതരപ്രമാണങ്ങൾക്കു വിരുദ്ധമല്ലാത്തതേതോ അതിനെ സ്വീകരിക്കയെന്നതാണ് പ്രസിദ്ധനയം. ആകയാൽ ഏതാണ് അപ്രകാരമുള്ള പ്രമാണങ്ങൾക്കൊത്തിരിക്കുന്നത്. ഏതാണ് വിരോധിച്ചിരിക്കുന്നത് എന്നു നോക്കാം. ബൃഹദാരണ്യകോപനിഷത്തു മൂന്നാമതും, ആറാമതും ബ്രാഹ്മണത്തിൽ പറയുന്ന ഉപാഖ്യാനത്തിൽ "ഗാർഗ്ഗി" എന്ന സ്ത്രീ വേദാഭ്യാസം ചെയ്തു, എന്നു മാത്രമല്ലാ വേദാർത്ഥങ്ങളെക്കുറിച്ച് യാജ്ഞവല്ക്യരോട് ചർച്ചചെയ്തതായും കാണുന്നു.

1. "അഥ വാചക്നവ്യുവാച ബ്രാഹ്മണാ ഭഗവന്തോ ഹന്താഹമിമം ദ്വൗ പ്രശ്നൗ പ്രക്ഷ്യാമി. തൗ ചേന്മേ വക്ഷ്യതി ന വൈ ജാതു യുഷ്മാകമിമം കശ്ചിദ് ബ്രഹ്മോദ്യം ജേതേതി, പൃച്ഛ ഗാർഗ്ഗീതി.

2. സാ ഹോവാചാഹം വൈ ത്വാ യാജ്ഞവല്ക്യ യഥാ കാശ്യോ വാ വൈദേഹോ വോഗ്രപുത്ര ഉജ്ജ്യം ധനുരധിജ്യം കൃത്വാ ദ്വൗ ബാണവന്തൗ സപത്നാതി, വ്യാധിനൗ ഹസ്തേ കൃത്വോപോത്തിഷ്ഠേദേവമേവാഹം ത്വാ ദ്വാഭ്യാം പ്രശ്നാഭ്യാമുപോദസ്ഥാം തൗ മേ ബ്രൂഹീതി പൃച്ഛ ഗാർഗ്ഗീതി.

3. സാ ഹോവാച യദൂർദ്ധ്വം യാജ്ഞവല്ക്യ ദിവോ യദവാക് പൃഥിവ്യാ യദന്തരാ ദ്യാവാപൃഥിവീ ഇമേ യദ് ഭൂതം ച ഭവച്ച ഭവിഷ്യച്ചേത്യാചക്ഷതേ കസ്മിംശ്ച തദോതം പ്രോതം ചേതി...."

ആറാമതു ബ്രാഹ്മണത്തിലെ പ്രശ്നപ്രതിവചനാനന്തരം അതിൽനിന്ന് ഉപരമിച്ചിരുന്ന വചക്നവാത്മജയായ ഗാർഗ്ഗി ഇങ്ങനെ പറഞ്ഞു

1. "അല്ലയോ പൂജാർഹരായ മഹർഷിമാരേ, ഞാൻ പറയുന്നതു കേൾക്കുവിൻ. നിങ്ങളുടെ അനുമതിയുള്ള പക്ഷം ഈ യാജ്ഞവല്ക്യനോട് രണ്ടുചോദ്യം ഞാൻ ചോദിക്കാം. അതിനുത്തരം പറയുന്നതായാൽ നിങ്ങളാരും ബ്രഹ്മവാദിയായ ഇദ്ദേഹത്തെ ജയിക്കയില്ല" ഇതിനുശേഷം "ഗാർഗ്ഗി, ചോദിച്ചുകൊൾക" എന്നവർ അനുവദിച്ചു.

2. ഉടനെ യാജ്ഞവല്ക്യരോടായി ഗാർഗ്ഗി ഇങ്ങനെ പറഞ്ഞു - "കാശ്യനോ വൈദേഹനോ ആയിരിക്കുന്ന ശൂരനായ രാജാവ് (കെട്ടു വിട്ടിരുന്ന) വില്ലിനെ കുലച്ച് - പൂട്ടി - ശത്രുസംഹാരകങ്ങളായ അസ്ത്രങ്ങളെ സംഘടിപ്പിച്ചു സന്നദ്ധനാകുന്നതു പോലെ ഞാൻ രണ്ടു പ്രശ്നങ്ങൾ ചെയ്‌വാൻ ഒരുങ്ങിയിരിക്കുന്നു. അതിനു സമാധാനം പറയണം". അപ്പോൾ - "ഗാർഗ്ഗി, ചോദിച്ചുകൊൾക" എന്നു യാജ്ഞവല്ക്യൻ പറഞ്ഞു.

3. ഗാർഗ്ഗി ചോദിക്കുന്നു - "ദ്യുസംജ്ഞമായ അണ്ഡകപാലത്തിന്റെ ഉപരിഭാഗത്ത് എന്ത്? അതിന്റെ അധോഭാഗത്ത് എന്തിരിക്കുന്നു? ദ്യുലോകപൃഥിവീലോകങ്ങളെ ഇടമുറിക്കുന്നതായി എന്തൊന്നിരിക്കുന്നു? ഭൂതവർത്തമാനഭാവികാലങ്ങളിലും ഉള്ളതായി പറയപ്പെടുന്ന ദ്വൈതജാതം ഏതാധാരത്തിൽ സ്ഥിതിചെയ്യുന്ന

എന്നു കേൾക്കട്ടെ!..."

ആശ്വലൻ, ആർത്തഭാഗൻ, ഭുജ്യു, ഉഷസ്തൻ, കഹോളൻ മുതലായ മഹർഷിമാർക്കുപോലും വാദത്തിൽ പരാജിതനാക്കാൻ കഴിയാത്ത യാജ്ഞവല്ക്യമഹർഷിയോട് ഒരു സ്ത്രീ ശാസ്ത്രവാദം നടത്തിയ കഥ വേദശിരസ്സായി പരിണമിച്ചിരിക്കുന്നതോർത്താൽ സ്ത്രീകൾക്കു വേദാധികാരമുണ്ടെന്നു കാണിക്കാൻ വല്ല തെളിവും ആവശ്യമുണ്ടോ?

ബൃഹദാരണ്യകോപനിഷത്ത് നാലാമതധ്യായം അഞ്ചാമതു ബ്രാഹ്മണത്തിൽ യാജ്ഞവല്ക്യരുടെ ഭാര്യയായ "മൈത്രേയി" എന്നവൾ ഐഹികസുഖങ്ങളെല്ലാം ത്യജിച്ച് ജീവാത്മപരമാത്മസ്വരൂപങ്ങളെക്കുറിച്ച് വിചാരിച്ച് മോക്ഷപദവിയെ പ്രാപിച്ചതായി പറഞ്ഞിരിക്കുന്നു.

"അഥ ഹ യാജ്ഞവല്ക്യസ്യ ദ്വേ ഭാര്യേ ബഭൂവതുഃ മൈത്രേയീ ച കാത്യായനീ ച. തയോർഹ മൈത്രേയി ബ്രഹ്മവാദിനീ ബഭൂവ."

"മൈത്രേയി എന്നും കാത്യായനിയെന്നു പേരായി യാജ്ഞവല്ക്യർക്ക് രണ്ടു ഭാര്യമാരുണ്ടായിരുന്നതിൽ മൈത്രേയി ബ്രഹ്മവിചാരശീലയായിരുന്നു, എന്നു തുടങ്ങിയിട്ട് അടുത്ത വാക്യത്തിൽ, യാജ്ഞവല്ക്യൻ തന്റെ സ്വത്ത് അവർക്കായി വീതിച്ചുകൊടുത്തുകൊണ്ട് സന്യസിക്കാൻ പോകുന്നു എന്നു പറഞ്ഞപ്പോൾ, ധന സമ്പൂർണ്ണമായ ഈ ഭൂമി മുഴുവൻ കിട്ടിയെന്നിരുന്നാലും, അതിനാൽ താൻ മുക്തയാകുമോ എന്ന് അവർ ചോദിച്ചതിന് "നേതി നേതി ഹോവാച യാജ്ഞവല്ക്യഃ" ഇല്ലേ ഇല്ല എന്നും - "അമൃതത്വസ്യ നാശാസ്തി വിത്തേന" - ധനം കൊണ്ട് മോക്ഷം കിട്ടുമെന്നുള്ള വല്ല ശങ്കയ്ക്കുപോലും വകയില്ല എന്നും ആയിരുന്നു മറുപടി.

"സാ ഹോവാച മൈത്രേയി യേനാഹം നാമൃതാ സ്യാം കിമഹം തേന കുര്യാം യദേവ ഭഗവൻ വേദ തദേവ മേ ബ്രൂഹീതി."

അപ്പോൾ മൈത്രേയി:- മോക്ഷത്തിനുപകരിക്കയില്ലെന്നിരിക്കുന്ന സ്ഥിതിക്ക് അതു (ധനം) കൊണ്ട് ഒരു കാര്യവുമില്ല. ആകയാൽ ബ്രഹ്മസാക്ഷാത്ക്കാരവിഷയമായി പൂജ്യനായ അങ്ങറിയുന്നതിനെ എനിക്ക് പറഞ്ഞുതരണം, എന്നപേക്ഷിച്ചു. "ആത്മാ വാ അരേ ദ്രഷ്ടവ്യഃ.... ഏതാവദരേ ഖല്വമൃതത്വം" എന്നും മറ്റുമുള്ള ബ്രഹ്മതത്ത്വം യാജ്ഞവല്ക്യൻ അനുപദം ഉപദേശിക്കയും ചെയ്തു. ഇവിടെ മൈത്രേയീ വാക്യവും വേദത്തിലുൾപ്പെടുകയാൽ സ്ത്രീകൾക്കുള്ള വേദാധികാരം ദണ്ഡവാരിതമാകയില്ല എന്നു സിദ്ധിച്ചു.

യാഗാദികളിൽ സ്ത്രീകളും അവർക്കുള്ളതുമായ വേദമന്ത്രങ്ങളെ ഉച്ചരിച്ചുവരുന്നതിന് പ്രത്യേക ദൃഷ്ടാന്തമൊന്നും ആവശ്യമില്ല. ശതപഥബ്രാഹ്മണം "ദർശപൂർണ്ണമാസ" പ്രകരണത്തിൽ പറഞ്ഞ "ഹവിഷ്കൃദാഹ്വാന" സമയത്തിൽ ബ്രാഹ്മണക്ഷത്രിയർ ഇന്നിന്ന മന്ത്രത്തെ ജപിക്കണമെന്നു വിധിച്ചതുപോലെ ശൂദ്രനും "ആയാ

വേദി" എന്ന വേദവാക്യത്തെ ഉച്ചരിക്കണമെന്നു പറഞ്ഞിരിക്കുന്നു. അതേ പ്രമാണത്തിൽ ഇതരകർമ്മങ്ങളെക്കുറിച്ച് പറയുമ്പോൾ "അഷ്ഠീവദ്ഘ്നം ശൂദ്രസ്യ" എന്നും "മസ്തു ശൂദ്രസ്യ" എന്നും ശൂദ്രൻ ഉച്ചരിക്കേണ്ടതായ മന്ത്രങ്ങളെ പറഞ്ഞിരിക്കുന്നു. "വർഷാസു രഥകാര ആദധീത" എന്നു തച്ചൻ (പണിക്കൻ) അഗ്ന്യാധാനം ചെയ്‌വാൻ പറഞ്ഞിരിക്കുന്നു. ശുക്ലയജുസ്സ് ഇരുപത്തെട്ടാമതു അധ്യായപ്രാരംഭത്തിൽ:-

"യഥേമാം വാചം കല്യാണീമാവദാനി ജനേഭ്യഃ ബ്രഹ്മരാജന്യാഭ്യാം ശൂദ്രായ ചാര്യായ പ്രിയോ ദേവാനാം ദക്ഷിണായൈ ദാതുരിഹ ഭൂയാസമയജേകാമഃ സമൃദ്ധ്യതാമുപമാദോ നമതു."

ബ്രാഹ്മണ ക്ഷത്രിയ വൈശ്യ ശൂദ്രർ, ബന്ധു, ശത്രു എന്നീ ജനങ്ങൾക്ക് ഈ മംഗളകരമായ വാക്കിനെ പറയുന്നതിനാൽ ഈ ലോകത്തിൽ ദേവകൾക്ക് പ്രിയനായി ദക്ഷിണയ്ക്കായിട്ട് കൊടുക്കുന്നവനാകുമാറാക; എന്റെ ഈ അപേക്ഷ സഫലമാകത്തക്കതാകട്ടെ എന്നു ദേവതകളുടെ പ്രീതിസമ്പാദനാർത്ഥം ശൂദ്രനുൾപ്പെട്ട സകലജാതിക്കാർക്കും നന്മയരുളുന്ന വേദത്തെ ഉപദേശിക്കുന്നവനാക എന്നു പറഞ്ഞിരിക്കുന്നു.

"യസ്മിൻ ദേശേ യ ആചാരഃ പാരമ്പര്യക്രമാഗതഃ
ശ്രുതിസ്മൃത്യവിരോധേന സ സദാചാര ഉച്യതേ".

ഒരു ദേശത്ത് ശ്രുതിസ്മൃതികൾക്ക് വിരോധം കൂടാതെ നടന്നുവരുന്ന വഴക്കം സദാചാരമെന്നു പറയുന്നു - എന്ന് ആപസ്തംബസ്മൃതിയിൽ പറഞ്ഞിരിക്കുന്നതിനാലും, വേദാധ്യയനത്തെ ഇഷ്ടമുള്ള സകലരും ചെയ്തുവന്നു. വേദവിരുദ്ധമല്ലാതെ അതിനാൽ ആദരിക്കപ്പെട്ടിരിക്കയാലും, ശ്രുതിസ്മൃതി പുരാണേതിഹാസാചാരം പ്രമാണങ്ങളിൽവച്ച സകല ഗൗരവപ്രമാണങ്ങൾക്കും ഈ അഭിപ്രായം ശരിയായിരിക്കയാലും, വിവാദ വാക്യത്തിന് "പാടില്ല" എന്ന അർത്ഥം പറയുന്നപക്ഷം ശാബ്ദപ്രമാണങ്ങളിൽ സർവോത്കൃഷ്ടമായ വേദത്തെ ആക്ഷേപിക്കുന്നതായി വരികയാലും "കൂടിയേ കഴിയൂ എന്നില്ല" എന്ന അർത്ഥം ശരിയാകുമെന്നല്ലാതെ "പാടില്ല" എന്നുള്ള അർത്ഥം ഒക്കുകയില്ലെന്നു സ്പഷ്ടമാകുന്നു. ഇതുവരെ സാധകബാധകമായുള്ള പ്രമാണങ്ങളെ പരിശോധിച്ചു.

ഇനി യുക്തിയെപ്പറ്റി വിചാരിക്കാം.

യുക്തിവിചാരം

ശൂദ്രൻ വേദാഭ്യാസം ചെയ്തുകൂടാ എന്നുള്ള സങ്കേതം യുക്തിക്കെങ്കിലും ചേർന്നിരിക്കുന്നുണ്ടോ? ഏതു മതഗ്രന്ഥത്തെ എടുത്താലും പരമപദപ്രാപ്തിക്കു ജീവാത്മ പരമാത്മസ്വരൂപജ്ഞാനവും, ധർമ്മാനുഷ്ഠാനവും തന്നെയാണ് ഹേതുവെന്നു പറഞ്ഞിരിക്കുന്നതായിക്കാണാം. ഉദാഹരണത്തിന്-

"ബഹൂനാം ജന്മനാമന്തേ ജ്ഞാനവാൻ മാം പ്രപദ്യതേ"

ബഹുജന്മങ്ങളെടുത്തിട്ട് അവസാനത്തിൽ ജ്ഞാനവാൻ മാത്രം എന്നെ പ്രാപിക്കുന്നു - എന്ന ഗീതാവചനം എല്ലാവരും അറിഞ്ഞിരിക്കുമല്ലോ.

"തമേവ വിദിത്വാതിമൃത്യുമേതി നാന്യഃ പന്ഥാ വിദ്യതേയനായ"

ഈ വിധമായി ബ്രഹ്മത്തെ അറിഞ്ഞുകൊണ്ടവൻ മാത്രം മൃത്യുവിനെ അതിവർത്തിക്കുന്നു; മോക്ഷപ്രാപ്തിക്കു വേറെ മാർഗ്ഗമില്ല.

"താമാത്മസ്ഥം യേനുപശ്യന്തി ധീരാഃ
തേഷാം സുഖം ശാശ്വതം നേതരേഷാം"

അന്തര്യാമിയെ താനായറിയുന്നവർക്കുമാത്രം നിത്യസുഖമുണ്ടാകും; മറ്റാർക്കുമില്ല - എന്നും മറ്റും അനേകവിധം വേദം ഘോഷിക്കുന്നു. മോക്ഷസാധനമായ ജ്ഞാനത്തെ ശൂദ്രൻ അഭ്യസിച്ചുകൂടാ എന്നു പറയുന്നതിനു ശൂദ്രൻ മോക്ഷത്തെ പ്രാപിച്ചുകൂടാ എന്നല്ലയോ അർത്ഥം. അല്ലാതെയും ആദിമുതൽ ഈ സങ്കേതം ഭഗവന്നിയമമായി നടന്നുവന്നതാണെങ്കിൽ ഇതുവരെയും ഒരു ശൂദ്രൻ പോലും മോക്ഷം പ്രാപിച്ചിട്ടില്ല എന്നല്ലയോ പറയേണ്ടത്? ഇതിനെ ആരെങ്കിലും സമ്മതിക്കുമോ? ബ്രാഹ്മണരിൽ തന്നെ തങ്ങൾക്കു സമാനം ഒരുത്തരും ഇല്ലെന്ന് ദിവ്യബലത്താൽ ആകാശം കൂടെ സ്വന്തം അരവിരൽക്ക് ശരിയായി മറിക്കുന്ന വൈഷ്ണവരല്ലയോ "തിരുക്കച്ചിനമ്പി", "തിരുപ്പാണാഴ്വാർ" മുതലായ ചെട്ടി, പറയരായ പല വകക്കാർ മോക്ഷത്തെ പ്രാപിച്ചതായി സമ്മതിക്കുന്നു! ഇതെങ്ങനെ സാധിക്കുമെന്നു ചോദിക്കപ്പെട്ട വൈഷ്ണവർ വേദത്തെ ധിക്കരിപ്പാൻ ശക്തിയില്ലാതെയും ആഴ്വാരാദികൾക്കു മോക്ഷമില്ലാ എന്നു പറയാൻ മനസ്സില്ലാതെയും ബഹുസങ്കടത്തോടുകൂടി അതിലേയ്ക്ക് ഒരു സമാധാനം പറയുന്നു. അത് എത്രത്തോളം തൃപ്തികരമായിരിക്കുമോ എന്നു മറ്റുള്ളവർ ആലോചിച്ചുകൊള്ളട്ടെ. ആയതെങ്ങനെയെന്നാൽ ശൂദ്രൻ വേദത്തെമാത്രം പഠിച്ചുകൂടാ എന്നല്ലാതെ വേദത്തിന്റെ അർത്ഥത്തെ അറിഞ്ഞുകൊള്ളുന്നതിൽ ബാധകമില്ലെന്നു പറയുന്നു. ഇവരുടെ വാദം ശരിയാണെന്നുവരികിൽ വേദത്തിന്റെ അർത്ഥത്തേക്കാൾ ശബ്ദമാണ് മുഖ്യമെന്ന് വരുന്നു. നവരത്നങ്ങളേക്കാളും, അവ വച്ചിരിക്കുന്ന പെട്ടിയാണ് മുഖ്യമായിട്ടുള്ളതെന്ന് ആരെങ്കിലും പറഞ്ഞാൽ അതിനെ നാം എത്രമാത്രം ഗൗനിക്കാം. പെട്ടിക്കും തദന്തർഗ്ഗതപദാർത്ഥങ്ങൾക്കും ഉള്ള സംബന്ധം തന്നെ ശബ്ദങ്ങൾക്കും അർത്ഥങ്ങൾക്കും

ഇരിക്കും എന്നതിൽ സന്ദേഹം ഉണ്ടോ? ഈ രണ്ടിനും ഭേദമില്ലെന്നു വരികിൽ, നിനക്കു പെട്ടി വേണമോ, അതിലിരിക്കുന്ന രത്നങ്ങൾ വേണമോ എന്നു ചോദിക്കുമ്പോൾ എനിക്ക് രത്നങ്ങൾ വേണ്ട, പെട്ടി മതി എന്നു പറയുന്നവൻ ഭ്രാന്തന്മാരിലുമുണ്ടോ എന്നു സംശയം. വേദത്തിലെ ശബ്ദത്തിനും അർത്ഥത്തിനും ഉള്ള താരതമ്യം വേദവാക്യം കൊണ്ടുതന്നെ സ്പഷ്ടമാകുന്നതിനാൽ അതിനെ ഇവിടെ ഉദാഹരിക്കാം.

"സ്ഥാണുരയം ഭാരവാഹഃ കിലാഭൂദധീത്യ വേദം ന ജാനാതി യോർത്ഥം"

വേദത്തെ അഭ്യസിച്ചിട്ടും അതിന്റെ അർത്ഥത്തെ നല്ലപോലെ അറിയാത്തവൻ ഉത്തരത്തിനെ ചുമക്കുന്ന തൂണാകുന്നു - എന്ന് ഋഗ്വേദത്തിൽ പറഞ്ഞിരിക്കുന്നു. ഈ വാക്യത്തെ അറിഞ്ഞാൽ അർത്ഥമറിയാതെ വേദാഭ്യാസം ചെയ്തുകൊണ്ടിരിക്കുന്നവരുടെ മഹിമ ഇത്രത്തോളമെന്നു ഗ്രഹിക്കാമല്ലോ. പല വാക്യങ്ങളെ ഇവിടെ എടുത്തു പറയുന്നതനാവശ്യം. അരിയേക്കാളും അതിനെ മൂടിക്കൊണ്ടിരിക്കുന്ന ഉമിയാണ് വിശേഷമെന്നു വെച്ചുകൊണ്ടാലും ഈ അഭിപ്രായം ആദ്യം മുതൽക്കു നടന്നുവന്നതാണോ എന്ന് ആലോചിക്കണം. വേദാഭ്യാസത്തിന് ശൂദ്രൻ അനർഹനാണെന്നു ബ്രാഹ്മണൻ വെച്ചുകൊണ്ടിരുന്നാലും, പുരാണങ്ങളെ പഠിക്കയും കേൾക്കുകയും ചെയ്യുന്നതിനുപോലും അവന്ന് അധികാരമില്ലെന്നു പറകയില്ലെന്ന് വിശ്വസിക്കുന്നു. ഈ പുരാണങ്ങളിൽ തന്നെ വേദവാക്യങ്ങൾ വരുന്നു എന്നുള്ളതിൽ സന്ദേഹമില്ല. സന്ദേഹമുള്ളവരുണ്ടെങ്കിൽ അവർക്കായിട്ട് ഒരു രണ്ടു ദൃഷ്ടാന്തങ്ങൾ പറയാം. ഭാരതം ആദിപർവം മൂന്നാമധ്യായത്തിൽ "ദേവാവശ്വിനൗ വാഗ്ഭിഃ ഋഗ്ഭിഃ" എന്ന വാക്യവും ശാകുന്തളോപാഖ്യാനം എഴുപത്തിനാലാമധ്യായത്തിൽ

"അംഗാദംഗാത് സംഭവസി ഹൃദയാദഭിജായസേ;
ആത്മാ വൈ പുത്ര നാമാസി സ ജീവ ശരദശ്ശതം."

എന്ന വാക്യവും വരുന്നു. ശൂദ്രൻ പുരാണങ്ങളെ പഠിക്കാമെങ്കിൽ അവയിൽ വരുന്ന ശ്രുതിവാക്യങ്ങളെക്കൂടി പഠിച്ചുപോകും. അപ്പോൾ ഈ സങ്കേതത്തിനു ഗതിയെന്ത്? ഈ പുരാണങ്ങളെ പഠിക്കുന്നതിനും ശൂദ്രന് അധികാരമില്ലാ എന്നു നിർബ്ബന്ധിക്കയാണെങ്കിൽ പുരാണങ്ങളെഴുതിയവരിൽ പലരും ശൂദ്രരാകുന്നു എന്നുള്ളതിനെക്കൂടി ഗൗനിക്കേണ്ടിവരുന്നു. "സൂതസംഹിത" എന്ന ഗ്രന്ഥത്തിന്റെ കർത്താവു ശൂദ്രനാകുന്നു എന്നുള്ളത് മിക്കവർക്കും അറിയാമല്ലോ. അതിനാൽ ആ ഗ്രന്ഥത്തിന്റെ മഹിമയ്ക്ക് ഏതെങ്കിലും കുറവുള്ളതായി കരുതുന്നുണ്ടോ? അതിൽ വരുന്ന അനന്തശ്രുതിവാക്യങ്ങളെ സൂതൻ ഉച്ചരിച്ചതായി വരുന്നില്ലയോ? അവരെപ്പോലെയുള്ളവർക്കു മാത്രം ഈ സ്വാതന്ത്ര്യം എങ്ങനെ സിദ്ധിച്ചെന്നാൽ അവർ മഹാന്മാരാകയാൽ ആ വിഷയത്തിൽ യാതൊരു നിഷേധവുമില്ല എന്നു പറയുന്നു.

അവരുടെ മഹത്ത്വത്തിനു പഠിപ്പല്ലയോ കാരണം. ജ്ഞാനത്തിനു രാജചുങ്കമോ മറ്റോ ഉണ്ടോ? അതിനെ പ്രാപിക്കാൻ എല്ലാവർക്കും ഒരേ മാർഗ്ഗമല്ലയോ? ആ മാർഗ്ഗത്തെ അനുസരിച്ചു പഠിച്ചതുകൊണ്ടല്ലയോ "ആഴ്വാരാദി"കൾക്കും നായന്മാർക്കും മഹിമ സിദ്ധിച്ചത്? ഇപ്പോഴും ആ മാർഗ്ഗത്തെ അനുസരിച്ചാൽ പ്രകൃതത്തിലുള്ള ശൂദ്രരിലും പലരും മഹത്ത്വം പ്രാപിച്ചു പ്രശോഭിക്കും എന്നതിൽ സന്ദേഹമുണ്ടോ? ഓടക്കാരിയുടെ മകനായ പരാശരനും, മുക്കുവത്തിയുടെ മകനായ വ്യാസനും വേദങ്ങളെ ഓതിയല്ലോ. അവരും ബ്രാഹ്മണർതന്നെ. എന്നാൽ ഋഷിമൂലം, നദിമൂലം ഇവ വിചാരിക്കണ്ടാ എന്നു പറയുന്നു. സമാധാനം പറയാൻ കഴിയാത്ത സംഗതിക്കെല്ലാം ആണല്ലോ ഇങ്ങനെയുള്ള ഉത്തരം. അപ്പോൾ വിധികൂടാതെയുള്ള ഋഷികളുടെ ഉത്പത്തിക്ഷേത്രം നിന്ദ്യമെന്നു വരികിലും ബീജം ബ്രാഹ്മണസംഭൃതമാകയാൽ അവരും ബ്രാഹ്മണർ തന്നെയെന്നു പറയുന്നു. ഇതെങ്കിലും ശരിയായി നിലനിൽക്കുമോ എന്നു നോക്കാം. പാണ്ഡു, ധൃതരാഷ്ട്രർ, വിദുരൻ ഇവരും ബ്രാഹ്മണരായിട്ടല്ലയോ ഇരിക്കേണ്ടത്? അപ്രകാരമല്ലാതെ ക്ഷേത്രത്തെ ആശ്രയിച്ചു പാണ്ഡുവും ധൃതരാഷ്ട്രരും ക്ഷത്രിയരായിട്ടും, വിദുരർ മാത്രം ശൂദ്രനായും ഇരിക്കുന്നതിലേയ്ക്ക് കാരണം എന്തെന്നു പറയും? ക്ഷേത്രം (അമ്മ) തന്നെ പ്രധാനമെങ്കിൽ വ്യാസപരാശരാദികളും അബ്രാഹ്മണരായിരിക്കേണ്ടതാണ്. വിവാഹം ചെയ്തുകൊണ്ട പിതാക്കൾക്കു ജനിച്ച വ്യാസപരാശരാദികൾക്കും, സ്വപതിയെ വിട്ട് അന്യനു ജനിച്ച പാണ്ഡുപ്രഭൃതികൾക്കും ഭേദമുണ്ടെന്നു ആരെങ്കിലും പറയുന്ന പക്ഷത്തിൽ മാതാക്കളുടെ വ്യഭിചാരദോഷത്താൽ ബ്രാഹ്മണ്യം വിട്ടുപോയവർ വേദാധ്യയനാധികാരത്തെയും വിട്ടുപോയിരിക്കേണ്ടതല്ലയോ? അപ്രകാരമല്ലാതെ അവർ വേദാധ്യയനം ചെയ്തതായി സ്പഷ്ടമേ പറഞ്ഞിരിക്കുന്നല്ലോ. അല്ലാതെയും ബീജം തന്നെ പ്രധാനം എന്ന പക്ഷത്തിൽ പ്രകൃതത്തിലുള്ള ദാസീപുത്രന്മാർ, ബ്രാഹ്മണബീജത്തിൽ ജനിച്ചവരെല്ലാം, ബ്രാഹ്മണരായി വേദാധ്യയനം ചെയ്യാമെന്നല്ലയോ വരുന്നത്? അപ്പോൾ സംസാരികളുടെ പുത്രന്മാർ വേദാധ്യയനം ചെയ്തുകൂടാ; വ്യഭിചാരിപുത്രന്മാർ അധ്യയനം ചെയ്യാം എന്ന് പറയേണ്ടിയിരിക്കുന്നു. ഇതിരിക്കട്ടെ, വേദാധ്യയനാധ്യാപന വിഷയങ്ങളിൽ അധികാരത്തെ കൊടുക്കുന്ന ബ്രാഹ്മണ്യമാകട്ടെ, കേവലം ജന്മത്താലോ, ജ്ഞാനത്താലോ, കർമ്മത്താലോ, ബ്രഹ്മജ്ഞാനത്താലോ അതോ ഇക്കാരണങ്ങളെല്ലാം ഒന്നായി ചേർന്നിരുന്നാലോ ഉണ്ടാകുന്നത് എന്നു നോക്കാം. ജന്മത്താലാണെങ്കിൽ പിതാവു മാത്രം ബ്രാഹ്മണനായിരുന്നാൽ മതിയോ? മാതാവു മാത്രം ബ്രാഹ്മണസ്ത്രീയായിരുന്നാൽ മതിയോ? രണ്ടുപേരും ബ്രാഹ്മണരായിത്തന്നെ ഇരിക്കേണമോ? ആദ്യപക്ഷമാണെങ്കിൽ കുംഭകോണത്ത് സുബ്രഹ്മണ്യയ്യരുടെ വയ്പ്പാട്ടീപുത്രന് ചൗളോപനയനാദികൾ ചെയ്യിച്ചതിന് ദൂഷണം പറയരുത്. നായർ സ്ത്രീകളിൽ ജനിച്ച ബ്രാ

ഹ്മണപുത്രന്മാർക്കും ചൗളാദി ആകാമെന്ന് പറയേണ്ടിയും വരും. രണ്ടാം പക്ഷ മാണെങ്കിൽ വ്യഭിചാരിപുത്രന്മാരെന്നു ചിലരെ ജാതിയിലും വർഗ്ഗത്തിലും നിന്നു തള്ളുന്നതു തെറ്റാണെന്നു വരും. മൂന്നാമത്തെ പക്ഷമെങ്കിൽ വ്യാസപരാശരാദിക ളും ബ്രാഹ്മണരല്ലെന്നാകും. അല്ലാതെയും ബ്രാഹ്മണപിതൃമാതൃക്കളോടുകൂടിയവൻ പിന്നീട് ഭ്രഷ്ടനായാലും ബ്രാഹ്മണനായിത്തന്നെ ഇരിക്കേണ്ടതാകയാൽ അന്യ മതപ്രവേശനവും മാംസഭോജനവും ചെയ്തുകൊണ്ട് നീചസ്ത്രീകളോട് സംഘടിച്ച്, ശിഖായജ്ഞോപവീതാദികളെ ത്യജിച്ച് വർത്തിക്കുന്നവരും ബ്രാഹ്മണർ തന്നെ യെന്നു സമ്മതിക്കണം. കർമ്മലോപം വന്നു പോയതിനാൽ ബ്രാഹ്മണ്യം പൊ യ്പ്പോകുമെന്നാണെങ്കിൽ അപ്പോൾ ജന്മം കൊണ്ട് ഒന്നുമില്ല. കർമ്മം കൊണ്ടുത ന്നെ ബ്രാഹ്മണ്യം സിദ്ധിക്കുന്നു എന്നാകും. ഇതനുസരിച്ചാണ്,

"ജന്മനാ ജായതേ ശൂദ്രഃ കർമ്മണാ ജായതേ ദ്വിജഃ"

എന്ന് ധർമ്മശാസ്ത്രവചനം പ്രവർത്തിച്ചത്. ഇതിന്റെ അർത്ഥം, ജനനാൽ എല്ലാ വരും ശൂദ്രർ തന്നെ; പിന്നീട് അവരവർ അവലംബിച്ച കർമ്മങ്ങൾക്കു തക്കവണ്ണം ബ്രഹ്മണരും ക്ഷത്രിയരും വൈശ്യരുമാകുന്നു. ബ്രാഹ്മണന്, കർമ്മസ്വരൂപത്തെ വിചാരിപ്പാൻ പുറപ്പെടുമ്പോൾ ജാതകർമ്മനാമകരണാദി സങ്കേതകർമ്മങ്ങളോ സുകൃതദോഷങ്ങളാകുന്ന സാമാന്യധർമ്മങ്ങളോ എന്ന ശങ്ക ജനിക്കുന്നു. സങ്കേ തകർമ്മങ്ങൾ തന്നെയെങ്കിൽ ശൂദ്രരിൽ ഇഷ്ടമുള്ളവരെല്ലാം ശിഖായജ്ഞോപവീ തം ധരിച്ച് ഉപനയനാദികർമ്മങ്ങളെ ചെയ്തുകൊണ്ടാൽ ബ്രാഹ്മണരായിത്തീരേ ണ്ടതാണ്. ഇങ്ങനെയല്ലാതെ സാമാന്യധർമ്മാനുഷ്ഠാനം കൊണ്ടാണെങ്കിൽ ഈ വിധ ധർമ്മാനുഷ്ഠാനങ്ങളില്ലാതെ ബ്രാഹ്മണവേഷം ചമഞ്ഞവരെല്ലാം ബ്രാഹ്മണ രാകില്ലെന്നും വേഷത്തിൽ ശൂദ്രരെന്നു വരികിലും ധർമ്മാനുഷ്ഠാനം മാത്രമിരിക്കു മെങ്കിൽ അവരെല്ലാം ബ്രാഹ്മണർ തന്നെ എന്നും സമ്മതിക്കേണ്ടതാണ്. അസ ത്യം, കൊലപാതകം, അസൂയ, മുതലായ പാപങ്ങളെ ഭയന്ന് സത്യം, ധർമ്മം, ദയ മുതലായ സുകൃതങ്ങളെ നല്ലപോലെ അനുഷ്ഠിക്കുന്നതിൽ പ്രകൃതത്തിലുള്ള ബ്രാ ഹ്മണരുടെ അടുക്കൽ എന്തെങ്കിലും വിശേഷമുള്ളതായാകട്ടെ ശൂദ്രരിൽ എന്തെ ങ്കിലും ന്യൂനതയുള്ളതായിട്ടാകട്ടെ നമ്മുടെ അനുഭവത്തിൽപ്പെടുന്നില്ല. ഇങ്ങനെ യിരിക്കയാൽ, ബ്രാഹ്മണർക്ക് ഒരാധിക്യവും, ശൂദ്രർക്ക് ഒരു ന്യൂനതയും ഉണ്ടാകു ന്നതിന് യാതൊരു കാരണവും കാണുന്നില്ല. കർമ്മ മാത്രമിരുന്നാൽ ഫലമില്ല. അത് ജന്മത്തോടുകൂടിയിരിക്കണം, എന്നാണെങ്കിൽ ജന്മത്താൽ മാത്രം ക്ഷത്രിയ നായ വിശ്വാമിത്രമഹർഷി കേവലം കർമ്മബലത്താലല്ലയോ ബ്രാഹ്മണനായത്? മുമ്പിൽ പറയപ്പെട്ട "കവഷൻ" ജന്മനാ ശൂദ്രനെന്നു വരികിലും അവന്റെ കർമ്മവി ശേഷത്താൽ കേവലം ബ്രാഹ്മണനായെന്നു മാത്രമല്ല, ഋഷിയായിട്ടും ഭവിച്ചതായി പറഞ്ഞിരിക്കുന്നു. ഇതുമല്ലാതെ ഐതരേയബ്രാഹ്മണം ഏഴാമതു പഞ്ചിക, നാ

ലാമതധ്യായത്തിൽ ക്ഷത്രിയൻ തന്റെ ധർമ്മത്തിനടുത്ത ഉപകരണങ്ങളെ ത്യജിച്ച് ബ്രാഹ്മണനടുത്ത ഉപകരണങ്ങളെ വഹിച്ചുകൊള്ളുന്നതിനാൽ ബ്രാഹ്മണനായിപ്പോകാമെന്നും അപ്രകാരം ഒരുത്തൻ ആയിപ്പോയെന്നും പറഞ്ഞിരിക്കുന്നു.
"....തത്ക്ഷത്രം നിധായ സ്വാദ്യായുധാനി ബ്രഹ്മണ ഏവായുധൈർ ബ്രഹ്മണോ രൂപേണ ബ്രാഹ്മണോ ഭൂത്വാ യജ്ഞമുപാവർത്തത. തസ്മാദ്ധാപ്യേതർഹി ക്ഷത്രിയോ യജമാനോ നിധായൈവ സ്വാദ്യായുധാനി ബ്രഹ്മണ ഏവായുധൈർബ്രാഹ്മണോ രൂപേണ ബ്രഹ്മഭൂത്വാ യജ്ഞമുപാവർത്തതേ" (ഐത-7-4-19). അതുകൊണ്ട് ക്ഷത്രിയനായാലും ഇന്നും ആയുധങ്ങളും ധരിച്ച് ബ്രാഹ്മണവേഷവും യജ്ഞായുധങ്ങളും ധരിച്ച് ബ്രാഹ്മണനായി യജ്ഞശാലയിൽ പ്രവേശിക്കുമ്പോൾ യാഗത്തിൽ പങ്കുകൊള്ളുവാനർഹനാകുന്നു.
"സ ഹ ദീക്ഷമാണ് ഏവ ബ്രാഹ്മണതാമഭ്യുപൈതയത് കൃഷ്ണാജിനമധ്യൂഹതി, യദ്ദീക്ഷിതവ്രതം ചരതി യദേനം ബ്രാഹ്മണാ അഭിസംഗച്ഛന്തേ.... ബ്രഹ്മ വാ അയം ഭവതി ബ്രഹ്മ വാ അയമുപാവർത്തതേ ഇതി വദന്തഃ: (ഐത-7-4-23) കൃഷ്ണമൃഗചർമ്മം ധരിക്ക, ദീക്ഷിതവ്രതമ് ചരിക്കുക, ബ്രാഹ്മണരാൽ പരിവാരിതനായിത്തീരുക മുതലായ കാരണങ്ങളാൽ യജ്ഞദീക്ഷ കൈക്കൊണ്ട ക്ഷത്രിയൻ ബ്രാഹ്മണനായി ഭവിക്കുന്നു, ബ്രഹ്മത്വം പ്രാപിക്കുന്നു.
ഇപ്രകാരം പ്രകൃതത്തിൽ ശൂദ്രനും ബ്രാഹ്മണനടുത്ത ഉപകരണങ്ങളെ വഹിച്ചുകൊള്ളുന്നതിനാൽ ബ്രാഹ്മണനാകേണ്ടതാണ്. അപ്രകാരമില്ലെങ്കിൽ ബ്രാഹ്മണ്യം ജന്മത്താലും സാങ്കേതികകർമ്മത്താലും ഉണ്ടാകുന്നില്ല എന്നു നിശ്ചയം. ബ്രഹ്മജ്ഞാനത്താൽ തന്നെ ബ്രാഹ്മണ്യം ഉണ്ടാകുന്നതെങ്കിൽ അതിനെ ആക്ഷേപിക്കുന്നവർ ആരും തന്നെയില്ല. എങ്കിലും ജ്ഞാനം മാത്രം ഇരിക്കയും കർമ്മാനുഷ്ഠാനമില്ലാതെ പോകയും ചെയ്യുന്നെങ്കിൽ ഫലമില്ല.
"അധീത്യ വേദാംശ്ചതുരോ വിദുരോ ജ്ഞാനസമ്പദാ
ദ്വിജോഽപി യഃ കർമ്മഹീനഃ സ വൈ ബ്രാഹ്മണഗർദ്ദഭഃ"
വേദങ്ങളെ പഠിച്ച് സമർത്ഥനായിത്തെളിഞ്ഞവൻ ജ്ഞാനസമ്പത്താൽ ബ്രാഹ്മണനായിരുന്നാലും ധർമ്മാനുഷ്ഠാനം മാത്രം അവനില്ലാതെയിരുന്നാൽ അവൻ തന്നെ ബ്രാഹ്മണക്കഴുത - എന്ന വാക്യം പൂർണ്ണദൃഷ്ടാന്തം ആകും. ബ്രഹ്മജ്ഞാനവും ധർമ്മാനുഷ്ഠാനവും ജന്മത്തൊട് ചേർന്നതല്ലാതെ കേവലം ആർജ്ജനീയമായിരിക്കയാൽ ഇവയെല്ലാവരാലും സാധ്യം തന്നെ. ഇവ പരിപൂർണ്ണമായി സിദ്ധിച്ചിട്ടുള്ള ഇരിപ്പ് മനുഷ്യന്ന് എത്താത്തതെങ്കിലും സാധാരണമായി പ്രകൃതത്തിലുള്ള ബ്രാഹ്മണർക്ക് എത്രത്തോളം സാധ്യമോ അത്രത്തോളം ശൂദ്രാദികൾക്കും സാധ്യം തന്നെ എന്നതിന് സംശയമില്ല. ആകയാൽ ബ്രാഹ്മണർക്ക് സമമായ ശൂദ്രരുമെല്ലാം വേദത്തെ അഭ്യസിക്കാമല്ലോ. ജന്മവും, ബ്രഹ്മജ്ഞാനവും, കർമ്മ

വും ചേർന്നാലല്ലാതെ ബ്രാഹ്മണ്യം സിദ്ധിക്കില്ല എന്നാണെങ്കിൽ ജന്മനാ ന്യൂനതയുള്ള ആഴ്വാർകൾക്കും ബ്രാഹ്മണ്യമില്ല. സങ്കേതകർമ്മങ്ങളെ മുഴുവനും ത്യജിച്ച വൈഷ്ണവർക്കും ബ്രാഹ്മണ്യമില്ല. ബ്രഹ്മജ്ഞാനം കൂടാതെ പ്രകൃതത്തിൽ ബ്രാഹ്മണവേഷം പൂണ്ടിരിക്കുന്നവർക്കും ബ്രാഹ്മണ്യമില്ലെന്നു പറയണം. ഇപ്രകാരം ഒരുത്തർക്കും ബ്രാഹ്മണ്യമില്ലെങ്കിൽ വേദാധ്യയനം ചെയ്യുന്നതിനു യാതൊരുത്തർക്കും അധികാരമില്ലെന്നും ഇങ്ങനെ അധികാരമില്ലാത്തവരിൽ ചിലർ വ്യാജമായി വേഷമിട്ടുകൊണ്ട് അധ്യയനം ചെയ്യുന്നതായാൽ ഭക്തിയെക്കാരണമാക്കിക്കൊണ്ട് മറ്റുള്ളവർ അധ്യയനം ചെയ്യുന്നതിൽ എന്താണാക്ഷേപമുള്ളത്? എന്നാൽ പ്രകൃതത്തിൽ അധ്യയനം ചെയ്യുന്നതിന് എല്ലാവർക്കും അധികാരമുണ്ടെന്നോ ഒരുത്തർക്കും ഇല്ലെന്നോ സിദ്ധാന്തിക്കാമെന്നല്ലാതെ ചിലർക്കുണ്ട്, ചിലർക്കില്ല എന്നുള്ളതു ശരിയില്ല. ഒരുവേള സാങ്കേതികബ്രാഹ്മണ്യത്താൽ അധ്യയനാധികാരം ഉണ്ടാകുന്നു എങ്കിൽ അതിനെ അല്പം പരിശോധിച്ചു നോക്കാം. കലിയുഗത്തിൽ ക്ഷത്രിയരും വൈശ്യരുമില്ല.

"ത്രേതാദൗ വിപ്രവിസൃതാശ്ചതുർദ്ധാവസ്ഥിതാ അപി
വർണ്ണാസ്ത്രിഷ്യേ സമായാതേ വിട്ക്ഷത്രൗ ലുപ്തതാം ഗതൗ"

ത്രേതായുഗാരംഭത്തിൽ വർണ്ണങ്ങൾ നാലായിത്തീർന്നുവെങ്കിലും കലികാലമായപ്പോൾ ക്ഷത്രിയവൈശ്യജാതികൾ ഇല്ലാതെ ആയിരിക്കുന്നു - (ജമദഗ്നി സംഹിത) എന്നു ബ്രാഹ്മണർ സങ്കേതമേർപ്പെടുത്തിയിരിക്കയാലും "കേരളാവകാശക്രമ"മനുസരിച്ചുള്ള 64 ജാതിയിൽ ക്ഷത്രിയരും വൈശ്യരും ഉൾപ്പെടാത്തത് ഇതിനനുഗുണമാകയാലും ശേഷിച്ച ബ്രാഹ്മണരെയും ശൂദ്രരെയും കുറിച്ചു മാത്രം വിചാരിച്ചാൽ മതിയാകും. സാങ്കേതിക ബ്രാഹ്മണനു മന്വാദി ധർമ്മശാസ്ത്രജ്ഞന്മാർ വിധിച്ചിരിക്കുന്ന അനന്തനിത്യനൈമിത്തിക കർമ്മങ്ങളിൽ ഏകദേശമെങ്കിലും ശരിയായി അനുഷ്ഠിക്കുന്നവർ പ്രകൃതത്തിൽ ഒരുത്തരും ഉണ്ടായിരിക്കയില്ല. ആകയാലും, എവിടെയെങ്കിലും ഒരാളിരിപ്പുണ്ടെന്നു വന്നാൽകൂടി ഭൂരിപക്ഷവും അപ്രകാരം അനുഷ്ഠിച്ചവരല്ലായ്കയാലും അവർക്കെല്ലാം അബ്രാഹ്മണ്യം സിദ്ധിച്ചു എന്നാതിൽ സന്ദേഹമില്ല. അബ്രാഹ്മണ്യം കർമ്മഭ്രംശത്താൽ സംഭവിച്ചാലും അനധികാരത്വത്താൽ ഉണ്ടായാലും അവയിൽ താരതമ്യമില്ലല്ലോ. ഇക്കാരണത്താൽ ബ്രാഹ്മണരും ഇക്കാലത്തില്ല എന്നല്ലയോ വരുന്നത്? ഇപ്രകാരമില്ലെന്നു വരികിലും (പേരെന്തെങ്കിലുമാകട്ടെ) കാര്യാംശത്തിൽ ഒരു ജാതിയുള്ളതായി സിദ്ധാന്തിച്ചാൽ അതു വെറുതെ ആകയില്ല. അങ്ങനെയെങ്കിൽ മുൻ പറഞ്ഞവിധം വേദാഭ്യാസത്തിന് എല്ലാവർക്കും അധികാരം ഉണ്ടെന്നോ ഒരുത്തർക്കുമില്ലെന്നോ സിദ്ധാന്തം ഏർപ്പെടുന്നു. അധികാരമില്ലാത്ത ഒരു വകക്കാർ മാത്രം അധ്യയനം ചെയ്യുന്നതു സാധുവാകുമെങ്കിൽ മറ്റുള്ളവർ ചെയ്യുന്നത് എങ്ങനെ ദുഷ്യമാ

കും? ദുരഭിമാനങ്ങളെല്ലാം വിട്ട് വേദാർത്ഥസ്വരൂപവിചാരം ചെയ്യുന്നവർക്ക് ഈ സങ്കേതം കേവലം ഹാസ്യമായതെന്നു തോന്നിപ്പോകും.

കടശിയിൽ ശൂദ്രർ ഉണ്ണാൻ പാടില്ല എന്നു നിഷേധിക്കുമ്പോൾ അതിനെ ആരെങ്കിലും വകവെയ്ക്കുമോ? ഈ ലോകത്തിൽ ജീവിക്കാൻ ഭക്ഷണം ആവശ്യമെങ്കിൽ ഈ ലോകത്തു മാത്രമല്ല, ഏതു ലോകത്തും ജീവിക്കുന്നതിന് ജ്ഞാനമത്യാവശ്യമായിരിക്കയാൽ ആ ജ്ഞാനത്തെ ശൂദ്രൻ പ്രാപിച്ചുകൂടാ എന്നു നിഷേധിക്കുന്നതിനെ മാത്രം ഗൗനിക്കുന്നതിന് ആവശ്യം എന്താണുള്ളത്. തങ്ങളെപ്പോലെ ശൂദ്രരും പഠിച്ചുപോയാൽ തങ്ങൾക്കു മഹിമ കുറഞ്ഞുപോകുമല്ലോ എന്ന അസൂയയാലും, തങ്ങൾ മൂലമായിട്ടേ എല്ലാവരും ജ്ഞാനം സമ്പാദിക്കാവൂ എന്നായാൽ തങ്ങൾക്കു ലാഭപ്രദമായിരിക്കുമെന്ന ദുരാശയാലും തങ്ങൾ വലിക്കുന്ന വഴിക്കെല്ലാം എല്ലാവരും വരണമെന്ന ഉദ്ദേശ്യത്താലും ഇങ്ങനെയുള്ള സങ്കേതത്തെ ആരു തന്നെ ഏതുകാലത്തേർപ്പെടുത്തിയതായാലും അതിനെ ആദരിക്കേണ്ടതില്ല. ക്രിസ്ത്യമഹമ്മദീയാദി സകലരും അവരവരുടെ പ്രമാണങ്ങളെ എല്ലാവർക്കും പഠിക്കാമെന്നു വെച്ചിരിക്കുന്നു. നമ്മുടെ വേദത്തെ മാത്രം ശൂദ്രർ പഠിച്ചാൽ അതിന്റെ മഹിമ കുറഞ്ഞുപോകുമെന്നു എന്തിനായിട്ടു കരുതണം? എല്ലാവരുടെ സ്വഭാവത്തെയും പരിശുദ്ധമാക്കേണ്ടതായ വേദത്തിനു പോലും ശൂദ്രരുടെ അദ്ധ്യയനത്താൽ മഹിമ കുറഞ്ഞുപോകുമെങ്കിൽ ആ മഹിമ എത്രത്തോളം നിലനിൽക്കും? ജനങ്ങളെ എങ്ങനെ പരിശുദ്ധരാക്കും? അഗ്നിയെ പരിശുദ്ധമാക്കത്തക്ക വസ്തു ലോകത്തിലുണ്ടോ? ആകയാൽ ആരഭ്യസിച്ചാലും വേദത്തിന്റെ മഹിമയ്ക്കു യാതൊരു കുറവും ഉണ്ടാകയില്ല. അല്ലാതെയും, ശൂദ്രാദികളുടെ സ്ഥിതി ഒരു കാലത്തു താഴ്ന്ന നിലയിലിരുന്നാലും മറ്റൊരു കാലത്തു നന്നായിവന്നുകൂടെന്നില്ല. ആകയാൽ ഇഷ്ടവും സദാചാരവും ഉള്ളവരെല്ലാം ജ്ഞാനസമ്പാദനത്തിന് പാത്രങ്ങൾ തന്നെ. വിശക്കുന്നവന് അന്നം കൊടുക്കാത്തവനെ ദയയില്ലാത്തവനെന്നു നിന്ദിക്കുമെങ്കിൽ അന്നത്തെക്കാളും ആവശ്യമായ ജ്ഞാനം ആഗ്രഹിക്കുന്നവരിൽ "മനസ്സിരങ്ങായ്ക" എന്തെന്നു പറയാം? അഭ്യാസത്താൽ കഠോരകൃത്യങ്ങളും സാത്മ്യമായി വരും എന്നതിനു കശാപ്പുകാരന്റെ ഹൃദയവും നയവും ദൃഷ്ടാന്തമല്ലയോ? മർക്കടമുഷ്ടി പിടിക്കാതെ ഇച്ഛിക്കുന്ന എല്ലാവർക്കും ജ്ഞാനത്തെ പ്രദാനം ചെയ്യുന്നതുതന്നെ പരമധർമ്മമെന്നും പരമകരുണയെന്നും ഉറച്ച് അപ്രകാരം അനുഷ്ഠിക്കേണ്ടതാണ്.

ശുഭമസ്തു

പ്രസാധകർ

താളിളക്കം